2019 നവംബർ, ഡിസംബർ 2020 ജനുവരി ത്രൈമാസിക ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, District, Village star news Kerala & India

CINEMA SPORTS ARTS & LITERATURE

2020

പുതുവത്സരാശംസകൾ...

ലോകഫുട്ബോൾ രാജാവ് പെലെക്ക് 79-ാം ജന്മദിനാശംസകൾ






ശ്രീധരനുണ്ണി (കവിത)
കെ.പി. സുധീര (കഥ)
പി. ആർ.നാഥൻ (ലോകവിചാരം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
സുകുമാർ കൂർക്കഞ്ചേരി (ലേഖനം)
പ്രഭാകരൻ നറുകര (കവിത)
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
ചിത്രാപ്പാട്ട് നീലകണ്ഠൻ (ലേഖനം)
ജനാർദ്ദനൻ കടുങ്ങപുരം (കവിത)
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (നോവലറ്റ്)
വിനോദ്കുമാർ ദാമോദർ (ലേഖനം)
ടി. പി. ശിവദാസൻ നെന്മാറ (കഥ)
വിജയൻ ചെറുവറ്റ (കഥ)
ശോഭ മക്കട (കവിത)

ELECTRICALS

# PEE KAY ELECTRICALS

## WHOLESALE & RETAIL

City Tower, Mavoor Road, Calicut
Ph: 0495 2720330 / 4060090 Mob: 9447393749
E-mail: pkelectricals.clt@gmail.com | www.peekayelectricals.in

Finolex · HAVELLS · ANCHOR · WIPRO · PHILIPS · legrand · KEI · V-GUARD · BONTON CABLES
Crabtree · Vinay · RR KABEL · L&T SWITCHGEAR · USHA · Goldmedal · Crompton



# T. K. CAR WASH

Olavanna Jn., Kunnathupalam, Kozhikode
Contact : 9846 74 47 00, 9061 74 47 01

Foam Wash ▪ Interior Cleaning ▪ Polish, Touching ▪ A/C Works
Electrical Works ▪ Sticker Works ▪ Accessories ▪ Car Seat covers
Sun Control Film ▪ Matt Cutting ▪ Speakers & Subwoofers
Amplifier ▪ Horn ▪ Center Lock & Power Window
All curtain Works & Sofa Repairing

WASH : CAR, BIKE, TRAVELER, ACE, AUTO, DOSTH ETC..

# T.K. TYRES

റീസോളിങ്ങ് & പഞ്ചർ വർക്സ്

MRF, CEAT, TVS, APPOLO, JK
എന്നീ കമ്പനികളുടെ
പുതിയ ടയറുകളും ലഭ്യമാണ്

Olavanna Jn, Kunnathupalam, Kozhikode




മുഖചിത്രം
സ്നേഹ
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 November, December, 2020 January
RNI Title Code: KERMAL 16195 Dt: 22-06-2018
issue 6 - volume 3
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala

Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in

**LAYOUT**
Nakshthrarajyam E. Radhakrishnan

**Cover**
**Ideal Graphics - Calicut**
**Price 10.00**

## എഡിറ്റോറിയൽ




**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

## പ്രളയാനന്തര കേരളം

കേരളത്തിൽ വർഷത്തിൽ ഒന്നിൽ കൂടുതലും അത് മൂന്നു തവണയും, നാല് തവണയും, ചിലപ്പോൾ അതിൽ കൂടുതൽ തവണയും വെള്ളപ്പൊക്ക ദുരിതം ജനങ്ങൾ അനുഭവിക്കുകയാണ്. വീടും, വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട് കയറിക്കിടക്കാൻ വീടുപോലും ഇല്ലാത്ത സാധാരണ ജനങ്ങൾ ഇന്നും കഷ്ടതയും ദൈന്യജീവിതവും നയിക്കുന്ന കാഴ്ചകളാണ് സംസ്ഥാനത്ത് ഇന്നും നിലനിൽക്കുന്നത്. ഉടുതുണിക്ക് മറുതുണിയില്ലാതെ കൈയ്യിൽ കിട്ടിയതെല്ലാം വീട്ടിൽ നിന്ന് എടുത്ത് പാലായനം ചെയ്തും ജോലിയും കൂലിയുമില്ലാതെയും ജനങ്ങൾ കേരളത്തിൽ കഷ്ടപ്പെടുന്നുണ്ടെന്നതായുള്ള യാഥാർത്ഥ്യം അധികൃതർ ദയയോടെ കാണേണ്ടതായുണ്ട്. സർക്കാർ അധികൃതരുടേയും അതിനു മേൽനോട്ടം വഹിക്കുന്നവരുടേയും പ്രവർത്തനം സുതാര്യമായില്ലെങ്കിൽ വെള്ളപ്പൊക്ക കെടുതി അനുഭവിക്കുന്നവർ കോരന് കുമ്പിളിൽതന്നെ എന്ന അവസ്ഥയിലാകും. കേരളം ഗൾഫാണെന്നും അതുകൊണ്ടാണ് ഹിന്ദി സംസാരിക്കുന്ന സംസ്ഥാനക്കാരും ബംഗാളികളും തമിഴ് ജനതയും കേരളത്തിൽ ചേക്കേറുന്നതെന്നും പറയാൻ കൊള്ളാവുന്ന ഭാഷ്യമാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർക്ക് ജോലി വളരെയധികം കുറഞ്ഞിട്ട് മാസങ്ങൾ കൂടുതലായി. ഹിന്ദി സംസാരിക്കുന്നവരും, ബംഗാളികളും മറ്റും കേരളത്തിൽ നിന്നു തിരിച്ചുപോയിക്കൊണ്ടിരിക്കുന്നുണ്ടെന്നാണ് നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവരിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നവകേരളനിർമ്മിതിയോടൊപ്പം പഴയമനുഷ്യരെക്കൂടി അധികൃതർ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ന്യൂജനറേഷൻ എന്ന് ഉറക്കത്തിലും ഉണ്ണുമ്പോഴും പറഞ്ഞതുകൊണ്ട് ന്യൂജനറേഷന് രക്ഷപ്പെടാനാവില്ല എന്നുമാത്രമല്ല പഴയകാലങ്ങളിൽ ഉണ്ടായിരുന്ന അക്കാലങ്ങളിലെ ന്യൂജനറേഷന് വീട്ടിൽ റേഷനരികൊണ്ടു തന്നെ ചോറ് വെച്ച് തിന്നുകൊണ്ടിരിക്കേണ്ടതായിവരുകയും ചെയ്യും. ന്യൂജനറേഷനെ തൊഴിലിന്റെ മഹത്വം ബോധവൽക്കരിക്കുന്നതിനുപകരം അമേരിക്കൻ എം ബി എയിലേക്കും മറ്റു പ്രൊഫഷണൽ കോഴ്സുകളിലേക്കും ആകർഷിക്കുന്ന വിദ്യാഭ്യാസക്കച്ചവട സ്ഥാപനങ്ങളേയും ഉടമകളേയും പ്രോത്സാഹിപ്പിക്കുന്ന നടപടികൾ തുടർന്നു കൊണ്ടിരുന്നാൽ കേരളത്തിൽ ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിനു അന്യസംസ്ഥാനക്കാർ

**(എഡിറ്റോറിയൽ ശേഷം പേജ് 24 ൽ)**

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# പെലെയ്ക്ക് ജന്മദിനാശംസകൾ



**ചിത്രത്തിൽ ലേഖകൻ ഭാസിമലാപ്പറമ്പ് കൂടെ ഒരുമിച്ചു നിൽക്കുന്നത് ഫുട്ബോൾ രാജാവ് "കറുത്തമുത്ത് " പെലെ**

ഒക്ടോബർ 23 ന്റെ അച്ചടി മാധ്യമങ്ങളിലും വാർത്താപ്രസാരണങ്ങളിലും"ലോകഫുട്ബോൾരാജാവ് " ബ്രസീൽതാരം പെലെയുടെ ഫോട്ടോ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രധാനവാർത്ത:

"ഫുട്ബോൾ രാജാവിന്റെ എഴുപത്തി ഒമ്പതാം പിറന്നാൾ "

കായിക പേജുകളിലേയ്ക്ക് മാറ്റാതെ, പൊതു വാർത്താ പേജുകളിൽ തന്നെ "പെലെയുടെ പിറന്നാൾ ദിനം" ലോകമീഡിയകൾ പ്രസിദ്ധികരിച്ചത് ലോകഫുട്ബോളറായിരുന്ന പെലെയുടെ വാർത്താ മൂല്യം വളരെ ഉന്നതിയിലാണെന്ന് തെളിയിക്കുന്നതായി. അതിരാവിലെ പതിവുള്ള ദിനപത്ര വായനയിൽ ഈ വാർത്തയും പെലെയുടെ ഫോട്ടോയും ദൃഷ്ടിയിൽപ്പെട്ട ഉടനെ എന്റെ ഹൃദയം വളരെ വികാരാധീനമായി.

"ഫുട്ബോൾരാജാവി"നെ നേരിൽ ദർശിച്ച സന്ദർഭങ്ങൾ, ഇന്ത്യയിൽ ടെലിവിഷൻ പ്രസരണം ആരംഭിക്കുന്നതിനു മുമ്പുള്ള കാലത്ത്, 1977 ൽ, പെലെയുടെ കളി ഇന്ത്യൻ മണ്ണിൽ വെച്ചുതന്നെ നേരിട്ടു കാണുവാൻ കഴിഞ്ഞ ഭാഗ്യദിനം, 1982ൽ ആരംഭിച്ച എന്റെ ഫിഫാ ലോകകപ്പ് റിപ്പോർട്ടിങ്ങുകൾക്കിടയിൽ "ഫുട്ബോൾരാജാവിനെ "നേരിട്ടുകാണുവാൻ ഭാഗ്യമുണ്ടായ സന്ദർഭങ്ങൾ എല്ലാം ഹൃദയത്തിൽ വികാരനിരകളായി ഉയർന്നു വന്നു.

**ലോകഫുട്ബോൾ ഇതിഹാസം എന്ന അപൂർവ്വ സിംഹാസനത്തിൽ ആരൂഢനാക്കപ്പെട്ട പെലെയുടെ നേട്ടങ്ങളുടെ ചുരുക്കപ്പട്ടിക മാത്രം ഇങ്ങിനെ:**

**1 - ബ്രസീൽ ദേശീയ ടീമിന്നുവേണ്ടി ജർസിയണിഞ്ഞ ഫിഫാലോകകപ്പു ചാമ്പ്യൻഷിപ്പുകൾ :**

**<> നാല് (1958, 1962, 1970).**


**2- ഫിഫാ ലോകകപ്പ് വിജയം :**

**<> മൂന്ന് (1958, 1962, 1970).**

**3 - ബ്രസീൽ ദേശീയടീമിന്നുവേണ്ടി ഏറ്റവും അധികം ഗോൾ :**

**<> 92 രാജ്യാന്തര മത്സരങ്ങളിൽ 77 ഗോൾ.**

**4- ഇന്റർക്ലബ്ബ് മത്സരങ്ങളിൽ സ്വന്തം സാന്റോസ് ക്ലബ്ബിനു വേണ്ടി നേടിയ ഗോളുകൾ :**




**സ്പെയിനിലെ സാന്റിയാഗോ ബർണാബോ സ്റ്റേഡിയത്തിൽ വെച്ച് ലേഖകനു പെലെയെ നേരിൽ കാണുവാൻ ഭാഗ്യമുണ്ടായപ്പോൾ പെലെയിൽ നിന്നും ലഭിച്ച ഓട്ടോഗ്രാഫ്**

**<> 638 മത്സരങ്ങളിൽ 619 ഗോൾ.**

**5- ഫുട്ബോൾ ജീവിതത്തിലെ ആകെ ഔദ്യോഗിക മത്സരങ്ങൾ, ഗോളുകൾ (വിടവാങ്ങൽ മത്സരം ഉൾപ്പെടെ) :**

**<> 1282 ഗോൾ**

**6 – ബ്രസീൽ ദേശീയ ടീം ജർസി, ഗോൾ :**

**<> 113 മത്സരങ്ങൾ, 95 ഗോൾ.**

**7 – സ്കോർ ചെയ്ത ഹാറ്റ്ട്രിക് :**

**<> 92 ഹാറ്റ്ട്രിക് (ലോകറിക്കാഡ്)**

**കുറിപ്പ് : പെലെ കളിജീവിതത്തിൽ നേടിയ പുരസ്ക്കാരങ്ങളും പ്രതിഫലങ്ങളും പട്ടികയിൽ പ്രദർശിപ്പിക്കുകയാണെങ്കിൽ എല്ലാ വിഭാഗങ്ങളും ഇപ്പോഴും ലോകറിക്കാർഡായി തന്നെ നിലകൊള്ളുന്നു എന്നത് കറുത്തമുത്തിന്റെ കളിജീവിതത്തിന്റെ സർവ്വകാല റിക്കാർഡ് എന്ന നിലയിൽ നൂറ്റാണ്ടുകൾ ശോഭിക്കുമെന്ന് ഉറപ്പാണ്.**

ഫുട്ബോൾ കളിജീവിതത്തിന്റെ അവസാന ഘട്ടത്തിൽ ജന്മനാടായ ബ്രസീലിൽനിന്ന് അമേരിക്കയിലെ ഫുട്ബോൾ പ്രചരണത്തിനു വേണ്ടി ന്യൂയോർക്കിലെ കോസ്മോസ് ക്ലബ്ബിന്റെ ജർസിയണിഞ്ഞ പെലെ 1977ൽ കൊൽക്കത്തയിൽ ഈഡൻ ഗാർഡൻസിലെ രജ്ജിത് സ്റ്റേഡിയത്തിൽ മോഹൻബഗാൻ ക്ലബ്ബിനെതിരെ ബൂട്ടണിഞ്ഞപ്പോൾ ആ മത്സരം നേരിൽ കാണുവാനും റിപ്പോർട്ടു ചെയ്യുവാനും ഭാഗ്യമുണ്ടായതും എന്റെ ഓർമ്മയിലെത്തി. 1977 സപ്തംബർ 22,23,24 തിയ്യതികളിലെ മലയാളമനോരമ ദിനപത്രത്തിൽ ന്യൂയോർക്ക് കോസ്മോസ് ക്ലബ്ബിന്നും "ഫുട്ബോൾരാജാവ് ", "കറുത്തമുത്ത് "എന്നി വിശേഷണങ്ങളിൽ ലോകപ്രശസ്തനായ പെലെയ്ക്കും കൊൽക്കത്ത നഗരത്തിൽ ലഭിച്ച സ്വീകരണത്തെപ്പറ്റിയും സപ്തംബർ 25 ന്റെ പത്രത്തിൽ "കോസ്മോസ് ഡ്രോയിൽ രക്ഷപ്പെട്ടു "എന്ന തലക്കെട്ടിൽ മോഹൻബഗാൻ – ന്യൂയോർക്ക് കോസ്മോസ് മത്സരത്തെപ്പറ്റിയും റിപ്പോർട്ടുകൾ പ്രസിദ്ധികരിച്ചതും ഓർമ്മയിലേക്ക് തള്ളിക്കയറി വന്നു. രജ്ജിത് സ്റ്റേഡിയത്തിലെ മീഡിയാസ്റ്റാന്റിലിരുന്നുകൊണ്ട് മോഹൻബഗാൻ – കോസ്മോസ് മത്സരം റിപ്പോർട്ടു ചെയ്യുവാൻ ഭാഗ്യമുണ്ടായ ഏക മലയാളിയായി "ഉയരു"വാൻ ലഭിച്ച സന്ദർഭങ്ങളും ഓർമ്മയിലെത്തി: അതെ, കൽക്കത്തയിൽനിന്ന് പെലെയുടെ മത്സരം മലയാളപത്രത്തിനു വേണ്ടി റിപ്പോർട്ടു ചെയ്ത ഏകമലയാളഭാഷാ ഫുട്ബോൾ എഴുത്തുകാരൻ!

1982 ൽ എന്റെ പ്രഥമ ഫുട്ബോൾ ലോകകപ്പ് റിപ്പോർട്ടിങ്ങിന്നിടെ സ്പെയിനിലെ സാന്റിയാഗോ ബർണാബോ സ്റ്റേഡിയത്തിൽ വെച്ച് പെലെയെ നേരിൽ കാണുവാൻ ഭാഗ്യമുണ്ടായപ്പോൾ അദ്ദേഹത്തിന്റെ ഓട്ടോഗ്രാഫ് നേടിയതും ഓർമ്മയിൽ വന്നു.1990 ൽ ഇറ്റലി ആതിഥേയത്വം വഹിച്ച ഫുട്ബോൾ ലോകകപ്പ് മത്സരങ്ങൾക്കിടയിൽ റോമിലെ ഒളിംബിക്ക് സ്റ്റേഡിയത്തിൽ വെച്ച് പെലെയുമായി അഭിമുഖം നടത്തിയതും പെലെയോടൊപ്പം നിന്നുകൊണ്ട് രണ്ടുപേരും ഒരുമിച്ചുള്ള ഫോട്ടോ ക്യാമറയിലാക്കിയതും ഹൃദയത്തിലേക്ക് ഓടിയെത്തി.

പെലെയുടെ ഫുട്ബോൾ കളി ജീവിതത്തിന്റെ കൊച്ചു പതിപ്പ് താഴെ:

1. **പൂർണ്ണനാമം** :

<> എഡ്സൺ അറാന്റസ് ഡി നാസിമെന്റോ.

2. **ജന്മദിനം** :

<> 1940 ഒക്ടോബർ 23

3. **യൂത്ത് ഫുട്ബോൾ** :

<> 1953 – 1956

4. **ക്ലബ്ബ് ഫുട്ബോൾ**

<> 1956 – 1974 : സാന്റോസ് ക്ലബ്ബ്, (ബ്രസീൽ) മത്സരം 638, ഗോൾ 619

<> 1975 – 1977 : ന്യൂയോർക്ക് കോസ്മോസ്, (അമേരിക്ക) മത്സരം 56 ഗോൾ 31

**ആകെ 694 മത്സരങ്ങൾ 650 ഗോൾ**

**ബ്രസീൽ ദേശീയ ടീമിന്നു വേണ്ടി :**

**<> 1957 – 1971 മത്സരം 92 ഗോൾ 77**

ഫുട്ബോളർ എന്ന നിലയിൽ ബ്രസീലിലെ സാന്റോസ് ക്ലബ്ബിന്നുവേണ്ടിയും അമേരിക്കയിൽ ഫുട്ബോൾ പ്രചാരണത്തിന്റെ ദൌത്യം ഏറ്റെടുത്ത് ന്യൂയോർക്ക് കോസ്മോസ് ക്ലബ്ബിന്നു വേണ്ടിയും പെലെയുടെ പ്രകടനങ്ങൾ ലോകഫുട്ബോൾ ചരിത്രത്തിൽ തങ്കലിപികളിൽ കുറിക്കപ്പെട്ടതാണ്. ദേശീയടീമിന്നു വേണ്ടിയും താൻ ജർസിയണിയുന്ന ക്ലബ്ബുകൾക്കു വേണ്ടിയും പെലെയെന്ന "കറുത്ത മുത്തി "ന്റെ പ്രകടനങ്ങൾ ലോകഫുട്ബോളിൽ മറ്റൊരു കളിക്കാരനന്നും ആവർത്തിക്കുവാൻ സാധിച്ചിട്ടില്ല – മാതൃകപാതയാക്കുവാൻ മാത്രമേ കഴിഞ്ഞിട്ടുള്ളു എന്നതാണ് ലോക കായിക മേഖലയുടേയും ഫുട്ബോൾ മീഡിയാ വേൾഡിന്റേയും കണ്ടെത്തൽ.

പെലെയുടെ കളി നേരിൽ കാണുവാനും പെലെയുമായി നേരിട്ട് അഭിമുഖം നടത്തി ഒന്നിച്ചുള്ള ഫോട്ടോ ക്യാമറയിൽ പകർത്തുവാനും സാധിച്ചത് ജീവിതത്തിലെ ഏറ്റവും മഹത്തായ നേട്ടമായി ചിന്തിക്കുവാൻ ഒരു മുൻ ഫുട്ബോളറുടെ വികാരങ്ങളും ഫുട്ബോളിനോടുള്ള ആരാധനയും ഹൃദയത്തിൽ ഉദ്ബോധനം നടത്തി എന്നത് സത്യം.

ഇന്ത്യയിൽ നിന്ന് ഏറ്റവും അധികം (എട്ട്) ഫിഫ ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് മീഡിയാസ്റ്റാന്റിലിരുന്നു കൊണ്ട് റിപ്പോർട്ടു ചെയ്യുവാൻ ഭാഗ്യമുണ്ടായ "ഫ്രീലാൻസർ റിപ്പോർട്ടർ പദവി " സ്വന്തമാക്കിയപ്പോൾ അതിനെല്ലാമുപരിയായി പെലെയുടെ കളി നേരിൽ കാണുവാനും പെലെയോടൊപ്പമുള്ള ഫോട്ടോ ക്യാമറയിലാക്കുവാനും സാധിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ ഹൃദയത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു! ധാരാളം ലോക ഫുട്ബോളർമാർക്കൊപ്പമുള്ള ഫോട്ടോ സമുച്ചയത്തിൽ കറുത്ത മുത്തിനൊപ്പമുള്ള ഫോട്ടോ തങ്കഫോട്ടോയായി ഫോട്ടോ ഷെൽഫിൽ സ്ഥാപിക്കപ്പെട്ടതോടൊപ്പം ഹൃദയത്തിലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു! ■

കഥ



കെ.പി. സുധീര

# ബൈപോളാർ



**ബാ**ങ്കിലെ തിരക്കുകളൊതുക്കി ഞാൻ ഒരുവിധം പുറത്തിറങ്ങി. ബൈക്ക് ഷെഡിൽ ഇട്ട് ലിഫ്റ്റിന്റെ വാതിൽക്കൽ ചെന്ന് നിന്നപ്പോഴേക്കും കറണ്ട് പോയി. അഞ്ചാം നിലയിലേക്കുള്ള പടവുകൾ ഒരുവിധം കയറി ഒപ്പിച്ചു കിതപ്പൊതുങ്ങാതെ ഞാൻ ബെല്ലടിച്ചു. ഇല്ല. -ജാഗ്രതി എത്തിയിട്ടില്ല!

കാലുറയുടെ രണ്ടു കീശയിലും തപ്പി. താക്കോൽ എന്നാൽ കിട്ടിയത് ഷർട്ടിന്റെ പോക്കറ്റിൽ നിന്നാണ്. ഷൂസഴിച്ചു മാറ്റി സോഫയിൽ നിണ്ടുനിവർന്ന് കിടന്നപ്പോൾ എന്തെന്നില്ലാത്ത ആശ്വാസം! കെട്ടുകളെല്ലാം അഴിഞ്ഞു പോകും പോലെ! മാനേജേഴ്സ് മീറ്റിംഗിന്റെ ഘോര നിമിഷങ്ങളുടെ ഓർമ്മകളെ അതിജയിക്കാൻ പാടു പെട്ടു കൊണ്ട് ഞാൻ കണ്ണുകളടച്ചു.

ഇങ്ങനെ കിടന്നാൽ പറ്റില്ല. നേരം എട്ടു കഴിഞ്ഞു. കുപ്പായം അഴിച്ച് മാറ്റി ഷവറിനു കീഴെ നിൽക്കുമ്പോൾ അകം കുളിരും പോലെ! ഒരു മുഴുവൻ ദിവസത്തിന്റെയും മാലിന്യങ്ങൾ കഴുകി കളയുന്ന ഈ കുളിയേക്കാൾ മനോഹരമായി ജീവിതത്തിൽ യാതൊന്നുമില്ല. കുളിച്ചു മതി വന്നില്ല, അപ്പോഴേക്കും കാളിംഗ് ബെൽ മുഴങ്ങി. ജാഗ്രതി എത്തിയിരിക്കുന്നു. കഴിക്കാൻ എന്തുണ്ടാക്കി വിശപ്പു മാറ്റും എന്നോർത്ത് ഖേദിച്ചു നിന്ന എനിക്ക് നേരെ ജാഗ്രതി രണ്ട് കവറുകൾ വെച്ചു നീട്ടി.

"ഇതാ ജഗദീഷ് നിനക്ക് ബിരിയാണി വാങ്ങിച്ചു. മറ്റേത് എനിയ്ക്കുള്ളതാണ്. നാനും ബട്ടർ ചിക്കനും."

ഞാൻ വിസ്മയത്തോടെ ജാഗ്രതിയെ നോക്കി. നീണ്ട പത്ത് മണിക്കൂർ ജോലി. ഡ്രൈവ്- ഇതിന് ശേഷവും അവൾക്ക് യാതൊരു ക്ഷീണവും ഇല്ല. കടും നീല നിറത്തിൽ ഉള്ള സിൽക്ക് സാരി അല്പംപോലും ഉലഞ്ഞിട്ടില്ല. മുഖത്തിട്ട ഫൗണ്ടേഷൻ മാഞ്ഞുപോയിരിക്കുന്നു. കീഴ്ച്ചുണ്ടിന് മുകളിൽവിയർപ്പ് പൊടിഞ്ഞു പൊടിഞ്ഞു നിൽക്കുന്നു.

ശ്വേത സുഭഗമായ ആ മുഖത്തേക്ക് ആദ്യമായി കാണും പോലെ ഞാൻ അന്തിച്ചു നോക്കി.

"ജഗദീഷിന്റെ കുളികഴിഞ്ഞു, ല്ലേ? നല്ല വിശപ്പുണ്ടാകും. ജഗദീഷ് തുടങ്ങിക്കോളൂ. എനിക്ക് കുളികഴിഞ്ഞ് പതുക്കെ മതി. ഇന്ന് വൈകിട്ടത്തെ കസ്റ്റമർ ട്രീറ്റിൽ, സമോസ, കട്ലറ്റ്, കേക്ക്, നട്ട്സ് എല്ലാം കഴിച്ചതാണ്." അവൾ അകത്തേക്ക് കയറിപ്പോയി. അവൾ ഉപയോഗിക്കുന്ന ജോർജിയോ അർമാനി എന്ന പെർഫ്യൂമിന്റെ സുഗന്ധം മുറിയിൽ അങ്ങുമിങ്ങും ഉലാത്തുകയാണ്.

ഭോഗാസക്തൻ ഇണയുടെ മീതെ എന്ന വിധം ഞാൻ ചൂടുള്ള ബിരിയാണിയുടെ മുകളിൽ കൈവച്ചു ഒരു ദാക്ഷിണ്യവും കൂടാതെ അതിനെ അക്രമിച്ചു കീഴടക്കി. പാത്രങ്ങൾ കഴുകി വെച്ച ശേഷം രണ്ട് കോഫി ഉണ്ടാക്കി സ്വീകരണമുറിയിൽ എത്തി. കയ്യില്ലാത്ത ഒരു നിശാ വസ്ത്രത്തിൽ ജാഗ്രതി സോഫയിലേക്ക് അമർന്നു. അവളിപ്പോൾ ടിവി കാണുകയാണ്.

അവളുടെ നഗ്നമായ ചുമലുകളിലേക്കും വെളുവെളെ തിളങ്ങുന്ന കണം കാലിലേക്കും നോക്കിയപ്പോൾ ഉള്ളിലെ സിംഹം ഒന്നമറി. അവൾ എന്റെ നോട്ടം കണ്ട് ദാഹി

ക്കുന്ന കണ്ണുകളോടെ പുഞ്ചിരിച്ചു. അരികിൽ വന്നിരുന്ന് നെഞ്ചിൽ അമർന്നു.

"ഇന്ന് ഞാൻ വളരെ ഹാപ്പിയാണ് ജഗദീഷ്. നീ ഇന്നത്തെ ബാങ്ക് അനുഭവങ്ങൾ പറയൂ അതിനുശേഷം ഞാൻ എന്റെ എക്സ്പീരിയൻസ് പറയാം." അവധിയില്ലാത്ത ഏരിയാ മാനേജറുടെ കോപത്തെ കുറിച്ച് ദുഷിച്ചും ചെയർമാന്റെ സൗമ്യ മധുരമായ പെരുമാറ്റത്തെക്കുറിച്ച് പുകഴ്ത്തിയും ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. ബിഎംഡബ്ലിയൂ എന്ന കാറിന്റെ ഷോറൂം മാനേജരായ ജാഗ്രതി ഇപ്പോൾ വാചാലയായി.

"അതേ ജഗദീഷ് കേൾക്കണോ രസം? ഇന്ന് നേരത്തെ ബുക്ക് ചെയ്ത കാറിന്റെ ഡെലിവറി എടുക്കാൻ വന്ന ഒരു കസ്റ്റമർ, ഒരു വലിയ പണച്ചാക്കിന്റെ മകൻ. മുകുൾ പ്രേം എന്നാണ് പേര്."

പിന്നീടവൾ പറഞ്ഞു തുടങ്ങി മുകുളിന്റെ ശബ്ദ ഗരിമ, അവന്റെ തല ചെരിച്ചുള്ള നോട്ടം, സൗമ്യ മധുരമായ സംഭാഷണം, ഗാംഭീര്യം നിറഞ്ഞ നടത്തം എല്ലാം എല്ലാം അവൾ വർണിച്ചു കൊണ്ടിരുന്നു.

"എന്നാലും നിന്റെ ജഗദീഷിന്റെ അത്ര വരില്ല, ഉവ്വോ?"

അവൾ ഒരു നിമിഷം ശങ്കിച്ചു മുഖത്തേക്ക് നോക്കി.

"ഞാൻ ഈ ഭൂമിയിൽ കണ്ടിട്ടുള്ള ഏറ്റവും സുന്ദരനായ പുരുഷനാണ് നീ."

അവൾ ആവർത്തിച്ചു. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി എത്രയോ തവണ അവൾ പറഞ്ഞു കഴിഞ്ഞ വാക്കുകൾ. വാസ്തവം! ഞാനായിരുന്നു അവളുടെ ഒരേയൊരു ശരിയായ പ്രണയിതാവ്. അവൾക്കു മുൻപിൽ ഞാൻ എല്ലാം തികഞ്ഞവനാണ്. കാരിരുമ്പിനെ കാഞ്ചനമാക്കുന്ന പ്രണയം. കുപ്പിച്ചില്ലിനെ മാണിക്യമാക്കുന്ന പ്രണയം. ആ ചെറുപ്പക്കാരനെപ്പറ്റി എത്ര പറഞ്ഞിട്ടും അവൾക്ക് മതി വന്നില്ല. ഞാൻ ക്ഷമയോടെ കേട്ടിരുന്നു. കാരണം ഒന്നര പതിറ്റാണ്ട് മുൻപുള്ള സംശയാലുവും അസൂയാലുവുമായ ആ പഴയ പുരുഷനല്ലല്ലോ ഞാനിപ്പോൾ.

"അവന്റെ ആദ്യത്തെ റൈഡിൽ ഞാൻ കൂടെ ഉണ്ടാവണമെന്ന്! BMW വിനെ കുറിച്ച് എനിക്കല്ലാതെ മറ്റാർക്കാണ് കൂടുതൽ പറഞ്ഞു കൊടുക്കാൻ ആവുക!"

"എന്നിട്ട് ജാഗ്രതി നീ പോകുന്നുണ്ടോ?"

"ഉവ്വല്ലോ ജഗദീഷ്. "

"സിറ്റി ഡ്രൈവാണോ അതോ?"

"അറിയില്ല ജഗദീഷ്- കസ്റ്റമർ തീരുമാനിക്കും."

"നാളെ നീ എന്റെ കാറെടുത്തോ-"

ഞാനവളുടെ പട്ട് തലമുടിയിൽ പതുക്കെ തലോടിക്കൊണ്ട് പറഞ്ഞു.

"സൗജന്യം വേണ്ടടോ, നമുക്ക് നമ്മുടെ പഴയ ബുള്ളറ്റ് തന്നെ മതിയേ"

ഉത്തരം പറയുന്നതിനു പകരം അവൾ എന്റെ ചുണ്ടിൽ ആഴത്തിൽ ചുംബിച്ചു. കളിയായി ചെവിയിൽ കടിച്ചു. പിന്നീട് സൗന്ദര്യാനുഭൂതിയും സഹാനഭൂതിയും ഒന്നിച്ച് രമിക്കുന്ന കടൽപോലെ അവൾ എന്നിൽ ഇളകിമറിഞ്ഞു. "ശരീരത്തിന്റെ കാര്യത്തിൽ നിനക്ക് യാതൊരു ദാക്ഷിണ്യവും ഇല്ല. ഞാൻ എത്ര ടയേർഡ് ആണെന്ന്-"

എന്റെ വികാരങ്ങളെ കാരുണ്യം എന്തെന്നറിയാത്ത അവൾ മുറിപ്പെടുത്തുകയാണ്. ഇങ്ങനെയാവുമോ,പ്രേമം തോന്നുന്ന പുരുഷന്മാരോട് അവൾ ഇടപെടുക! ലജ്ജാലേശം ഇല്ലാതെ- ഛെ! അതെ. അവൾ ഒരു കടലാണ്. എന്നാൽ അതിലെ തിരയും നുരയും മാത്രം നിങ്ങൾ കണ്ടാൽ പോരാ ആഴവും പരപ്പും അറിഞ്ഞിരിക്കണം. ഞാനേ അത് അറിഞ്ഞിട്ടുള്ളൂ. നിങ്ങൾക്കറിയില്ല, ചിലപ്പോളവൾ മീനമാസത്തിലെ ഉച്ചക്കൊടും വെയിൽ പോലെ. ചിലപ്പോൾ മധുര ശീതളമാർന്ന പൂനിലാവ് പോലെ. മറ്റു ചിലപ്പോൾ ജ്വലിക്കുന്ന അഗ്നിശൈലം പോലെ.

അവൾ എപ്പോൾ, എങ്ങനെ പെരുമാറും എന്ന് അറിയില്ല. അവളുടെ ആത്മാവിൽ ഞാൻ ദത്തശ്രദ്ധനാണ്. തോന്നിയതെല്ലാം ചെയ്യുന്നതിലാണ് അവൾക്ക് കമ്പം. ഇഷ്ടപ്പെട്ടതെല്ലാം സ്വന്തമാക്കണം.

Escape from personality... ഞാൻ ചിലപ്പോൾ തന്നെ ത്താൻ മുറു മുറുക്കും.

നക്ഷത്രം പോലെ വെട്ടിത്തിളങ്ങുന്ന ഒരു കണ്ണുനീർത്തുള്ളി പോലെ അവൾ ജ്വലിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

എന്നോടും എത്ര പെട്ടന്നാണ് ജാഗ്രതി അടുത്തത്! ഒരു കാർ വാങ്ങാൻ ചെന്ന എനിക്ക് കാർ മാത്രമല്ല സൗന്ദര്യം തികഞ്ഞ ഒരു പെണ്ണും സ്വന്തമായി. ബാഹ്യസൗന്ദര്യം അല്ല ഞാൻ അർത്ഥമാക്കുന്നത്. വിവാഹം എന്ന നടുക്കടലിലേക്ക് എടുത്തുചാടാൻ ഞാനാണ് ആദ്യം ഉത്സാഹിച്ചത്. അവളുടെ അച്ഛൻ നേരത്തെ മരിച്ചിരുന്നു അമ്മയും രണ്ടു പെൺകുട്ടികളും മാത്രം താമസിക്കുന്ന ആ വലിയ വീട്ടിലേക്ക് പെണ്ണിനെ ചോദിച്ച് കയറിച്ചെന്നപ്പോൾ അമ്മ പറഞ്ഞു.

"വെറുതെ വിവാഹത്തിലേക്കൊന്നും എടുത്തുചാടണ്ട, ജഗദീഷ്, അവൾക്കങ്ങനെ ഒന്നിലും ഉറച്ചുനില്ക്കാനാകില്ല.

"You know ...she is suffering from Bipolar disorder " കേട്ടപ്പോൾ ഞെട്ടിയില്ല.. കാരണം അത്തരം അവസ്ഥയെപ്പറ്റിയൊന്നും അറിയുമായിരുന്നില്ല. ഇനി അറിഞ്ഞാലും പിൻമാറുന്ന പ്രശ്നമില്ല. മനസ്സിലുറച്ചു.

"Jagadish... it's a disorder associated with episodes of mood swings ranging from depressive lows to manic heights."

കേട്ടത് മുഴുവൻ മനസിലായില്ല.

"ഞാൻ ഒരു ഡോക്ടർ ആയതുകൊണ്ട് അവളുടെ യൗവനാരംഭത്തിൽ തന്നെ അത് കണ്ടുപിടിച്ചു. ചിലപ്പോൾ ഉയർന്ന ഊർജ്ജം. ചില രാത്രികളിൽ തീരെ ഉറങ്ങില്ല. എന്നാലും നേരം വെളുത്താൽ ഒരു ക്ഷീണവും ഉണ്ടാവില്ല. and you know sometimes she may lose of touch with reaality."

താൻ അസ്ത പ്രജ്ഞനായി നിന്നുപോയി.

അവൾ ഓഫീസിൽ നിന്നും എത്തിയിരുന്നില്ല.

"അവൾക്ക് വിവാഹം അസാധ്യമാണ്. നിങ്ങൾക്ക് അവളെ സഹിക്കാനും പാടാണ്. അവളുടെ ജ്വലിക്കുന്ന സൗന്ദര്യം കണ്ടു എത്ര ആരാധകരാണെന്നോ, പെണ്ണന്വേഷിച്ച് എന്റെ കാൽക്കൽ വീണത്. അവരെയെല്ലാം ഞാൻ പിന്തിരിപ്പിച്ചു ഇപ്പോൾ ജഗദീഷിനേയും"

ഞാൻ മിണ്ടിയില്ല. തണുത്തുപോയ ചായയിൽ വീണ ഒരു പ്രാണിയെ നോക്കിയിരുന്നു. അത് ചായയിൽ കൈ കാലിട്ടടിക്കുകയാണ്.

അമ്മ തുടരുകയാണ്.

"ഇനിയും വിശ്വാസം വന്നില്ലേ, it's a serious brain desorder that causes unusual shifts in mood, energy activity, level and the ability to carryout day to day tasks..."

ഞാൻ കുടിനീറക്കി. തൊണ്ട വരളുന്നു.

"ചിലപ്പോൾ മാനിക് എപ്പിസോഡ് ഒരാഴ്ച നീണ്ടു നിൽക്കും. പിന്നെ നോർമൽ ആകും. ഡിപ്രസിവ് എപ്പിസോഡ് രണ്ടാഴ്ച പിടിക്കും മാറി വരാൻ. ചിലപ്പോൾ രണ്ടും ഒന്നിച്ചു വരും. മാനിക് എപ്പിസോഡ് തീവ്രമായാൽ ഹോസ്പിറ്റലൈസ് ചെയ്യണം." അപ്പോഴേക്കും ഓഫീസ് കഴിഞ്ഞ് ജാഗ്രതിയെത്തി. കാറിൽനിന്നിറങ്ങി ഓടിയും ചാടിയും ജാഗ്രതി അരികിലെത്തി. അവൾ തികച്ചും വികാരഭരിതയായിരുന്നു. മറ്റേതോ മാനസികാവസ്ഥയിൽ, മറ്റേതോ ഉയരത്തിൽ

"ജഗദീഷ് നമുക്ക് നഗരമധ്യത്തിൽ വേണ്ട, എനിക്ക് അര മണിക്കൂർ ഡ്രൈവ് കിട്ടണം. സ്വസ്ഥമായ ഒരടിടത്തു മതി ഫ്ളാറ്റ്. അമ്മയോട് പറഞ്ഞില്ലേ?"

ജഗദീഷ് പുഞ്ചിരിച്ചു.

അവൾ ഉത്സാഹത്തോടെ എന്റെ കൈ വലിച്ചു കൊണ്ട് സ്വന്തം കിടപ്പു മുറിയിലേക്ക് കൊണ്ടുപോയി.

"ഇത് കണ്ടോ? ഇതാരാ ജഗദീഷ്?"

എന്റെ ജീവസ്സുറ്റ ചിത്രം കണ്ടു ഞാൻ പകച്ചു.

"ഇതുവരെ പത്തിരുപത് ചെക്കന്മാരുടെ ചിത്രം വരച്ചു നോക്കി. ഒന്നും ശരിയായില്ല. ആരും ശരിയല്ലേന്നേ. കീറിക്കളഞ്ഞു. മൂലയിൽ കാർഡ്ബോർഡ് പെട്ടിയിൽ അടക്കം ചെയ്തു. പക്ഷേ നിന്റെ ചിത്രത്തെ ചുംബിക്കാതെ ഞാൻ ഒറ്റ രാത്രിയും ഉറങ്ങിയിട്ടില്ല. ചുംബനം മാത്രമോ—?"

ബാക്കി പറയാൻ നിൽക്കാതെ അവളെന്നെ ഗാഢമായി ആലിംഗനം ചെയ്തു- അപ്പുറത്തു അമ്മയുണ്ടെന്ന് ഗൗനിക്കാതെ "ഞാനീ ലോകത്ത് കണ്ട ഏറ്റവും കരുത്തനായ, അലിവുള്ള, സുന്ദരൻ- അത് നീയാണ്.

മറ്റവൻമാരൊക്കെ അതാ കാർഡ്ബോർഡ് പെട്ടിയിൽ."

അവൾ പൊട്ടിച്ചിരിച്ചു. അങ്ങനെ പതുക്കെപ്പതുക്കെ ഒരു തിളങ്ങുന്ന അശ്രുനദിപോലെ അവൾ എന്റെ നെഞ്ചിലേക്കണഞ്ഞു. ബൈപ്പോളാർ ഡിസോർഡറിനും സാധാരണ ജീവിത്തിനുമിടയിൽ അവളുടെ ജീവിതം ആടിയുലഞ്ഞു. പൊതുസ്ഥലങ്ങളിൽ ഞങ്ങൾ ധാരാളം സന്ധിച്ചു. ഞാനവളിൽ ഒരപാകതയും കണ്ടില്ല. എപ്പോഴും പൊട്ടിച്ചിരിക്കും. അവളുടെ പൊട്ടിച്ചിരികൾ ഒരു മഹാദുഃഖ പ്രവാഹമായി ഞാൻ കണ്ടു.

ആഹ്ലാദം തുടിക്കുന്ന അവളുടെ വാക്കുകളിൽ തേങ്ങുന്നത് ആത്മദുഃഖത്തിന്റെ അലയടികളാണെന്ന് എനിക്ക് മനസ്സിലായി. സ്നേഹിക്കുന്ന പെണ്ണിനെ ഒന്നിന്റെ പേരിലും ഉപേക്ഷിക്കരുത്. എല്ലാ ഗുണത്തോടെയും ദോഷത്തോടെയും സ്വീകരിക്കുക. ഞാനുറച്ചു. വിവരങ്ങൾ അറിഞ്ഞപ്പോൾ അച്ഛനും അമ്മയും എതിർത്തു. എന്നിട്ടും ഞങ്ങൾ ഒന്നായി.

പതിനഞ്ച് വർഷങ്ങൾ- എന്തെല്ലാം അനുഭവങ്ങൾ! ഒരു കണ്ണുനീർ തുള്ളിയിൽ നക്ഷത്രം ജ്വലിക്കുന്ന പോലൊരു പെണ്ണ്! അവൾക്കു അറിവിനായുള്ള ഒടുങ്ങാത്ത ജിജ്ഞാസ ഉണ്ടായിരുന്നു. അവൾ നല്ലൊരു കലാകാരിയായിരുന്നു. ഓരോ ആഴ്ചയിലും അവൾ വാങ്ങി കൊണ്ടുവന്ന പുസ്തകങ്ങളാൽ കിടപ്പറയിലെ ഷെൽഫുകൾ നിറഞ്ഞു. ചിലപ്പോൾ അവൾ ഇംഗ്ലീഷിൽ കവിതകൾ ഉണ്ടാക്കി ചൊല്ലും. ഒരിക്കൽ ടാഗോറിന്റെ "ക്രോസിങ്ങ് " വായിച്ചു ചില വരികൾ അടയാളപ്പെടുത്തി എന്റെ നേർക്ക് നീട്ടി.

"Accept me my Lord, accept me for this while.

Let those orphaned days that passed without thee be forgotten.

Only spread this little moment wide across thy lap, holding it under thy light. "

വായിച്ചു വായിച്ചു അതെനിക്ക് പിന്നീട് മനഃപാഠമായി.

പിന്നെയും അവൾക്ക് പ്രണയബന്ധങ്ങൾ ഉണ്ടായി. അതെല്ലാം ഓരോരോ മാനിക് എപ്പിസോഡുകൾ ആയിരുന്നു. അവരെയെല്ലാം അവൾ ഓരോരോ കാരണങ്ങൾ പറഞ്ഞു വിട്ടുകളയും പിന്നെ ഓർക്കുകയേയില്ല.

സ്വന്തം ആത്മാവിലൂടെ കിട്ടാതെന്തോ തേടി അലയുന്ന ഒരു പെൺ ജന്മം.

ഞാൻ അവൾക്കൊപ്പം പാർട്ടികൾക്ക് പോയി. ഒന്നിച്ചു പാടി നൃത്തം ചെയ്തു. അവളുടെ മനോഹരമായ രൂപം സദാ ആകർഷിക്കപ്പെട്ടു. ആരാധകരുണ്ടായി. താമസിയാതെ ആരാധകർ കാമുകന്മാരാവും.

"പുസ്തകം വായിക്കാത്ത വിഡ്ഢിയാണ് ആ നന്ദകിഷോർ. ഞാനവനെ ഫ്രണ്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കി. പാട്ട് ഇഷ്ടമല്ലാത്തതുകൊണ്ട് ഞാൻ വിനയന്റെ സ്നേഹത്തെ പുറം കാലു കൊണ്ട് തട്ടി കളഞ്ഞു. "

ഓരോ ദിവസം അവൾ ഓരോ ഒഴികഴിവുകൾ പറഞ്ഞു.

ജീനിയസ് ചമയാൻ ശ്രമിച്ചു എന്നതാണ് അറുപത് കഴിഞ്ഞ സുമുഖനായ ഐഎഎസ് കാരനെ അവൾ ഒഴിവാക്കാനുള്ള കാരണമായി കണ്ടത്. അവന് എന്റെ മേനി മതി. എന്നെ വേണ്ട എന്ന് പറഞ്ഞ് ആ സീരിയൽ നടന്റെ പ്രേമത്തിൽ നിന്നും അവൾ കുതറി മാറി. അങ്ങനെ എത്രയോ വ്രണിത ചിത്തരായ കാമുകന്മാർ ഞങ്ങൾക്ക് ചുറ്റും ഉണ്ടായി.

കാനഡയിൽ നിന്നും ലീവിന് വന്ന ഫേസ്ബുക്ക് ഫ്രണ്ടിനെ കാണാൻ ഞാൻ കോട്ടയത്ത് പോകുന്നു എന്നവൾ പറഞ്ഞപ്പോഴാണ് ഞാൻ ആദ്യമായി കയർത്തത്. "നേരിൽ പരിചയമില്ലാത്ത ഏതോ നാട്ടിൽ ജീവിച്ച ഒരാളെ കാണാൻ സ്വയം കാറെടുത്ത് പോവുക.! അസംബന്ധം!"

അതവൾക്ക് ആഘാതമായി. മേരുവിന്റെ പൊക്കവും സപ്തസാഗരങ്ങളുടെ ആഴവുമുള്ള ആ പെൺ സത്തയുടെ ഉള്ള് കലങ്ങി. അവൾ ഡിപ്രസീവ് എപ്പിസോഡിലേക്ക് കാലിടറി വീണു. ഒരാഴ്ച കഴിഞ്ഞു, രണ്ടാഴ്ച കഴിഞ്ഞു... ഞാൻ ലീവെടുത്ത് ഭക്ഷണമുണ്ടാക്കി കട്ടിലിൽ എത്തിച്ച് നിർബന്ധിച്ച് കഴിപ്പിക്കും. കുളികഴിഞ്ഞ് ഒരു ദിവസം ബാത്റൂമിന് പുറത്തു വന്നപ്പോൾ കട്ടിലിൽ നിറയെ ചോര! അവൾ മണികണ്ഠത്തിൽ കത്തി വെച്ച് വരഞ്ഞതാണ്. പിന്നീട് ആശുപത്രി, മരുന്നുകൾ...... ഡിസ്ചാർജ് ആയി വന്നയന്ന് കട്ടിലിൽ ഇരുന്നു അവൾ തന്നോട് തന്നെ എന്നതുപോലെ എഴുതി.

"Think of,
how I suffer !
I have exhausted my life
following you..."

ഇതാരുടെ കവിത? ഞാൻ ചോദി

കവിത

# രഹസ്യം



ശ്രീധരനുണ്ണി

**പറയുകസഖേ, നിൻ വിശേഷങ്ങൾ, എല്ലാർക്കു**
**മവിടെ സുഖമല്ലയോ, ജീവിതമെങ്ങനെ?**
**പഴയകഥയെല്ലാം മറന്നുപോയോ കാല-**
**മുരുളുകളിലെത്രയോ മുന്നോട്ടു നീങ്ങവേ**
**യവനികകളോരോന്നുയരവേ രംഗങ്ങൾ**
**പലതു തെളിയുന്നതും മാഞ്ഞു പോകുന്നതും.**
**കഥ മുഴുവനാടി കഴിവതിൻ മുമ്പിലേ**
**രജനിയൊരു സംഹാര രുദ്രയാകുന്നതും**
**പറയുക സഖേ, നിൻ വിശേഷങ്ങൾ കേട്ടെന്റെ**
**കരളിനകമോർമ്മയിൽ മുങ്ങട്ടെ തെല്ലിട!**
**പകലിരവു പണ്ടുനാമൊന്നിച്ചു ജീവിത-**
**ക്കളരിയിലൊരേയങ്കമാടിത്തിമർത്തതും,**
**ജനിമൃതി കവാടങ്ങൾ ഭേദിച്ചകത്തെഴും**
**പഴകിയോരു വിഗ്രഹം തേടിയണഞ്ഞതും,**





**അകലെയൊരു പീഠത്തിലാമണി വിഗ്രഹം**
**പൊടിപടലമാർന്നു നിറഞ്ഞു കൺപാർത്തതും,**
**അതിനുടയകൺകളിലിത്തിരിതുവെട്ട-**
**മലയിളകുമാദ തുടിപ്പായ് കണ്ടതും**
**പറയരുതു മറ്റൊരാളോടും സഖേ നമു**
**ക്കൊരു തവണ തുടി തുറന്നിടാം ശ്രീലകം.**
**അതിനിടെ രഹസ്യങ്ങളൊന്നും വെളിച്ചത്തു**
**പറയരുതു നമ്മൾക്കു നമ്മളേ കാവലാൾ!.**

---

ച്ചു.

പിറ്റേന്ന് ഡിപ്രഷൻ എപ്പിസോഡ് ഇറങ്ങി. ഒന്നും സംഭവിക്കാത്ത പോലെ അവൾ ഓഫീസിലേക്ക് ഒരുങ്ങി. പുറപ്പെടും മുൻപ് അക്രമസക്തമായി എന്നെ ആലിംഗനം ചെയ്തു. എന്റെ ഉള്ളുരുകി.

"നിനക്ക് കോട്ടയത്ത് പോകണോ ജാഗ്രതീ ഞാൻ നിന്നെ കൊണ്ട് വിടാം. എനിക്ക് ആ വഴി പഴയ ഒരു ഫ്രണ്ടിനെ കാണാൻ പോകയുമാവാം"

ജാഗ്രതി പിന്നീട് വിടുവിച്ച് നിസ്സാരമായി പറഞ്ഞു.

" ആ കോട്ടയത്തുകാരൻ ചേട്ടൻ ഞാൻ ചെല്ലാത്തപ്പോൾ എന്നെ കൊസ്റ്റ്യൻ ചെയ്യാൻ വന്നു. ഞാൻ അയാളുടെ പ്രേമത്തെ വഞ്ചിച്ചു വെന്ന്! എന്നെ കാണാൻ മാത്രമാണത്രെ അവൻ നാട്ടിൽ വന്നത്. പെരും നുണ! എഫ് ബിയിൽ അയാളുടെ ഭാര്യയുടെ പോസ്റ്റ് കണ്ടു. അനിയത്തിയുടെ കല്യാണത്തിന്റെ ചിത്രവും. നുണയൻമാരെ ഞാൻ പൊറുപ്പിക്കാറില്ല. ഗെറ്റ് ലോസ്റ്റ് എന്നും പറഞ്ഞ് ഞാൻ."

അവൾ പൊട്ടിച്ചിരിച്ചു.

ഇപ്പോൾ ജാഗ്രതി തന്റെ നാലു ചക്രമുള്ള ചെറിയ സൂട്ട്കെയ്സിൽ തുണികൾ അടുക്കുകയാണ്. അവളുടെ പുതിയ ആരാധകന്റെ പുതിയ കാറിൽ അവൾ പോകും. വ്യത്യസ്തമായ നിരവധി കാര്യങ്ങൾ ഇടതടവില്ലാതെ അവനോട് അവൾ സംസാരിക്കും. ഭോഗപരതയെക്കുറിച്ചും മറ്റും ലജ്ജാലേശം ഇല്ലാതെ, ഇന്നലെ കണ്ട അയാളുമായി സംസാരിക്കും. അവൾ രാത്രി ഉറങ്ങുകയില്ല ആ പാവം ചെറുപ്പക്കാരനെയും അവൾ ഉറങ്ങാൻ അനുവദിക്കില്ല. ഇന്ന് രാത്രിയും അവൾക്ക് ഉറക്കമില്ലാത്ത രാത്രിയാണ്. ഏതോ തടിയൻ പുസ്തകമെടുത്ത് അവൾ വായന തുടങ്ങി. മാനിക് എപ്പിസോഡിന്റെ തുടക്കമാണ്. ചിലപ്പോളവൾക്ക് മാനിക്കും ഡിപ്രസിവും ഒന്നിച്ചു വരും. ഒരാഴ്ച രണ്ടാഴ്ച ഇതിലപ്പുറത്തേക്ക് മുകുളിന്റെ സ്നേഹവും അവളിൽ തങ്ങി നിൽക്കില്ല. ചേമ്പിലയിൽ വീണ ഇറ വെള്ളം പോലെ അതും ഒഴുകിപ്പോകും.

പുസ്തകം മോശമേലേക്കിട്ട് ജാഗ്രതി കട്ടിലിൽ വന്നു കിടന്നു. പുതപ്പ് വലിച്ചിട്ടു ഉറങ്ങാൻ ഒരു ശ്രമം നടത്തുകയാണ്.

വാക്കുകൾ കരിഞ്ഞ് നിരർത്ഥകങ്ങളായ ബന്ധങ്ങളെ അവൾ ഒന്നൊന്നായികൈവിട്ടു. കവിതയ്ക്കും കാരുണ്യത്തിനും മൂല്യമില്ലാത്ത മനുഷ്യരെ അവൾ വെറുത്തു.

അവളിപ്പോൾ ഏതോ ശൂന്യതാതിരത്തിലൂടെ നടക്കുകയാണ്. കരക്കു പിടിച്ചിട്ട മത്സ്യം പോലെ പിടയുകയാണ്.

അവൾ മുകുളിനെ കാണാൻ പോകേണ്ട എന്ന് ഞാൻ പറയില്ല. പറഞ്ഞാൽ സ്വന്തം ഞരമ്പ് മുറിച്ച് അവളെന്നെ നോവിക്കും. ഹിമശ്വേത ചക്രവാളം തേടിയുള്ള അവളുടെ യാത്ര തുടരട്ടെ. വിസ്മയ നിർവേദനങ്ങൾ അറിയട്ടെ. ഭൗതിക വേദനയല്ല അവളെ വ്യാകുലപ്പെടുത്തുന്നത്. സ്വന്തം പിതാവിനാൽ പിച്ചിച്ചീന്തപ്പെട്ട ഒരു ബാല്യമാണ് അവളുടേത്. അവൾ സ്നേഹം അർഹിക്കുന്നുണ്ട്. പരിഗണന അർഹിക്കുന്നുണ്ട്. പരിലാളനയും അർഹിക്കുന്നുണ്ട്. തിരയടിക്കുന്ന മഹാസാഗരം പോലെ ഉറങ്ങാതിരിക്കുന്ന പ്രിയപ്പെട്ട ആ പെണ്ണിനെ നോക്കിക്കൊണ്ട് ഞാൻ ഉറങ്ങാതിരുന്നു. ■

ചെറുകഥ



വിജയൻ. ഒ ചെറുവറ്റ

# അയൽവാസികൾ



വീടിന്റെ മുകൾ നിലയിൽ നിന്ന് നെഞ്ചിന്റെ വലതു ഭാഗം അമർത്തിപ്പിടിച്ചാണ് തോമസ്സു കോണിയിങ്ങി വന്നത്. അസഹനീയമായ വേദന കൊണ്ടാവണം തോമസ്സു കോണിയിറങ്ങുമ്പോൾ വേച്ചു വേച്ചു പോകുന്നുണ്ടായിരുന്നു. "അച്ചാമ്മേ" തോമസ്സു ഉറക്കെ വിളിക്കാൻ ശ്രമിച്ചു. പക്ഷെ ശബ്ദം ചിലമ്പിച്ച പോലെയെപുറത്തേക്കു വന്നുള്ളു. താഴത്തെ നിലയിലെ മുറിയിൽ നിന്നു അച്ചാമ്മെ ഉറക്കച്ചുടവോടെ ഇറങ്ങി വന്നു. "അച്ചായനെന്തുപ്പറ്റി, വെപ്രാളത്തോടെ അച്ചാമ്മ തോമസിന്റെ അടുത്തേക്കു നടന്നു. "നെഞ്ചിനൊരു വേദന, ശ്വാസതടസ്സം പോലെ" തോമസ്സു പറഞ്ഞൊപ്പിച്ചു. അച്ചാമ്മ ക്ലോക്കിൽ നോക്കി രാത്രി 1 മണി. കഴിഞ്ഞിരിക്കുന്നു. രണ്ടുുപേർ മാത്രമുള്ളു വീട്. ആശുപത്രിയിൽ കൊണ്ടുപോകേണ്ടിയിരിക്കുന്നു. പോർച്ചിൽ കാറുണ്ട്. പറഞ്ഞിട്ടെന്താ ഓടിക്കാൻ ആളില്ല, വല്ലപ്പോഴും പുറത്തു പോകാൻ ഒരു ഡ്രൈവറെ വിളിക്കാറാണ് പതിവ്. അദ്ദേഹം പത്തു കിലോമീറ്ററോളം അകലെയാണ്. തോമസ്സിന്റെ പരവേശം കൂടിവരുന്നു. വേദനകൊണ്ട് ഇരിക്കാനും നടക്കാനും കഴിയാത്ത അവസ്ഥ.

അയൽപക്കത്തെ ശ്രീധരനെ വിളിച്ചാലോ ആലോചിക്കാതെയിരുന്നില്ല. പക്ഷെ, ശ്രീധരന്റെ വീട്ടുകാരുമായി അത്ര രസത്തിലല്ല. ശ്രീധരന്റെകൊച്ചുമകൻ ഗൈയ്റ്റു കടന്നു വന്ന് ഒരു റോസാപ്പൂ പറച്ചതിന് തോമസ്സ് എന്തൊക്കെ ചീത്തയാണ് വിളിച്ചു പറഞ്ഞത്. തമ്മിൽ കശപിശയായി. ഇപ്പോൾ അവർ തമ്മിൽ മുഖത്തോടുമുഖം കണ്ടാലും മിണ്ടാറില്ല. അടുത്ത വീട്ടിലെ കോയമോന്റെ മകൻ കളിയ്ക്കിടയിൽ നിന്നും തെറിച്ച ഫുട്ബോൾ വന്നു തോമസ്സിന്റെ ചെടിച്ചെട്ടി മറിഞ്ഞു വീണു. അതിനും ഏറെ വഴക്കുണ്ടാക്കി. അവനും പിണക്കത്തിലാണ്. പടിഞ്ഞാറു ഭാഗത്തെ അയൽവാസി ശാരദാമ്മ. നിറഞ്ഞ ദാരിദ്രത്തിലാണ് അവർ ജീവിക്കുന്നത്. ഭർത്താവും മകനുമടങ്ങുന്ന കുടുംബം. ശാരാദാമ്മ വല്ലപ്പോഴുമൊക്കെ വീട്ടിൽ വരാറുണ്ട്. തോമസിനവരെ തീരെ താൽപര്യമില്ല- വല്ല ധനസാഹയാവും ചോദിക്കാനാണാവർ വരുന്നതെന്നൊരു തോന്നലാണ്. എന്നാൽ ഇതുവരെ ഒരു ധനസഹായത്തിനും അവർ വന്നില്ലെന്നതാണ് സത്യം. ചുരുക്കിപ്പറഞ്ഞാൽ തൊട്ടയൽവാസികളായ മൂവരും തോമസ്സുമായി അകൾച്ചയിലാണ്.

"വഴിയിൽ വച്ചു കണ്ടാൽ ഒന്നു ചിരിയ്ക്കപോലും ചെയ്യാത്ത മനുഷ്യനുണ്ടോ" നാട്ടുകാർ തോമസ്സിനെപ്പറ്റി പറയുന്നതാണ്, ആരുമായും അത്ര അടുപ്പം വേണ്ട അലവലാധികൾ അടുപ്പം കാണിച്ചാൽ പിന്നെ വല്ല ധനസഹായവും ചെയ്യേണ്ടിവരും- അതുകൊണ്ട് ഇവറ്റെകളെയെല്ലാം അകറ്റി നിർത്തുന്നതാണ് ഉത്തമം. തോമസ്സിന്റെ ചിന്താഗതി ഇങ്ങനെയാണ്. ഭാര്യ. അച്ചാമ്മയെയും അയൽവാസി ബന്ധത്തിൽ നിന്നു തോമസ് വിലക്കിയിട്ടുണ്ട്.

തോമസ് 70 വയസ്സ്, ഭാര്യ അച്ചാമ്മ മക്കൾ മൂന്നുപേർ രണ്ട് ആണും ഒരു പെണ്ണും. ആൺകുട്ടികൾ രണ്ടു പേരും അമേരിയ്ക്കയിൽ. അവരുടെ ഭാര്യമാരും കൂടെയുണ്ട്. മകൾ തിരുവനന്തപുരത്ത് കുടുംബസമേതം താമസിക്കുന്നു;

ഇപ്പോൾ അതൊന്നും തിന്തിച്ചിട്ടു കാര്യമില്ലല്ലോ. ആരെയാണ് സഹായത്തിനു വിളിക്കുക അച്ചാമ്മ അങ്ങോട്ടുമിങ്ങോട്ടും വെപ്രാളത്തോടെ നടന്നുകൊണ്ടിരുന്നു.

"ഇതിയാന്റെ സ്വഭാവം ഇങ്ങനെയായിപ്പോയി. അയൽപക്കക്കാരാരുമായും ബന്ധമില്ലല്ലോ" പിറുപിറുത്തു കൊണ്ട് അച്ചാമ്മ ഓടിനടന്നു.

(ശേഷം 12 -ാം പേജിൽ)

കഥ



# നാട്ടിൻപുറം

മനോജ് കെ.കെ.

ഒരു നിമിഷം, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലേക്ക് എന്റെ മനസ്സ് കടന്നു ചെന്നു. പച്ചപ്പ് വിതച്ച പാടത്തിന്റെ വരമ്പുകളിലൂടെ അന്ന് നടന്ന് പോകുമ്പോൾ അച്ഛന്റെ സ്വന്തം പതിനാറര സെന്റ് പാടത്തെ നെൽക്കതിരുകൾ എന്നെ നോക്കി സന്തോഷപൂർവ്വം ചിരിക്കുന്നതായി തോന്നി.

സ്ക്കൂളിൽ പഠിക്കുന്നകാലത്താണ് ഈ സന്തോഷപൂർവ്വമായ കാര്യങ്ങൾ ഉണ്ടായത്. പാടം ഉഴുത് മറിച്ച് വിത്ത് വിതച്ച് ഞാറ് പറച്ച് നട്ട് നെൽക്കതിരായ, വിളഞ്ഞ് കൊയ്ത് എടുത്ത് കറ്റകൾ കെട്ടാക്കി വീട്ടിൽ കൊണ്ടുവരുന്ന അരിയായിയേയും ചിരുതയേയും എന്തുകൊണ്ടും ബഹുമാനിക്കേണ്ടതായ നിമിഷങ്ങൾ ആണ്. നെല്ല് കൊയ്യുന്ന അവസരത്തിൽ വീടിന്റെ മുറ്റത്ത് അടിച്ച് വൃത്തിയാക്കി ചാണകമെഴുകി ചിരുത കറ്റകൾ മെതിക്കാൻ തയ്യാറെടുക്കുന്നു.

കറ്റകൾ മെതിച്ച് നെല്ല് വേറെയാക്കിതീർക്കുന്ന അവസരങ്ങൾ ഒരു ഉത്സവ പ്രതീതിയായിരുന്നു.

ഇന്നെവിടെ പാടങ്ങൾ?

എല്ലാം കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറികൊടുത്തിരിയ്ക്കുന്നു.

ഇന്നത്തെ തലമുറയ്ക്ക് ഇത് വല്ലതും അറിയുമോ?

ഇവരിൽ എത്ര പേർ പാടവും, ഞാറ്റും, കൊയ്ത്തും എല്ലാം കണ്ടിരിക്കുന്നു എന്ന് പറയാനേ വയ്യ.

എനിക്കതെല്ലാം ഒരുക്കി തന്ന അച്ഛനെ ഞാൻ ഒരിക്കൽകൂടി ബഹുമാനിക്കുന്നു സന്തോഷപൂർവ്വം.

ഇന്ന് ഈ പട്ടണത്തിൽ കോൺക്രീറ്റ് കെട്ടിടത്തിനുള്ളിൽ ശ്വാസം മുട്ടി കഴിയുന്ന അവസ്ഥ ആലോചിക്കുമ്പോൾ പഴയകാല ജീവിതം എത്ര സുഖകരമായിരുന്നു എന്ന് തോന്നുന്നു.

എല്ലാം ഒരു ഓർമ്മപോലെ മാറിമറിഞ്ഞിരിക്കുന്നു.

ഇനി എത്ര ശ്രമിച്ചാലും തിരികെ വരാത്ത കാലങ്ങളായി അവ മാറിയിരിക്കുന്നു.

ഇതെല്ലാം ഞാൻ എന്റെ സുഹൃത്ത് ഗഫൂറിനോട് പറഞ്ഞപ്പോൾ മനസ്സിൽ നിന്ന് എന്തെല്ലാമോ പോയി മറഞ്ഞതായി തോന്നി. ഗഫൂർ ഒരു നിശബ്ദ നാടകത്തിന്റെ ഉടമയാണ്. എപ്പോഴും മൗനം മാത്രം. എത്ര സംസാരിച്ചാലും ഗഫൂറിൽ നിന്ന് ഒരു ചിരി മാത്രം വരും.

ഗഫൂർ സിഎക്ക് പഠിക്കുകയാണ്. അതിരാവിലെ എഴുന്നേറ്റ് ക്ലാസ്സിൽ പോകും. ക്ലാസ്സ് കഴിഞ്ഞ് വന്നാൽ റൂമിൽതന്നെയിരുന്ന് പഠിക്കും.

ആരോടും ഒന്നും മിണ്ടുകയില്ല.

വല്ലപ്പോഴും സംസാരിക്കുന്നത് എന്നോട് മാത്രം.

ഗഫൂർ എപ്പോഴും യോഗ ചെയ്യാറുള്ളത് ക്ലാസ്സ് കഴിഞ്ഞ് വന്ന് പതിനൊന്നര മണിക്കാണ്.

അതിന് ഒരു മുടക്കവും വരുത്താറില്ല.

പഠിക്കുമ്പോൾ അതിയായി കോൺസട്രേഷൻ കിട്ടുവാൻ വേണ്ടിയാണ് യോഗ ചെയ്യുന്നത് എന്ന് ഗഫൂർ എപ്പോഴും പറയുമായിരുന്നു.

പട്ടാമ്പിയിലെ ഒരു ഗ്രാമത്തിലാണ് ഗഫൂറിന്റെ വീട്. വീട്ടിൽ ഉമ്മയും പെങ്ങൻമാരും അവരുടെ കുട്ടികളുമാണുള്ളത്. ചേട്ടൻമാർ ഗൾഫിലാണ്. ഒരു സാധാരണ ചെറിയ കുടുംബമാണ് ഗഫൂറിന്റെത്. ഒന്ന് രണ്ട് തവണ ഞാൻ ഗഫൂറിന്റെ നാട്ടിൽ പോയിട്ടുണ്ട്. ബസ്സിറങ്ങി ഗഫൂറിന്റെ വീട്ടിലേക്കുള്ള യാത്ര ഒരു അനുഭവം തന്നെയാണ്. പ്രകൃതിരമണീയമായ ആ കൊച്ചു ഗ്രാമത്തിലൂടെ നടന്നു പോകുമ്പോഴാണ് എന്റെ മനസ്സ് മൂന്നു പതിറ്റാണ്ടിലേക്ക് തിരികെ പോയത്. ഇപ്പോഴും ഗഫൂറിന്റെ ഗ്രാമത്തിൽ ടൗൺഷിപ്പ് വന്നിട്ടില്ല. ഒരു ചെറിയ റോഡിലൂടെ പോകുമ്പോൾ രണ്ട് വശത്തും പച്ചപ്പ് നിറഞ്ഞ പാടം കാണുമ്പോൾ ആ പഴയ ഓർമ്മകൾ തിരിച്ച് വരികയാണ്. എന്തൊരു ഭംഗിയാണീ



## അയൽവാസികൾ

(10–ാം പേജ് തുടർച്ച)

ഒടുവിൽ ഗത്യന്തരമില്ലാതെ അയൽപക്കത്തെ ശ്രീധരന്റെ വീടുവരെ ഓടിപ്പോയി, ഗൈയ്റ്റിൽ ആഞ്ഞടിച്ചു. മുകൾ നിലയിൽ ലൈറ്റു തെളിഞ്ഞു. ഉറക്കെ കരഞ്ഞു കൊണ്ട് വീണ്ടും വിളിച്ചു. ശ്രീധരനും മക്കളും ഗൈയ്റ്റു വരെ ഓടിവന്നു. കാര്യങ്ങൾ പറഞ്ഞു.

“ വണ്ടിയെടുക്ക”

ശ്രീധരൻ ആജ്ഞാപിച്ചു.

വണ്ടി തോമസിനെയും കൊണ്ടു ആശുപത്രി ലക്ഷ്യമാക്കിയോടി. തോമസ്സു തളർന്നു മിണ്ടാട്ടമില്ലാതെ കിടക്കുകയാണ്. ആശുപത്രിയിൽ ഐ.സി.യുലേയ്ക്കു മാറ്റി.

ശ്രീധരന്റെ മകനും ഭാര്യയും കൂടെയുണ്ടായിരുന്നു.

ഏകദേശം അരമണിക്കൂറിനു ശേഷം ഡോക്ടർ പുറത്തേക്ക് വന്നു.

“ ഇപ്പോൾ ഇവിടെ എത്തിച്ചതുകൊണ്ട് രക്ഷപ്പെട്ടു, മേജർ ഹാർട്ടറ്റാക്കായിരുന്നു”

ഡോക്ടർ വീണ്ടും ഐ.സി.യുലേയ്ക്കു പോയി. അച്ചാമ്മ കൈകൾ കൂപ്പി ശ്രീധരനെയും ഭാര്യയേയും വണങ്ങി. നേരം വെളുക്കുന്നതുവരെ ആശുപത്രി വരാന്തയിൽ ശ്രീധരനും ഭാര്യയും മകനും കാവൽ നിന്നു. ഇങ്ങനെയുള്ളവരുമായിട്ടായിരുന്നു അച്ചായൻ പിണങ്ങി നിന്നിരുന്നത്. അച്ചാമ്മയുടെ കണ്ണുകൾ നിറഞ്ഞോഴുകി.

“ഞങ്ങളൊക്കയില്ലിവിടെ, അച്ചാമ്മ ഒന്നുകൊണ്ടും ഭയപ്പെടേണ്ട.” –

തേൻമഴ പെയ്ത പോലെ തോന്നി അച്ചാമ്മയ്ക്ക് ശ്രീധരന്റെ വാക്കുകൾ.

ഹൃദയവും മനസ്സും കൊട്ടിയടക്കുവാനുള്ളതല്ല. ചിലപ്പോൾ അത് വിങ്ങിപ്പൊട്ടി പുറത്തേയ്ക്കു വരും. അതിനു ഹാർട്ടറ്റാക്ക് എന്നോ മറ്റോ വിളിയ്ക്കാം. മനസ്സിലും ഹൃദയത്തിലുമുള്ള കാർമേഘങ്ങൾ മഴയായി പെയ്തൊഴിയട്ടെ, പെയ്തൊഴിയുമ്പോൾ പുഞ്ചിരിയ്ക്കുന്ന വെയിലുണ്ടാകും വെയ്ലിൽ ഉറ്റിറ്റു വീഴുന്ന ജലകണങ്ങളോടെ പനിനീർ പൂവുകൾ പുഞ്ചിരിയ്ക്കും

ഹ്രസ്വമായ ജീവിതയാത്രയിൽ എന്തിനി മസ്സിലുപിടുത്തം. വിട്ടേയ്ക്കു മനസ്സിനേയും, ഹൃദയത്തേയും സ്വതന്ത്രമായി.

---

പാടം എന്ന് ആലോചിച്ചു പോവുകയാണ്. ഇതിനിയെത്രനാൾ നിലനിൽക്കുമെന്ന് ആശങ്കയും മനസ്സിൽ കുടുങ്ങുന്നു. എന്നെന്നും നിലനിൽക്കുമാറാകട്ടെ എന്ന് പ്രാർത്ഥനമാത്രം ബാക്കിയാക്കി ഞാൻ ഗഫൂറിന്റെ വീടിന്റെ പടികൾ കയറി അകത്തു ചെന്നു.

നല്ല മഴയാണ് പുറത്ത്. ഗഫൂറിന്റെ സുഹൃത്ത് അപ്പോഴാണ് അവിടം വന്നത്. എവിടന്നാണ് വരുന്നത് എന്ന് എന്നോട് തിരക്കി. നാടൻ ഭാഷ അയാളുടെ നാവിൽനിന്നു വരുമ്പോൾ ഒരു ഗ്രാമത്തിന്റെ ശൈലിയെക്കുറിച്ച് മനസ്സിലാക്കാൻ ഒരു ബുദ്ധിമുട്ടും വന്നില്ല. ഈ നാടൻ ഭാഷയിലൂടെ അവരുടെ നിഷ്കളങ്കതയുടേയും അവിടത്തെ ജനങ്ങളുടെ സ്വഭാവവും വായിക്കുവാൻ കഴിഞ്ഞു.

അയാൾ പറഞ്ഞു:

കഴിഞ്ഞ മഴയ്ക്കാണ് കോരൻ തെങ്ങിൽമേൽ കയറി ഇറങ്ങാൻ പറ്റാത്ത അവസ്ഥയിലായത്. കയറുമ്പോൾ അധികം മഴയില്ലായിരുന്നവത്രെ! പിന്നീട് മഴ കനത്തു. കോരൻ തെങ്ങിൽമേൽ നിന്ന് നനഞ്ഞ് കുളിച്ച് കൈകാലുകൾ വിറക്കാൻ തുടങ്ങി. തെങ്ങിൻമേൽ നിന്നുള്ള തളപ്പിന്റെ പിടുത്തം അയഞ്ഞ് പോവുന്നതായി കോരന് അനുഭവപ്പെട്ടു, ശരീരം തണുത്ത് വിറയ്ക്കാൻ തുടങ്ങി. ശരീരത്തിന്റെ ബലം നഷ്ടപ്പെട്ടു എന്ന അവസ്ഥയിലായപ്പോൾ കോരൻ മുകളിൽനിന്നു വിളിച്ചു പറഞ്ഞു. ഉടനെ ഒരു നൂറ് മില്ലി മുകളിലേക്ക് ആരെങ്കിലും കൊണ്ട് തരണം അല്ലെങ്കിൽ എനിക്ക് ഇറങ്ങാൻ പറ്റില്ല. ശരീരത്തിന്റെ വിറ നിൽക്കണമെങ്കിൽ അതല്ലാതെ വഴിയില്ല. ഉടൻതന്നെ താഴെ നിന്നവർ സംഗതി എത്തിച്ചു കൊടുത്തു. കോരൻ അത് കഴിച്ച് പതുക്കെ താഴേക്ക് ഇറങ്ങി.

ഇത് പറയാൻ കാരണം അപ്പോഴത്തെ മഴയുടെ അവസ്ഥയായിരുന്നു.

കേട്ടപ്പോൾ കുറച്ചു രസം തോന്നി.

അപ്പോഴേക്കും ഗഫൂറിന്റെ ഉമ്മ ചായകൊണ്ട് തന്നു.


മഴയത്ത് ചൂടു ചായ കുടിക്കുമ്പോൾ ഒരു പ്രത്യേക സുഖം തോന്നി. അപ്പോൾ ആലോചിച്ചു. എന്തിനിനി ഞാൻ പട്ടണത്തിൽ തന്നെ കടിച്ചു തൂങ്ങുന്നു. എല്ലാം വിറ്റു പെറുക്കി ഈ ഗ്രാമത്തിലേക്ക് വന്നാലെന്താണ്. പക്ഷേ എന്റെ ജോലി കുടുംബം എല്ലാം ഇവിടെയാണ്. ഒന്നും മാറ്റാൻ പറ്റാത്ത അവസ്ഥ.

ഇന്ന് പട്ടണത്തിന്റെ പുരോഗതിയേറെ മാറ്റിയത് മനുഷ്യന്റെ മനസ്സുകൾ ആണ്. പട്ടണത്തിന്റെ മുഖഛായ മാറുന്നതിനോടൊപ്പം മനുഷ്യ മനസ്സുകൾ താളം തെറ്റി സമനില തെറ്റി പെരുമാറുകയാണ്. കുട്ടികൾ മുതൽ പ്രായമായ അമ്മമാർക്ക് വരെ സുരക്ഷിതമായി ജീവിക്കാൻ പറ്റാത്ത അവസ്ഥയായിരിക്കുന്നു. എന്താണിതിനൊക്കെ കാരണം നവീകരണം തന്നെയോ അതോ മനുഷ്യന്റെ പുരോഗതിയോ. എന്തായാലും വരും തലമുറയ്ക്ക് ഇവിടെ സ്വൈരമായി ജീവിക്കാൻ പറ്റാത്ത അവസ്ഥയായി. ഗഫൂറിനോട് ഞാൻ ഇറങ്ങാൻ നേരത്ത് ചോദിച്ചു ഇനിയെന്നാണ് മടക്കം. അവൻ പറഞ്ഞു എന്റെ പഠിത്തം കഴിഞ്ഞു അതിനാൽ ഞാനിനിയങ്ങോട്ടേക്കില്ല. ഞാൻ ഗഫൂറിന്റെ വീട്ടിന്റ പടിയിറങ്ങി വീണ്ടും ആ പച്ചപ്പ് നിറഞ്ഞ പാടത്തിനരികിലൂടെ പ്രകൃതി ഭംഗിയും ആസ്വദിച്ച് സന്തോഷത്തോടെ നടന്നു പോയി. ■

ലേഖനം




ചെർപ്പുളശ്ശേരി രാജശേഖരൻ



ചീരോത്ത് രാജീവൻ

# ഗജമാനസം



സുകുമാർ കൂർക്കഞ്ചേരി

**ലി**ബിയയിലെ ഏതാണ്ട് 23000 ഗോത്രവർഗ്ഗക്കാർ നാളിതുവരെ ജീവിതമാർഗ്ഗമാക്കിയിരുന്ന ആനവേട്ടയും നായാട്ടുമൊക്കെ സ്വമനസ്സാലെ ഉപേക്ഷിച്ച് തോക്കുകളും മറ്റ് ആയുധങ്ങളും കൂട്ടത്തോടെ അടിയറവെച്ചതായി വാർത്ത. തേനീച്ച വളർത്തലും കൃഷിയുമൊക്കെയാണ് സ്വാഭാവികമായ ജീവിതമാർഗ്ഗമെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. ആഫ്രിക്കൻ ആനകളും മറ്റു പക്ഷി മൃഗാദികളും ഇതറിഞ്ഞു ചിരിച്ചു തുള്ളിക്കാണണം. സംവേദനക്ഷമതയുള്ള ജീവികളെന്ന നിലയിൽ മൃഗങ്ങൾക്കും ചിരിക്കാൻ കഴിയുമത്രെ. അവയ്ക്ക് സുരക്ഷിതത്വവും സന്തോഷവും തോന്നിക്കുന്ന അംഗചലനങ്ങൾ പ്രകടിപ്പിക്കുകയും ശരീരഭാഷകൊണ്ട് ആ സുരക്ഷിതത്വബോധം അനുഭവിപ്പിക്കാൻ പരിശീലിപ്പിക്കുകയും ചെയ്താൽ മൃഗങ്ങളും ചിരിക്കുകയും സന്തോഷിക്കുകയുമൊക്കെ ചെയ്യുമെന്ന് മനേകാ ഗാന്ധി. മറിച്ച് മൃഗങ്ങളെ ഭയപ്പെടുത്തുകയോ പീഡിപ്പിക്കുകയോ ചെയ്താലും സമാന്തരമായ മറ്റൊരു അവസ്ഥാവിശേഷമാണുണ്ടാവുക.

ഏതാണ്ട് 60 പാപ്പാന്മാർ ആനപ്പണി പഠിച്ചത് പേരുകേട്ട ഒരു ദേവസ്വത്തിലെ ഒരാനയുടെ കൂടെയാണെന്ന് കേട്ടിട്ടുണ്ട്. പാപ്പാനായി ദിവസക്കൂലിക്ക് ഓരോരുത്തരായി വന്നുകൊണ്ടിരിക്കുന്നു. അവരുടെയൊക്കെ അടിയും തല്ലും കൊള്ളാനായി ആനയ്ക്കു നിന്നുകൊടുത്തേ പറ്റൂ. കുറച്ചു ദിവസം നിന്നിട്ട് അയാൾ മറ്റു വല്ലയിടത്തേയ്ക്കും മാറിപ്പോകും. പിന്നീട് പുതിയൊരാൾ വരും. അയാളുടെ വകയായും ആനയ്ക്കു കിട്ടുന്നത് പൊതിരെ തല്ലു തന്നെ. കുറേക്കഴിഞ്ഞ് അയാളും പോകും, ഇനിയും വേറൊരാൾ വരും. പിന്നെപ്പിന്നെ ഈ ആന ആരെക്കണ്ടാലും ഭയപ്പെട്ടോടുന്ന തരത്തിലായിപ്പോയെന്നാണ് കേൾവി.

സ്നേഹിച്ചാലും സൗഹൃദം പങ്കുവെച്ചാലും അതേ അളവിൽ തിരിച്ചു നൽകുന്ന പ്രകൃതമാണ് ആനയ്ക്ക്. ഭാഗവതത്തിൽ കംസന്റെ കുവലയപീഡം എന്നൊരാനയെക്കുറിച്ച് പരാമർശമുണ്ട്. ശ്രീകൃഷ്ണബലരാമന്മാരെ അപായപ്പെടുത്താൻ വേണ്ടി കംസന്റെ കൊട്ടാരവാതിക്കൽ അതിനെ നിർത്തിയിരുന്നു. ശ്രീകൃഷ്ണൻ ആനക്കാരനോട് പറഞ്ഞു: "ആനക്കാരാ ശക്തനായ ഈ ആനയെ വഴിയിൽ നിന്നു മാറ്റുക. ഇല്ലെങ്കിൽ ഫലം അനുഭവിക്കേണ്ടി വരും." ആനക്കാരൻ അതു കാര്യമാക്കിയില്ല. ആനയെ അയാൾ ശ്രീകൃഷ്ണന്റെ നേർക്കു വേഗത്തിൽ നടത്തി. ആന പാഞ്ഞു ചെന്ന് ആക്രമിക്കാൻ മുതിർന്നപ്പോൾ ഭഗവാൻ അതിനെ മസ്തകത്തിൽ അടിച്ചു കൊല്ലുകയും ചെയ്തു.

പരിപാലിക്കുന്നയാൾക്ക് പൂർണ്ണമായും വിധേയനായിരിക്കുന്നതാണ് ആനയുടെ സ്വഭാവം. കംസന്റെ കുവലയ പീഡത്തോടു ശ്രീകൃഷ്ണനെ ആക്രമിക്കാൻ പറഞ്ഞപ്പോഴും വരുംവരായ്കയെക്കുറിച്ചു ആലോചിക്കാതെ അതനുസരിക്കുകയായിരുന്നു.

കടമ്പഴിപ്പുറത്തെ ഒരു പൂരപ്പറമ്പിൽ ഒന്നാന്തരം ഒരു ഗജവീരന്റെ കാൽച്ചങ്ങല ഉറപ്പിക്കുന്ന പന്ത്രണ്ടു വയസ്സുകാരൻ കുഞ്ഞൂട്ടി എന്നു വിളിക്കുന്ന ഹരിദാസനെക്കുറിച്ച് അടുത്തയിടെ വാർത്ത വന്നിരുന്നു. കാരക്കോലെടുത്താൽ കുഞ്ഞൂട്ടിയുടെ നിർദ്ദേശമനുസരിച്ച് ചാത്തപുരം ബാബുവെന്ന കൊമ്പൻ എല്ലാം അനുസരിക്കുമത്രെ. തൃപ്പലമുണ്ട മഹാദേവ ക്ഷേത്രത്തിലെ എഴുന്നള്ളിപ്പിന് ആനപ്പുറത്ത് ഒരഭ്യാസിയെപ്പോലെ മീശമുളയ്ക്കാത്ത ഈ പയ്യൻ നെറ്റിപ്പട്ടം കെട്ടിവലിക്കുമ്പോൾ താഴെ ആളുകൾ ഇമവെട്ടാതെ നോക്കിനിൽക്കും. ആലങ്ങാടു ചെറുകുന്നത്തു കാവിലെ ഉത്സവപ്പറമ്പിൽ വെച്ച് ഒരാനയുടെ കൊമ്പിൽ നിന്നും മറ്റൊന്നിന്റെ കൊമ്പിലേക്ക് ചാഞ്ചാടി ഇവൻ ശ്രദ്ധ പിടിച്ചു

കവിത



എം.കെ. രവീന്ദ്രൻ വൈദ്യർ

# കേരളനാടേ

കേരള നാടേ മലനാടേ
കേളീ നിയം സുഖനാടേ
കലയും മലയും പ്രകൃതി വാഴും
കവിത വിരിയും മലനാടേ
പുണ്യപുരാണ ഇതിഹാസത്തിൽ
പൊരുളിയും നാടേ
തുഞ്ചൻ പാടിയ പാട്ടും നല്ല
തുള്ളൽ കവിതകളാലേ
ഉള്ളു നിറഞ്ഞൊരു സംസ്കൃതിയോടെ
പുഞ്ചിരി തൂകും മലനാടേ
ചങ്ങമ്പുഴയുടെ രമണനിലൂടെ
ലോകം കണ്ടൊരു മലനാടേ
കഥകളി പദവും പാടി വരുന്നു
ഭാരതപ്പുഴയുടെ മാമാങ്കം
ഭാവനയാകും വിത്തുകൾ തളിരുകൾ
ഇവിടെ പൂക്കും സമൃദ്ധികളിൽ
അഭിമാനത്തിൽ ഹൃദയവികാരം
കവിതകളായി വിരിയുന്നു.
കേരളനാടേ, മലനാടേ
കേളീ നിലയസുഖ നാടേ

കവിത



ജനാർദ്ദനൻ കടുങ്ങപുരം

# മാനസേശ്വരി

കന്നിമാസത്തിൽ പൊന്നുചാർത്തിയ
കൊയ്ത്തുപാടമുണർന്നപ്പോൾ
കൊയ്ത്തുപാട്ടിന്റെ ഈരടിയൊച്ച
കർണ്ണപിയൂഷമേകുന്നു
വിണ്ണിലെ ചാരുമേഘരാജികൾ
വർഷഘോഷം മുഴക്കുമ്പോൾ
വന്നു നീ നിന്നു എന്റെ ചാരത്ത്
വൃന്ദനൃത്തമൊരുക്കുവാൻ
നാണമാകുന്നോ നാടൻ പെണ്ണേ നിൻ
നാദമാധുരി കേട്ടു ഞാൻ
നർത്തനാലസ്യം തീർക്കവേ നിന്റെ
നീൾ മിഴി നൃത്തം കണ്ടു ഞാൻ
വർണ്ണരേണുക്കൾ ചാലിച്ചു തീർത്ത
വർമ്മ ചിത്രത്തിൻ ഭാവമേ
വാനിൽ നിന്നും വിരുന്നിനെത്തിയ
വെണ്ണിലാക്കിളിയാണോ നീ
മഞ്ജുമാർഗ്ഗഴി പൂരക്കാവിൽ നീ
മഞ്ഞളാട്ടത്തിനെത്തുമ്പോൾ
മാലവാങ്ങി നിൻ മാറിൽ ചാർത്തിടാം
മാനസേശ്വരിയാക്കിടാം.

കവിത

# ബാല്യകാലോർമ്മകൾ



പ്രഭാകരൻ നറുകര

തട്ടിയും കൊട്ടിയും ഓണം കഴിച്ചനാൾ
നഷ്ടദഃഖങ്ങളായ് തോന്നുന്നുവെങ്കിലും
വിട്ടുമാറാതെന്റെ മാനസവാതിലിൽ
മുട്ടിവിളിയ്ക്കുന്നു ബാല്യകാലോർമ്മകൾ.
കൂട്ടുന്നു പപ്പടം ഓണം വിഷുനാളിൽ
കേൾക്കുവോർക്കിന്നെല്ലാം ആശ്ചര്യവാക്കുകൾ
ചെപ്പടി മിദ്യകളല്ലന്റെ ഭാഷണം
ചെപ്പുതുറക്കുന്നനുഭവ കാഴ്ചകൾ
കെട്ടുപന്തിന്മേൽ കളിച്ചു നടന്നതും
നാട്ടുമാവിൻ കൊമ്പിലാടുന്ന മാങ്ങയ്ക്കു
നീട്ടിയെറിഞ്ഞെന്റെ കൈകൾ കുഴഞ്ഞതും
മൂന്നു കുഴിയിട്ടു ഗോട്ടി കളിയ്ക്കുന്ന
മുന്നേറ്റമാകുന്ന വീട്ടുമുറ്റങ്ങളിൽ
ഗോട്ടിയാൽ സക്തിയിലേറ്റമടികൊള്ളും
തോറ്റവർ കേഴുന്ന കണ്ണീരു കണ്ടതും
കുട്ടിയും കോലും കളിച്ചുകൊണ്ടോടുന്ന
കുറ്റിനിറഞ്ഞ പറമ്പുതോട്ടങ്ങളിൽ
എത്ര പൂ മുള്ളുകൾ നുള്ളി നോവിച്ചതും
എന്റെ കാല്പാടുകൾ മങ്ങാതെ നിൽക്കുന്നു
മാവേലി പാട്ടിൻ അർത്ഥങ്ങളറിയാതെ
ആവോളം വാമൊഴി ഈണങ്ങൾ കേട്ടതിൻ
സാരങ്ങളിന്നെന്നിൽ ചിന്തകൾ പൂക്കുന്നു
പാരിൽ വെളിച്ചം തെളിയുന്ന ശീലുകൾ.

കവിത



ശോഭ മക്കട

# മാതൃഭാഷമലയാളം

തുഞ്ചത്തെഴും പൊന്നു-
തമ്പുരാൻ നൽകി
പാരിന് ശ്രേഷ്ഠമാം മലയാളഭാഷ
മലയാളഭാഷാമൃതപ്രസാദം
പൂർവ്വികരും, മഹാപ്രതിഭകളും
മഹാപ്രതിഭകളാം മഹാകവികളും
മലയാളിയ്ക്ക് ശ്രേഷ്ടമാംഭാഷ
മലയാളമാണെന്നഭിമാനിച്ചു-
ശിരസാവഹിച്ചു സ്നേഹിച്ചു-
സാഹിത്യകൃതികളാൽസമ്പന്നമാക്കി
മലയാള ഭാഷതൻലാവണ്യവും
ശബ്ദമാധുര്യവും
മറ്റൊരു ഭാഷയ്ക്കുമില്ല
അർത്ഥങ്ങളും പര്യായസമ്പത്തും
ശക്തിചൈതന്യവും
മറ്റൊരുഭാഷയ്ക്കുമിത്രമേലില്ല.
പ്രൈമറിക്ലാസിൽനിന്നും
അന്നേ തുടങ്ങണം-
നന്നായ് നുണയുവാൻ
തേൻതുള്ളിപോലുള്ള
മലയാളഭാഷ
അനുഭൂതിപ്രവാഹമാം
മലയാളഭാഷ.

കവിത



# കാണാമറയത്ത്

ബാബുരാജൻ ചമ്പയിൽ



വയലെല്ലാം വീടായി മാറിയപ്പോഴോ
വയലിലുള്ള പച്ചപ്പ് കൺമറയത്തായ് കൺമറയത്തായ്
വയൽഞണ്ടും തവളകളുംവയൽ മീനുകളുമിന്ന്
എങ്ങുപോയ് എങ്ങുപോയ് കൺമറയത്തായ് കൺമറയത്തായ്
ചാടികുളിക്കുവാൻ തോടില്ല കുളമില്ലാ
തലകുത്തിമറയുവാൻ പുഴകളില്ലാ
ആ പുഴകളുമിന്നിതാ കൺമറയത്തായ് കൺമറയത്തായ്
തുമ്പപൂ പറിച്ചൊരു കുന്നിന്നു വെൺമലയായ്
ആ കുന്നും ഇന്നിതാ കൺമറയത്തായ് കൺമറയത്തായ്
കാക്കാപൂ മഞ്ഞപൂ ഓടപ്പൂ തെച്ചിയും-
ഇന്നിതാ നമ്മുടെ കൺമറയത്തായ്
മഞ്ഞകിളികളും ചെമ്പോത്തും കുരുവിയും ഇന്നിതാ
നമ്മുടെ കൺമറയത്തായ് കൺമറയത്തായ്
മധുരമായ് പാടുന്ന കുയിലില്ലാ തത്തയില്ലാ വാലാട്ടി കിളികളും
കൺമറയത്തായ് ഇന്ന് വാലാട്ടി കിളികളും-
കൺമറയത്തായ് കൺമറയത്തായ്.
വയലെല്ലാം വീടായി മാറിയപ്പൊഴോ
വയലിലുള്ള പച്ചപ്പ് കൺമറയത്തായ് കൺമറയത്തായ്.

പറ്റാറുണ്ട്. ഒരു വർഷത്തോളമായി ഹരിദാസൻ ബാബുവിന്റെ രണ്ടാം പാപ്പാനായിട്ട്. ബാബുവിനെ വിട്ട് മറ്റൊരാനയേയും തേടി താൻ പോവില്ലെന്നാണ് ഇപ്പോഴും അവൻ പറയുന്നത്.

കാലിലെ വ്യണം മൂലം നടക്കാനാവാതെ മിണാലൂരിലെ ആനപ്പറമ്പിൽ കെട്ടിയിട്ടിരിക്കയായിരുന്ന തിരുപ്പതി രാജു എന്ന ആനയെ ഒന്നാം പാപ്പാൻ രാജാമണി സ്ഥലത്തില്ലാത്ത തക്കം നോക്കി രണ്ടാം പാപ്പാനായ മുത്തു അവനെയും കൊണ്ട് നാടുചുറ്റാനിറങ്ങി. മിണാലൂർ സെന്ററിലെത്തിയതോടെ തീരെ അവശനായ ആന നടക്കാൻ വിസമ്മതിച്ചു. വലതു കാലിലെ നഖം പോയ ഭാഗത്തു തന്നെ വീണ്ടും കിട്ടി മുത്തുവിന്റെ കയ്യിൽ നിന്നും അടി. ആന വേദനകൊണ്ട് അലറി നിലവിളിക്കാൻ തുടങ്ങി. നാട്ടുകാരും സ്ക്കൂൾ വിട്ടു വന്ന വിദ്യാർത്ഥികളും ഇതു കണ്ട് ചുറ്റുംകൂടി പാപ്പാനെ ചോദ്യം ചെയ്യാൻ തുടങ്ങിയതും അയാൾ ഭയന്ന് രക്ഷതേടി ഓടി ചെന്നത് എങ്ങോട്ടാണെന്നോ– താൻ അല്പം മുമ്പേ മർദ്ദന മേല്പ്പിച്ച അതേ ആനയുടെ നടയിലേക്ക്! യാതോരു പകയോ വിദ്വേഷമോ കൂടാതെ കൊമ്പൻ അയാൾക്ക് അഭയമേകി.

തെച്ചിക്കോട്ടുകാവ് ദേവസ്വം വക ദേവീദാസൻ അടുത്തകാലത്ത് മദപ്പാടുണ്ടായി ഇടഞ്ഞു. മയക്കുവെടി വെയ്ക്കാൻ വിദ്ഗ്ദ്ധ സംഘമെത്തി. പാപ്പാൻ ആത്മവിശ്വാസത്തോടെ മുന്നോട്ടുവന്ന് മയക്കുവെടി വെയ്ക്കരുതെന്ന് അഭ്യർത്ഥിച്ചു. എല്ലാവരും അത്ഭുതം കൂറി നിൽക്കെ അയാൾ ഇടഞ്ഞു നിന്ന കൊമ്പനെ അനുനയിപ്പിച്ച് ലോറിയിൽ കയറ്റി സുരക്ഷിത സ്ഥാനത്തെത്തിച്ചു.

ചാവക്കാട് മണത്തല നേർച്ചക്കിടെ വിരണ്ട ചീരോത്ത് രാജീവ് എന്ന കൊമ്പൻ പുറത്തുണ്ടായിരുന്ന പാപ്പാനെയും കൊണ്ട് കായലിൽ ചാടുകയുണ്ടായി. കമ്പക്കയർ കെട്ടി വലിച്ച് പാപ്പാന്മാർ ഒടുവിൽ കരയ്ക്കു കയറ്റുകയായിരുന്നു. മൂന്നു മണിക്കൂറോളം കരയ്ക്കു കയറാതെ നിന്ന ആന കാഴ്ച്ച എഴുന്നള്ളിക്കാനായി പഴയ പാലത്തിനടുത്ത കനോലി കനാൽ കടക്കുന്നതിനിടയിലാണ്



എഴുന്നള്ളത്ത്

ഇടഞ്ഞു കായലിലേക്കിറങ്ങിയത്. കാലുകൾ ചെളിയിൽ പൂഴ്ന്നപ്പോഴാകാം ആന വിഭ്രാന്തിക്കടിമപ്പെട്ടത്. പിന്നീട് കായലിന്റെ ആഴത്തിലേക്ക് പോയിതുടങ്ങിയപ്പോൾ ആനപ്പുറത്തിരുന്ന പാപ്പാൻ ചാടി രക്ഷപ്പെട്ടു. എഴുന്നള്ളിപ്പിനുള്ള ഒരുക്കത്തിനായിരുന്നതിനാൽ ആന നെറ്റിപ്പട്ടവും കെട്ടിയിരുന്നു. മുങ്ങാൻ തുടങ്ങുമ്പോൾ ആന തുമ്പിക്കൈ കൊണ്ട് നെറ്റിപ്പട്ടം നനയാതെ മസ്തകത്തിൽ കയറ്റിവച്ചിരുന്നു!

മറ്റൊരിക്കൽ കാൽചങ്ങലയുമായി ചെളിക്കുഴിയിൽ വീണ കൊമ്പനെ രക്ഷിക്കാൻ പാപ്പാന്മാരും നാട്ടുകാരും പോലീസുമൊക്കെ പടിച്ച പണി പതിനെട്ടും പയറ്റിയിട്ടും സാധിച്ചില്ല. തൃക്കുന്നപ്പുഴ കാട്ടിൽ മാർക്കറ്റ് പുത്തൻ കരിയിൽ ദേവീ ക്ഷേത്രത്തിലെ ഒമ്പതാം ഉത്സവത്തിന് എഴുന്നള്ളിക്കാൻ കൊണ്ടു വന്നതാണ് രാജശേഖരൻ എന്ന കൊമ്പനെ. രാവിലെ എഴുന്നള്ളത്തു കഴിഞ്ഞ് ക്ഷേത്രത്തിനു മുമ്പിലെ തെങ്ങിൽ തളയ്ക്കാൻ കൊണ്ടുപോകവെ കാല് വഴുതി ചെളിക്കുഴിൽ വാഴുകയായിരുന്നു. ആനയെ അടിച്ചു കരയ്ക്കു കയറ്റാൻ പാപ്പന്മാർ ആവതും ശ്രമിച്ചു. ആന കരയിലേക്ക് കാലെടുത്തു വെയ്ക്കുമ്പോഴേക്കും വീണ്ടും കുഴിയിലേക്ക് വീണുകൊണ്ടിരുന്നു. ഇങ്ങനെ പലതവണ ആവർത്തിച്ചു. വടം കെട്ടി വലിച്ചു കയറ്റാനായി പിന്നത്തെ ശ്രമം. അതും ഫലിച്ചില്ല. പിന്നീട് പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തി. റ്റ്യൂബിൽ കുരുക്കി ആനയെ കരയ്ക്കെത്തിക്കാൻ ശ്രമം നടന്നു. രക്ഷിക്കാൻ വന്നവരൊടൊക്കെ ആന സഹകരിച്ചു. പക്ഷേ കാര്യം നടന്നില്ലെന്നു മാത്രം. ഒടുവിൽ ആനയ്ക്കും മടുത്തു തുടങ്ങി. ഇനിയൊന്ന് ഒറ്റയ്ക്കു ശ്രമിച്ചു നോക്കിയാലോ എന്നവനു തോന്നിയിരിക്കാം. ഫയർഫോഴുസുകാർ ഇട്ടുകൊടുത്തിരുന്ന റ്റ്യൂബും നാട്ടുകാർ കൊണ്ടു വന്ന തെങ്ങിൻ തടികളും തള്ളിമാറ്റി അവൻ തനിയെ ആരുടേയും സഹായമില്ലാതെ പതുക്കെ കരയ്ക്കു കയറി. കണ്ടുനിന്നവർ ആർപ്പു വിളിച്ചും കൈയ്യടിച്ചും വരവേറ്റു. പാപ്പാന്മാർ ക്ഷേത്രത്തിനു മുമ്പിൽ കൊണ്ടു വന്ന് അവനെ കുളിപ്പിച്ചു. ദേഹത്തെ ചെളിയിളക്കികളയാൻ ടാങ്കിലെ വെള്ളം ഒഴിച്ചു കൊടുത്ത് ഫയർഫോഴ്സുകാരും സഹായിച്ചു.

വെള്ളറക്കാട് ചിങ്ങ്യംകാവ് ഭഗവതി ക്ഷേത്രത്തിൽ പൂരാഘോഷം നടക്കുകയായിരുന്നു. കൂട്ടി എഴുന്നള്ളിപ്പിനു ശേഷമുള്ള പ്രദക്ഷിണമാണ്. സമീപത്തു നിന്ന കൂട്ടാനകളുടെ ഇടയിൽ പെട്ട് ചെർപ്പുളശ്ശേരി വാസൻ എന്ന കൊമ്പൻ വല്ലാതെ ഞെരിഞ്ഞമർന്നു. എന്തു ചെയ്യാനാണ്! "എന്നെ ഇതാ കൂട്ടാനകൾ ഞെക്കി കൊല്ലുന്നേ" എന്നു വിളിച്ചു കൂവാൻ പറ്റുമോ? സാഹസത്തിനൊന്നും പോയില്ല. നിന്നിയിടത്തു നിന്നു തിരിഞ്ഞ്







തുമ്പിക്കൈ കൊണ്ട് പാപ്പാനെ ചെറുതായൊന്നു അടിക്കുകയും സമീപത്തു നിന്ന ആനയെ കൊമ്പുകൊണ്ടൊന്നു തട്ടുകയും ചെയ്തു. പിന്നെ തുമ്പിക്കൈ ചുഴറ്റി മെല്ലെ പിന്നിലേക്കു മാറി. എത്ര സൗമ്യം! ശാന്തം! മനുഷ്യരായാൽ പോലും ഇതിലുമെത്രയോ കൂടിയ തോതിലായിരിക്കും വേദനിപ്പിച്ചാൽ പ്രതികരിക്കുക.

ഉത്സവം കഴിഞ്ഞ് ഒരാനയെ വഴിയിലൂടെ നടത്തികൊണ്ടു പോവുകയായിരുന്നു. നട്ടുച്ച. വഴിയിരികിൽ ഒരു തൊട്ടിയിൽ നിറച്ച വെള്ളം കണ്ടപ്പോൾ ആന പൊടുന്നനെ നിന്നുപോയി. പാപ്പാൻ സമ്മതിച്ചില്ല. വേഗം നടക്കാൻ വേണ്ടി അവനെ ശകാരിക്കുകയും മർദ്ദിക്കുകയും ചെയ്തു. എന്തു ചെയ്യും? “എനിക്കു വെള്ളം കുടിക്കണം.” എന്നവനു വിളിച്ചു പറയാനാവുമോ? ദാഹം തീരുവോളം വെള്ളമെങ്കിലും കിട്ടാതെ എങ്ങനെയാണ് ഇത്ര വലിയൊരു ജീവിക്കു കഴിയാനാവുക! ദാഹം തീർന്നാൽ ബാക്കി ജലം കോരി മുകളിലേയ്ക്കും നടയിലേയ്ക്കും തൂവുന്നത് ആനയുടെ പ്രകൃതമാണ്. ആനപ്പുറത്ത് ആളിരിക്കുന്നുണ്ടെങ്കിൽ അയാളെ നനയ്ക്കാൻ മുതിരാറില്ല. നടയിലേക്കു മാത്രമാവും പിന്നെ വെള്ളമൊഴിക്കുന്നത്.

മിണ്ടാപ്രാണിയാണെങ്കിലും ജീവിച്ചുപോകാനാവശ്യമായ ചില തന്ത്രങ്ങളും കൗശലങ്ങളുമൊക്കെ ആനകൾക്കും സ്വായത്തമാണ്. ഇടഞ്ഞ ഒരാന ബന്ധനത്തിൽ നിന്നും വിട്ടുപോകുമ്പോൾ പിറകിൽ നീണ്ടു കിടക്കുന്ന ചങ്ങല ഇടയിക്കിടെ തോണ്ടി മുന്നിലേക്ക് ഇട്ടുകൊണ്ടിരിക്കും. ചില കൊമ്പന്മാരാവട്ടെ ചങ്ങലയുണ്ടെങ്കിൽ അത് നേരത്തെ കൊമ്പിലെടുത്തു പിടിച്ചായിരിക്കും സഞ്ചാരം. നീണ്ടുകിടന്ന ചങ്ങലയുടെ അറ്റം കൈയ്യിൽ കിട്ടിയാലല്ലെ പാപ്പാന് അവനെ എളുപ്പം വരുതിയിലാക്കാൻ പറ്റു.

ഒരിക്കൽ തൃശ്ശൂരിലെ ജന്തു ദ്രോഹ നിവാരണ ഉദ്യോഗസ്ഥൻ ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കായി പ്രശസ്തമായ ആനത്താവളത്തിൽ മാരകമായ വൃണങ്ങളുമായി നിന്ന ഒരാനയെ കാണാൻ ചെന്നു. ഒരു വശം ഭിത്തിയോടു ചാരിനിന്ന ആനയുടെ അടുത്തെത്തി പരിക്കു കാണാൻ വേണ്ടി അയാൾ അതിന്റെ ചുറ്റും പല തവണ നടന്നു നോക്കി. അസാധാരണമായി ഒന്നും കണ്ടില്ല. കുറച്ചു നേരം കഴിഞ്ഞ് അയാൾ പിൻതിരിയാൻ തുടങ്ങിയതാണ്. അത്ര നേരവും അയാളെ തന്നെ നിരീക്ഷിച്ചു നിന്ന ആന പെട്ടെന്ന് സ്വയം തിരിഞ്ഞു നിന്നിട്ട് പിൻ കാലുയർത്തി പഴുത്തളിഞ്ഞ വൃണം അയാൾക്കു നേരെ കാണിച്ചു കൊടുത്തു പോലും!

അന്യായമായ പീഢനമെത്ര ഏറ്റിരിക്കാമെങ്കിലും ഈ കരിവീരനും എന്തൊരു “വിവേകം” അല്ലെ? ■

ലോകവിചാരം



പി.ആർ നാഥൻ

# കലയും ജീവിതവും

**പ**ട്ടാമ്പിയിലെ ഓലമേഞ്ഞ ഒരു സ്കൂളിലാണ് ഞാൻ പത്താംതരം വരെ പഠിച്ചത്. കിഴായൂർ ഗ്രാമത്തിൽ നിന്നും പട്ടാമ്പി ഹൈസ്ക്കൂളിലേക്ക് ഒരു മണിക്കൂറോളം നടക്കണം. അന്ന് കീഴായൂരിൽ വൈദ്യുതിയില്ല. ഒരു റേഡിയോ പോലും ഗ്രാമത്തിൽ ഇല്ല. ടൗണിലേക്ക് നിരത്തും ഉണ്ടായിരുന്നില്ല. റയിലോരത്തുകൂടിയാണ് ആളുകൾ നടന്നുപോകുക. ഗ്രാമത്തിലുള്ളവരെല്ലാം കൃഷിക്കാരാണ്. കൃഷി ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുക എന്നത് അക്കാലത്തും ദുഷ്കരമാണ്. പട്ടിണി സർവ്വസാധാരണം. പട്ടിണികൊണ്ട് മരിച്ചവരെ എനിക്കറിയാം. എന്റെ കൂടെ പഠിച്ച ഒരു കുട്ടി ദാരിദ്ര്യം കൊണ്ട് മരിച്ചുപോയത് ഞാൻ ഓർമ്മിക്കുന്നു. ഇത്തരമൊരു കാലഘട്ടത്തിൽ ഓലമേഞ്ഞ ഹൈസ്ക്കൂളിൽ പഠിക്കുമ്പോൾ മൂന്നുനേരം കഞ്ഞികുടിക്കുക എന്നതിൽ കവിഞ്ഞ് മോഹങ്ങൾ കുറവായിരുന്നു. അന്ന് വായിക്കാനായി പുസ്തകങ്ങൾ കിട്ടുന്നത് അപൂർവ്വം. ഈ സാഹചര്യത്തിലും എനിക്ക് എഴുത്തുകാരനാവണമെന്ന് മോഹമുണ്ടായിരുന്നു. സാഹിത്യകരന്മാർ പട്ടിണിക്കാരാണെന്ന് കേട്ടിട്ടുണ്ടായിരുന്നു. മിക്കവാറും എല്ലാ സാഹിത്യകൃതികളിലും സാഹിത്യകാരന്മാരെ ദരിദ്രരായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അന്നും തോന്നിയത് ഗ്ലാമർ കുറവാണെങ്കിലും ഒരു എഴുത്തുകാരനാവണമെന്നായിരുന്നു.

ഇന്ന് കമ്പ്യൂട്ടറിന് പ്രാധാന്യമുള്ളതുപോലെ അക്കാലത്ത് ടെലിഫോൺ, ടെലിഗ്രാഫ്, വയർലെസ്സ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യമുണ്ടായിരുന്നു. ഈ വിഷയങ്ങൾ പഠിച്ചവർക്ക് റയിൽവെ, പോസ്റ്റൽ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിൽ തൊഴിൽ സാധ്യത ഉണ്ടായിരുന്നു. ഒരു ടെലിഗ്രാഫിസ്റ്റാകുക എന്ന മോഹം എന്നിൽ കുറവായിരുന്നുവെങ്കിലും വയറ്റുപ്പിഴപ്പിന്നായി ഞാൻ അത് പഠിച്ചു. ടെലികമ്മ്യൂണിക്കേഷനിൽ ഞാൻ ബീരുദം നേടി. ഇത്തരമൊരു സാഹചര്യത്തിലാണ് പതിനെട്ട് വയസ് തികഞ്ഞ ഉടനെ റയിൽവെയിലും കേന്ദ്രഗവൺമെന്റ് വക പ്രൊവിഡണ്ട് ഫണ്ട് ഓഫീസിലും ഉദ്യോഗം കിട്ടുന്നത്. ഏതു ജോലിയിൽ ഇരുന്നാലാണ് കഥകൾ എഴുതാൻ സാഹചര്യം കിട്ടുക എന്ന് ചിന്തിച്ചു. റയിൽവേയിൽ അസിസ്റ്റന്റ് സേറ്റേഷൻ മാസ്റ്ററുടെ ജോലിയാണ് കിട്ടിയത്. ഒരു സ്റ്റേഷൻ മാസ്റ്റർക്ക് രാത്രിയിലും പകലിലും ജോലി ചെയ്യേണ്ടിവരും. അതിനാൽ പ്രൊവിഡണ്ട് ഫണ്ട് ഓഫീസിലെ ജോലി സ്വീകരിച്ചു. പോസ്റ്റിംഗ് കിട്ടിയത് തിരുവനന്തപുരത്തെ പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ.




തിരുവനന്തപുരം നഗരത്തെക്കുറിച്ച് കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. മൂന്നു രൂപ കൊടുത്ത് ഒരു ഇരുമ്പുപെട്ടി വിലയ്ക്കുവാങ്ങി. തിരുവനന്തപുരത്തേക്ക് ആദ്യമായി തനിയെ യാത്ര ചെയ്യുകയാണ്. മനസ്സിൽ പരിഭ്രമമുണ്ട്.

ഒരു വലിയ നഗരത്തിലേക്കാണ് പോകുന്നത്. പെട്ടിയിൽ സാധനങ്ങൾ എല്ലാം എടുത്തുവച്ചുവോ എന്ന് അച്ഛൻ ചോദിച്ചു. പിതാവായ പ്രഭാകരമേനോൻ അന്ന് പട്ടാമ്പി ഹൈസ്ക്കൂളിലെ ചിത്രകലാദ്ധ്യാപകനാണ്. അച്ഛൻ പെട്ടി തുറന്നു നോക്കി.കുറേ വെള്ളക്കടലാസുകൽ, പുസ്തകങ്ങൾ, ആഴ്ചപ്പതിപ്പുകൾ തിരുവനന്തപുരത്തു ചെന്നാൽ കഥകൾ എഴുതിത്തുടങ്ങാമല്ലോ എന്ന ചിന്തയായിരുന്നു മനസ്സിൽ. ജോലിയുടെ അപ്പോയിന്റ്മെന്റ് ഓർഡർ അക്കൂട്ടത്തിൽ എടുത്തുവെയ്ക്കാൻ മറന്നുപോയി.

അച്ഛൻ വളരെ ശകാരിച്ചു. ഉദ്യോഗം കിട്ടിയാലും കഥയെഴുതാനാണോ മോഹം എന്നു ചോദിച്ച് അച്ഛൻ ദേഷ്യപ്പെടുമ്പോൾ മനസ്സ് മന്ത്രിച്ചു. എഴുതാൻ കഴിയുമോ എന്ന് നോക്കണം. എഴുതുക എന്നത് ഒരു വ്യക്തിയുടെ നൈസർഗ്ഗിക വാസനയാണ്. നൈസർഗ്ഗിക വാസനയോടു ചേരുമ്പോൾ മാത്രമാണ് ഒരാൾ ആഹ്ലാദഭരിതനാകുന്നത്.

കലകളോടുള്ള ഭ്രമത്തിന് യുക്തിയൊന്നുമില്ല. അത് ഒരു വ്യക്തിയെ സന്തോഷിപ്പിക്കുന്നു. എഴുത്തുകാരനെന്ന നിലയിൽ ഞാൻ ഒരുപക്ഷെ പരാജയപ്പെട്ടി

രിക്കുന്നു എന്ന് അന്യർക്ക് വിധിയെഴുതാം. എങ്കിലും ഞാൻ സന്തോഷിച്ചുകൊണ്ടിരുന്നു. എഴുതുന്ന വേളയിൽ മാത്രമാണ് ജീവിക്കുന്നത്. കുറെക്കാലം പ്രോവിഡണ്ട് ഓഫീസിൽ ഉദ്യോഗസ്ഥനായി മലയാള ഭാഷയിലെ സാഹിത്യകാരന്മാരെ പരിചയപ്പെടുന്നത് ആ കാലഘട്ടത്തിലാണ്.

തുടർന്ന് ഞാൻ കോഴിക്കോട്ടേക്കു വന്നു. ഉദ്യോഗത്തിൽ നിന്ന് രാജി വെച്ചുപിരിയുകയും മാങ്കാവിൽ സ്ഥിരതാമസമാക്കുകയും ചെയ്തു.

ജീവിതത്തെ മറ്റുള്ളവർ എങ്ങനെ വിലയിരുത്തുന്നു എന്ന് ചിന്തിക്കുന്നതിൽ അർത്ഥമില്ല.

നമുക്ക് സ്വന്തം ജീവിതം ഇഷ്ടമായോ എന്നാണ് ചോദ്യം. ജന്മവാസനയുമായി ചേരുക. ഇഷ്ടപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക. വാസനയില്ലാത്ത കാര്യങ്ങൾ ചെയ്യാതിരിക്കുക. ആട്ടുന്നവനെ വിളിച്ച് നെയ്യാൻ ഏൽപ്പിക്കുക എന്ന പഴഞ്ചൊല്ലിൽ സത്യമുണ്ട്.

ഏതിനായിട്ടാണ് നാം ജനിച്ചത് എന്ന് മനസ്സാക്ഷിയോട് ചോദിക്കുക. കഴിയാത്ത കാര്യങ്ങളഴിൽ നിന്ന് മാറി നിൽക്കുക കലാകാരന്മാർ എല്ലാവരും വിജയിച്ചുകൊള്ളണമെന്നില്ല. അന്യരുടെ വിലയിരുത്തൽ ശരിയാകണമെന്നുമില്ല. ഇഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്യുമ്പോൾ അതിൽ നിന്നു സുഖം കിട്ടുന്നു.

ഇതാണോ ഇത്ര വലിയ കാര്യം. എന്ന് അന്യർ ചോദിക്കുമെങ്കിലും ആ സ്വരത്തിന് ചെവി കൊടുക്കേണ്ടതില്ല. നമ്മുടെ സന്തോഷത്തിനു വേണ്ടിയാണ് നാം കലകളെ പ്രോത്സാഹിപ്പിക്കുന്നത്. എന്തു പ്രതിഫലം കിട്ടി എന്ന വിവരണത്തോടെ ഒരിക്കലും കലകളെ സമീപിക്കരുത്.

നൈസർഗ്ഗിക വാസനയ്ക്ക് പ്രതികൂലമായ സാഹചര്യങ്ങൾ ഉണ്ടായി എന്നു വരാം. അത്തരം പശ്ചാത്തലം നമ്മെ വേദനിപ്പിക്കും. എത്ര ഒളിപ്പിച്ചുവെച്ചാലും കലാബോധം പുറത്തുവരും. ഒട്ടകത്തേയും പ്രണയത്തേയും ഒളിപ്പിച്ചുവെയ്ക്കാൻ ബുദ്ധിമുട്ടാണെന്ന് പറയാറുണ്ട്. എന്റെ അമ്മ അനുഗ്രഹീതയായ പാട്ടുകാരിയായിരുന്നു.

ശാസ്ത്രീയ സംഗീതം പഠിച്ച് ബിരുദങ്ങൾ നേടിയെങ്കിലും ഒരു വീട്ടമ്മയായി ജീവിതം ഒതുക്കി നിർത്തേണ്ടി വന്നു. എങ്കിലും പ്രാരാബ്ധങ്ങൾക്കിടയിൽ അമ്മ അടുക്കളയിൽ നിന്നു കൊണ്ട് പാടിക്കൊണ്ടിരുന്നു.

ഒളിപ്പിക്കാൻ കഴിയാത്ത ഈ വാസനകളെ നശിപ്പിക്കുക എന്നത് പ്രായോഗികമല്ല. പണ്ട് മുരടനായ ഒരു രാജാവ് ഒരു കാര്യം നിരീക്ഷിച്ചറിഞ്ഞു.

കവികളെകൊണ്ടും കലാകാരന്മാരെകൊണ്ടും ഈ ലോകത്തിന് യാതൊരു പ്രയോജനവുമില്ല. രാജാവ് കവികളേയും കലാകാരന്മാരേയും തിരഞ്ഞുപിടിച്ചു ശിക്ഷിച്ചു. നിരവധിപേർ രാജ്യം വിട്ടുപോയി. ശേഷിച്ചവരെ തടവിൽ വെയ്ക്കുകയും ചെയ്തു. ആർക്കും ഉപകാരമില്ലാത്ത കലകൾ രാജ്യത്ത് ആവശ്യമില്ല എന്ന അഭിപ്രായക്കാരനായിരുന്നു രാജാവ്. ഇതോടെ നാട്ടിൽ കലകൾ ഇല്ലാതായി. കവിതയില്ല. സാഹിത്യമില്ല. ശിൽപ്പങ്ങൾ ഇല്ല. ഭാവനകൾ ഇല്ല. നൃത്തങ്ങളോ നാടകങ്ങളോ ഇല്ല. കലാകാരന്മാരെ ഒതുക്കിയതോടെ നാട് പരിശുദ്ധമായി എന്ന് രാജാവ് വിശ്വസിച്ചു. വർഷങ്ങൾ കഴിഞ്ഞു.

ജയിലിൽ കിടക്കുന്ന ഒരു കവി തനിയ്ക്ക് ആഹാരം തരുന്ന ഇലയിൽ ഈർക്കിലികൊണ്ട് കവിതയെഴുതി. ആ കവിത ആരോ വായിച്ചു. അത് ഏറ്റുചൊല്ലി. രാജാവിന്റെ കാതിൽ കവിത എത്തി. രാജാവ് അതോടെ അസ്വസ്ഥനായി. എത്രമാത്രം നിരത്സാഹപ്പെടുത്തിയിട്ടും കവിത വരുന്നു. ഇനി എന്തു ചെയ്യും?

ശിൽപ്പിയായ ഒരാൾ രാജകൽപ്പന ഭയന്ന് വനത്തിൽ അഭയം തേടിയിരുന്നു. അയാൾ ആഹാരം കിട്ടാതെ അലഞ്ഞു. ഒരിക്കൽ രാജാവ് വനത്തിൽ ചെന്നപ്പോൾ ശിൽപ്പിയെ കണ്ടു. അയാൾ അതിമനോഹരമായ ഒരു ശിൽപ്പം ഉണ്ടാക്കി വെച്ചിരിക്കുന്നു. മതിയായ ആഹാരം കിട്ടുന്നില്ലെങ്കിലും ശിൽപ്പി തൃപ്തനായിരുന്നു. രാജാവ് ആ കാഴ്ച കണ്ട് അമ്പരന്നു.

പിന്നീട് സമുദ്രസഞ്ചാരത്തിനിടയിൽ രാജാവ് ഒരു കാര്യം ശ്രദ്ധിച്ചു. ഒരു മീൻപിടുത്തക്കാരൻ തോണിയിലിരുന്ന് ഉറക്കെ പാടിക്കൊണ്ടിരിക്കുന്നു. അയാൾ സംഗീതമാലപിച്ചുകൊണ്ട് മീൻ പിടിക്കുന്നു.

പാടാൻ വാസനയുള്ള ഒരു വ്യക്തിയെ ആർക്കും തടയാൻ കഴിയകയില്ല. രാജാവിനെ ഭയന്ന് സമുദ്രതീരത്ത് അഭയം തേടിയ വ്യക്തിയാണ് പാടുന്നത്. എത്ര സുന്ദരമായ ഗാനം. രാജാവ് കാതുകൂർപ്പിച്ച് അത് ശ്രദ്ധിച്ചു. ദൈവാനുഗ്രഹമുള്ളവർക്കു മാത്രമേ പാടാൻ കഴിയുകയുള്ളു എന്ന് രാജാവിനു തോന്നി.

ഒരു നർത്തകി രാജാവിനെ ഭയന്ന് വനത്തിലേക്ക് പോയിരുന്നു. രാജാവ് വനത്തിൽ ചെന്ന് അവൾ എവിടെ എന്ന് അന്വേഷിച്ചു.

അപ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. വനത്തിലെ മൃഗങ്ങൾ നൃത്തം മെയ്യുന്നു. നൃത്തം പഠിപ്പിച്ചത് ആ നർത്തകിയായിരുന്നു. ഹിംസ്രജന്തുക്കളെ നൃത്തം പഠിപ്പിക്കുക എന്നത് എത്ര ബുദ്ധിമുട്ടുള്ള കാര്യമാണ്.

അത്ഭുതത്തോടെ രാജാവ് സ്വന്തം മനസ്സിൽ എഴുതിയിട്ടു. നൈസർഗ്ഗിക വാസനകളെ ആർക്കും ഒളിപ്പിക്കുക വയ്യ. വായന എന്നത് വാസനകളിലൊന്നാണ്. വായിക്കാൻ വാസനയില്ലാത്ത ഒരു വ്യക്തി ഈ ലേഖനത്തിന്റെ അവസാനഭാഗം വരെ വായിക്കാൻ സാദ്ധ്യതയില്ല. അയാൾ താളുകൾ മറിച്ചിട്ടുണ്ടാകും.


കലകളെ ഒളിപ്പിക്കുന്നവർ അസ്വസ്ഥരാകും. പണമുണ്ടാക്കുക എന്നതും ഒരു കലയാണ്. അതിൽ താല്പര്യമുള്ളവർ അതു ചെയ്യട്ടെ.

പാടാൻ തോന്നുന്നവർ കുളിമുറിയിൽ വെച്ചെങ്കിലും പാടണം. അഭിനയിക്കാൻ താല്പര്യമുള്ളവർ കണ്ണാടിയുടെ മുൻപിൽ നിന്നെങ്കിലും അഭിനയിക്കണം. പ്രസംഗിക്കാനാണ് താല്പര്യമെങ്കിൽ ആരെയെങ്കിലും സാക്ഷി നിർത്തിയോ നിർത്താതെയോ പ്രസംഗിക്കുക. ചിത്രം രചിക്കാൻ തോന്നുന്നെങ്കിൽ കരിക്കട്ടയെടുത്ത് ഏതെങ്കിലും ചുമരിൽ വരച്ചിടുക. അതുകണ്ട് ആരെങ്കിലും തല്ലാൻ വന്നാൽ ഓടി രക്ഷപ്പെടുക.

അസംബന്ധങ്ങൾ എഴുതാനാണ് വാസനയെങ്കിലോ? എഴുതുക. അച്ചടിക്കാൻ ആളെ കിട്ടുന്നില്ലെങ്കിൽ എഴുതിയശേഷം ഒരിടത്തു വെക്കുക. പുറംലോകം കാണാത്ത രചനകൾക്കും ശാപമോക്ഷം ഉണ്ടാകാറുണ്ട്.

ഉറങ്ങാനാണ് വാസനയെങ്കിലോ? ഒരു തെറ്റും ഇല്ല. സുഖമായി ഉറങ്ങുക. ഒന്നിനും വാസനയില്ലെങ്കിലോ? അവർ ഭാഗ്യവാന്മാർ. മറ്റുള്ളവരെ വിലയിരുത്തി പ്രമാണിമാരാകുക. അഭിപ്രായങ്ങൾ വിളിച്ചു പറഞ്ഞ് എല്ലാരേക്കാളും വലിയവരാകുക. തൊഴിലാളികളേക്കാൾ വലിയവരല്ലേ മേസ്തിരിമാർ. ■

കഥ



ഷംസ് കല്ലായി

# "ലയൺ ബാബു"



സത്യസന്ധനായ പോലീസ് ഓഫീസറാണ് ബാബു സൈമൺ. കോളേജിൽ പഠിക്കുമ്പോൾ തന്നെ പവർ ലിഫ്റ്റിംങ്ങ് ചാമ്പ്യനുമായിരുന്നതിനാലും ഹൈ ജംബ്, ലോങ്ങ് ജംബ്, ഓട്ടമത്സരങ്ങളിൽ ഒരുപാട് വിജയിച്ചിരുന്നതുകൊണ്ടും സ്പോട്സ് കോട്ടയിലാണ് ബാബുവിന് എസ്.ഐ സെലക്ഷൻ കിട്ടിയത്.

സ്ഥാനക്കയറ്റം കിട്ടി ഇപ്പോൾ ട്രാഫിക്ക് സി.ഐ ആണ് അദ്ദേഹം.

ഔദ്യോഗിക ജീവിതം നല്ല രീതിയിൽ പോയിരുന്നെങ്കിലും ബാബുവിന് സിനിമ അഭിനയം എന്നും ദൗർബല്യമായിരുന്നു. പുകവലി, മദ്യപാനം തുടങ്ങീ സാധാരണ പോലീസുകാർക്കുള്ള ഒരു ദുശ്ശീലങ്ങളും ബാബുവിന് ഇല്ല.

എന്നാൽ സിനിമയിൽ അയാൾക്ക് കിട്ടിയിരുന്ന വേഷങ്ങൾ ഗുണ്ടയുടെ സഹായി, ബലാൽസംഘികൻ അതിലും വൃത്തികെട്ട പ്രവർത്തികൾ ചെയ്യുന്നവർ ആയിരുന്നു.

അതിനു കാരണം ബാബുവിന്റെ കഴിവുകേടോ അതോ അത്തരം വേഷങ്ങളിൽ സംവിധായകരും മറ്റ് അണിയറ പ്രവർത്തകരും അയാളെ തളച്ചിട്ടതാണോ എന്നും ബാബുവിനറിയില്ല.

സിനിമയിൽ ഒരു വേഷം എന്നുകേട്ടാൽ ഉടനെ ബാബു രണ്ടാമതൊന്നും ആലോചിക്കാതെ ഇറങ്ങി പുറപ്പെടും.

ഭാര്യ ഷെർലിയ്ക്ക് ബാബു സിനിമയിൽ അഭിനയിക്കുന്നതിനോട് എതിർപ്പാണെന്നും മാത്രമല്ല വെറുപ്പുമാണ്. അത് ബാബു സിനിമയിൽ ചെയ്യുന്ന തരംതാണ വേഷങ്ങൾ കണ്ടിട്ടാണോ അതോ അയാൾ കുടുംബത്തിൽ നിന്നകന്നുപോകുമോ എന്ന ഭയം കൊണ്ടാണോ എന്നും ഇതുവരെ ബാബുവിന് മനസ്സിലായിട്ടില്ല.

ഷെർലി വില്ലേജ് ഓഫീസറാണ്. അവർക്ക് ഒറ്റ മകളാണ് ജൂലിയ. അഞ്ചാം ക്ലാസ്സിൽ ആണ് മകൾ പഠിക്കുന്നത്. രണ്ടു പേർക്കും ബാബുവിനും ഷെർലിയ്ക്കും മാന്യമായ ജോലിയും ശമ്പളവും ഉണ്ട്. നല്ല കുടുംബത്തിലുള്ളവരും. എന്നിട്ടും തന്റെ ഭർത്താവെന്തിനാണ് സിനിമാ അഭിനയ ഭ്രാന്തുമായി നടക്കുന്നതെന്നാണ് ഷെർലിയുടെ ചോദ്യം. അവരുടെ ഭയവും അതുതന്നെയാണ്. ബാബുവിന്റെ അമ്മ റോസിയും മൂത്ത ജ്യേഷ്ഠൻ ബിനോയിയും കുടുംബവും, ഇളയ സഹോദരി ബ്ലസ്സിയും ഒന്നിച്ച് തറവാട്ടിലാണ് താമസം. അത് ബാബുവിന്റെ ടൗണിലെ വീട്ടിൽ നിന്നും അൽപം അകലെ ഗ്രാമപ്രദേശത്താണ്.

സഹോദരി ബ്ലസ്സി വിവാഹിതയായി മാസങ്ങൾഡക്കുള്ളിൽ ഒരപകടത്തിൽ പെട്ട് ഭർത്താവു മരിച്ചതാണ്. കുട്ടികൾ ഇല്ല.

ജ്യേഷ്ഠൻ ബിനോയ്ക്ക് ഫർണിച്ചർ ബിസിനസ്സാണ്. അയാൾക്കും ഷെർലിയെപ്പോലെ ബാബു സിനിമയിൽ അഭിനയിക്കുന്നതിനോട് വെറുപ്പാണ്. എന്നാൽ അമ്മ റോസിയ്ക്കും സഹോരി ബ്ലസ്സിയ്ക്കും അതിനോടെതിർപ്പൊന്നും ഇല്ലായിരുന്നു.

കുടുംബ വീട്ടിൽ വെച്ച് ബിനോയ് എപ്പോഴും ബാബുവിനെ പുച്ഛിച്ച് സംസാരിയ്ക്കും.

അവരുടെ അച്ഛൻ സൈമൺ അധികം പ്രശസ്തനാവാത്ത ഒരു നാടക നടനായിരുന്നു. അക്കാലത്ത് തനിയ്ക്കുണ്ടായിരുന്ന ആധിയാണ് ഇന്ന് ഷെർലിയ്ക്കുള്ളതെന്ന് അമ്മ റോസിയ്ക്കറിയാമായിരന്നു.

അവരുടെ അച്ഛൻ സൈമൺ നാടകാഭിനയത്തോടൊപ്പം കുടുംബത്തിനായി മലഞ്ചരക്ക് വ്യാപാരം ചെയ്ത് ധാരാളം പണം സംമ്പാദിച്ചിരുന്നു.

ഒരു സർക്കാർ ഉദ്യോഗസ്ഥനായ തന്റെ ഭർത്താവ് ജോലിയും പദവിയും ഉപേക്ഷിച്ച് മുഴുവൻ സമയ സിനിമാ നടനാകാൻ

പോകുമോ എന്ന ഭയം ഷെർലിയ്ക്ക് വളരെ ആഴത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ വർ ബാബുവിന്റെ അഭിനയ മോഹത്തെ അൽപം പോലും പ്രോത്സാഹിപ്പിക്കാതിരുന്നത്.

കോളേജിൽ പഠിക്കുന്ന കാലത്തു ബാബു പവർലിഫ്റ്റിംങ് ചാമ്പ്യനും മിസ്റ്റർ കേരളയും ആയപ്പോൾ ബാബു "ലയൺ" എന്ന പേരിലുള്ള അണ്ടർവെയ റിന്റെ പരസ്യത്തിൽ അഭിനയിച്ചു. അതോടെയാണ് ബാബു സൈമൺ "ലയൺ ബാബു" ആയി തീർന്നത്.

സ്ത്രീകളെ ചീത്ത വിളിക്കുന്നതും തെമ്മാടിത്തം പറയുന്നതു മല്ലാത്ത ഡയലോഗുകളൊന്നും തന്നെ സിനിമയിൽ ബാബുവിന് കിട്ടിയിരുന്നില്ല. അതുകൊണ്ട് തന്നെ ഏതെങ്കിലും പുതിയ സംവിധായകരോ പരിചിത സംവി ധായകരോ സിനിമയിൽ വേഷമു ണ്ടെന്ന് കേൾക്കുമ്പോൾ തന്നെ ബാബുവിന്റെ ചോദ്യം "ഡയലോ ഗുണ്ടാവുമോ" എന്നായിരുന്നു. അതിനെ സിനിമാക്കാർ മുഴുവൻ അതിശയോക്തി കലർന്ന തമാശ രൂപത്തിൽ പറഞ്ഞു പറഞ്ഞ് പിന്നെയും ആവർത്തിച്ച് ചിരിച്ചി രുന്നു. സിനിമാക്കാരുടെ ഇടയിൽ നല്ലൊരു സർക്കാർ ഉദ്യോഗസ്ഥ നായ ബാബു അത്തരത്തിൽ ഒരു തമാശ കഥാപാത്രമായിരുന്നു. എന്നാൽ ബാബുവിന് ഡയലോ ഗുള്ള തമാശ കഥാപാത്രം പോലും നൽകിയതുമില്ല.

ഷെർലിയുടെ നിരുത്സാഹപ്പെടു ത്തലും, സിനിമയിൽ അഭിന യ്ക്കാൻ പോകുന്നതിന്റെ പേര് പ റഞ്ഞ് ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുകയാ ണെന്നും പറഞ്ഞ് വഴക്കും ഉണ്ടാ യിരുന്നെങ്കിലും അതൊന്നും ബാബുവിനെ സിനിമാ അഭിനയ മോഹത്തിൽ നിന്നും പിൻതിരിപ്പി ച്ചില്ല.

ബ്ലസ്സിയെ പുനർ വിവാഹം കഴി ക്കാൻ പലരും താൽപ്പര്യപ്പെട്ടിരു ന്നെങ്കിലും അവൾക്കതിൽ താൽപ്പര്യമില്ലായിരുന്നു. എന്നാൽ അമ്മ റോസിയുടെ കാലം കഴി ഞ്ഞാൽ അവൾ ഒറ്റപ്പെടുമെന്ന കാരണത്താൽ ആയിടെ വന്ന ഒരു വിവാഹത്തിനവൾ സമ്മതം മൂളി.

ബിനോയ്ക്ക് സഹോദരിയുടെ നിശ്ചയത്തിന് ബാബു വന്നാൽ അത് മുടങ്ങും എന്ന ഭയമായി രുന്നു. എന്നാലതിനു വിപരീത മായി ബ്ലെസ്സിയെ വിവാഹം കഴി ക്കുന്ന ചെക്കന്റെ കുടുംബ ക്കാർക്കൊക്കെയും കലാകാര നായ ബാബുവിനോടാണ് കൂടു തൽ ഇഷ്ടം തോന്നിയത്.

ബാബു സിനിമാ അഭിനയം തുട രുന്നതിനാൽ ആ സംഭവവും ഷെർളിയിൽ ഭയമാണ് ഉണ്ടാക്കി യത്. അക്കാര്യവും പറഞ്ഞ് കുടുംബ വീട്ടിൽ വെച്ച് അവർ വഴക്ക് കൂടി.

ഷെർളിയെ മാറ്റി നിർത്തി ബാബു വിന്റെ അമ്മ റോസി അവളോടു പറഞ്ഞു.

"അവന്റെ അച്ഛനും നടനായി ത്തീരണമെന്ന് മോഹമായിരുന്നു" എന്ന്. ആ കുടുംബരഹസ്യം കൂടി കേട്ടപ്പോൾ ഷെർളിയ്ക്ക് ബാബു വിന്റെ അഭിനയ ഭ്രമത്തോടുള്ള വെറുപ്പ് കൂടി.

എങ്ങിനെയെങ്കിലും ബാബു വിന്റെ അഭിനയ ഭ്രാന്ത് ശമിപ്പിക്ക ണമെന്ന് ഷെർളി തീരുമാനമെടു ത്തു.

മകൾ വളർന്നു വരികയാ ണെന്നും ബാബു സിനിമാ അഭി നയവുമായി നടന്നാൽ അതവ ളുടെ ഭാവിയെ പല തരത്തിലും ബാധിക്കുമെന്ന് അവൾ പറഞ്ഞു.

മമ്മൂട്ടിയും മോഹൻലാലും തുടങ്ങി പലരും നാൽപ്പതും അൻപതും വർഷമായി സിനിമാ ഭിനയ രംഗത്തുണ്ടെന്നും അവർക്കൊക്കെയും പെൺമക്ക ളുണ്ടെന്നും വാദിച്ച് ബാബു ഷെർളിയെ ജയിച്ചു കയറി.

അവരൊന്നും അഭിനയിക്കുന്നത് ബാബുവിന്റേതു പോലെ മോശം പടങ്ങളിൽ അല്ലെന്ന് ആയിരുന്നു ഷെർളിയുടെ മറുപടി. ആ മറുപടി ബാബുവിനെ വിഷമിപ്പിച്ചെങ്കിലും തനിയ്ക്കും അതുപോലെ പ്രാധാ ന്യമുള്ള വേഷങ്ങൾ കിട്ടുമെന്നും അന്ന് നീയടക്കമുള്ളവർ മാറ്റി പറ യുമെന്നും മാത്രം പറഞ്ഞ് ബാബു അവിടെ നിന്നും മെല്ലെ തടിയൂരി.

ഷെർളി അപ്പോഴേക്കും അതിനെ യെല്ലാം ബാബുവിന്റെ ദുശ്ശീല മായി വ്യഖ്യാനിച്ചു. അത് നിര ന്തരം ബാബുവിന്റെ സ്വസ്ഥതയും നഷ്ടപ്പെടുത്തി.

അങ്ങിനെയിരിക്കുമ്പോഴാണ് ബാബുവിനോട് താൽപ്പര്യമുള്ള യുവ സംവിധാന സഹായി വന്ന് ഒരു പുതിയ സിനിമാക്കഥ അവ നോട് പറയുന്നത്.

കാലിക സാമൂഹിക പ്രസക്തി യുള്ള കഥയായിരുന്നു അത്. ബാബുവിനതിൽ ഒരു പോലീസ് ഓഫീസറുടെ കഥാപാത്രമായിരു ന്നു. പ്രധാന കഥാപാത്രവും ബാബു തന്നെ ആയിരുന്നു.

അങ്ങിനെയൊരു സുപ്രധാന വേഷം വാഗ്ദാനം ചെയ്തു എ ങ്കിലും അതിനു പിന്നിൽ മറ്റൊരു നിർദ്ദേശം കൂടി ഉണ്ടായിരുന്നു. ബാബു സിനിമ നിർമ്മിക്കണം.

ബാബുവിന് അപ്പോഴത്തെ പരി തസ്ഥിതിയിൽ സ്വപ്നം കാണു വാൻ കൂടി കഴിയാത്തതായിരുന്നു ആ വേഷം. മാത്രമല്ല തനിക്ക് തല്ലി പ്പൊളി വേഷങ്ങൾ ആരും തന്നാൽ അഭിനയിച്ചു ഫലിപ്പി ക്കാൻ കഴിയുമെന്ന് തെളിയിക്കാ നുള്ള ഒന്നാന്തരം അവസരമായി രുന്നു അത്.

തന്റെ സ്വയസിദ്ധമായ അഭിനയ ദൗർബല്യത്തിന് വഴിപ്പെട്ട് ഭാര്യയോ മറ്റാരെങ്കിലുമോ അറി യാതെ സിനിമ നിർമ്മിക്കാൻ തീരു മാനിച്ചു.

അതിനു വേണ്ടി അയാൾ ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യവും. വർഷങ്ങൾക്ക് മുൻപ് അച്ഛന്റെ തറവാട്ടു വക സ്വത്ത് വിറ്റപ്പോൾ അയാൾക്ക് കിട്ടിയ വിഹിതവും ചേർത്ത് നഗരത്തിൽ ക ണ്ണായ സ്ഥലത്ത് അക്കാലത്ത് കുറച്ച് ഭൂമി വാങ്ങിച്ചിരുന്നു. അതിന്റെ ആധാരം പണയപ്പെ ടുത്തി ലോണെടുത്തും ബാക്കി പി.എഫ്. ലോണും എടുത്ത് സിനിമ നിർമ്മിക്കുന്നതിനയാൾ മുതിർന്നത്.

ആദ്യമൊക്കെ രഹസ്യമാക്കി വെച്ചിരുന്നെങ്കിലും ഷൂട്ടിങ്ങ് തുട ങ്ങാറായതോടു കൂടി അതിന്റെ യഥാർത്ഥ നിർമ്മാതാവായ ബാബുവിന്റെ പേര് വെളി ച്ചത്തുവന്നു.

ഷെർളി അത് ബാബുവിന്റെ അഭിനയ ഭ്രാന്ത് അവസാനിപ്പി ക്കാൻ കിട്ടിയ അവസരമാക്കി അവളതിനോട് വളരെ ശക്തമായി പ്രതികരിച്ചു.

ബാബുവിന് സ്വസ്ഥതയും സമാ ധാനവും നഷ്ടപ്പെട്ടു. അതുകൊ ണ്ടൊന്നും തന്റെ ഭർത്താവിന്റെ തീരുമാനം മാറില്ലെന്ന് ബോധ്യമു ള്ളതുകൊണ്ട് അവസാന ആയു ധമെന്ന നിലയിൽ മകളെയും

(ശേഷം 24-ാം പേജിൽ)

നോവലറ്റ്





3

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം



ഇന്നും ഇന്നലേയും തുടങ്ങിയതല്ല ഘോഷും ബോസും തമ്മിലുള്ള അഭിപ്രായ ഭിന്നത. അത് സ്ക്കൂൾ തലത്തിലെ തുടങ്ങി. കോളേജിൽ വെച്ച് അത് മൂർഛിച്ചുകൊണ്ടിരിക്കുകയും രണ്ടുപേരും ബദ്ധവൈരികളാകുകയും ചെയ്തു.

ഡി.എസ.ഒ.യിൽ ഒരുമിച്ചു പ്രവർത്തിച്ചിരുന്ന ഘോഷിന്റെ ഉറ്റ ചങ്ങാതിയായിരുന്നു ബോസ്.

അവർ തമ്മിലുള്ള അഭിപ്രായ ഭിന്നതക്കുംവിദ്യാർത്ഥി രാഷ്ട്രീയ സംഘടനാ മാറ്റത്തിനും കാരണക്കാരിയായത് രൂപാസെന്നാണ്.

കോളേജിൽ പരസ്യമായ കാര്യമാണ് രൂപാസെന്നിനു ഘോഷിനോടുള്ള പ്രണയം.

ഘോഷ് ഒരു കടുത്ത കമ്മ്യൂണിസ്റ്റ് അനുഭാവിയും മെമ്പറും വിദ്യാർത്ഥി രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാന നേതാവുമായിരുന്നു.

ചുറുചുറുക്കും എപ്പോഴും മന്ദഹാസം ചൊരിഞ്ഞുകൊണ്ടിരിക്കുന്നവനുമായ ഘോഷിന് രാഷ്ട്രയരംഗത്ത് കിട്ടുന്ന അംഗീകാരവും സ്ഥാനകയറ്റവും ബോസിനെ അസ്വസ്ഥനാക്കി.

ധനിക കുടുംബത്തിൽ ജനിച്ചു വളർന്ന ബോസിന് അഹങ്കാരവും അസൂയയും അല്പം കൂടുതലായിരുന്നു.

രൂപാ സെൻ ഘോഷിനെ പ്രണയിക്കുന്നതിൽ ബോസ് അസൂയാലുവും ദുഃഖിതനുമായിരുന്നു.

രൂപാ സെൻ വൺസൈഡ് പ്രണയവുമായി ഡി.എസ്.ഒ.യിൽ ആക്ടീവായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഘോഷുമായ് അടുത്തിടപഴകാനും എപ്പോഴും തമ്മിൽ സംസാരിക്കുവാനും കാണുവാനുമുള്ള അവസരം പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണ്.

പത്രപ്രവർത്തകയാകാനായിരുന്നു രൂപക്കെന്നും മോഹം.

സമ്പത്ത് ധാരാളമുള്ള കുടംബം. അച്ഛനും സഹോദരന്മാരും ബിസിനസ് രംഗത്ത് സംസ്ഥാനത്തെ പ്രമുഖർ.എല്ലാം കൊണ്ടും സന്തോഷത്തോടെ ജീവിക്കുന്ന മറ്റു കുടുംബാംഗങ്ങൾ. രൂപക്ക് കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ ഘോഷിനോട് മനസ്സിൽ തോന്നിയ അടുപ്പം കുടുംബാംഗങ്ങളുമായുള്ള ബന്ധം ശിഥിലമാക്കി.

തന്റേടിയായ രൂപ പിന്നീട് അവധിക്കാലത്ത് കോളേജിൽനിന്ന് വീട്ടിൽ പോവാതെ ഹോസ്റ്റലിൽ തന്നെ കൂട്ടുകാരികളോടൊപ്പം ചിലവഴിച്ചു.

കുടുംബാംഗങ്ങളുമായുള്ള ബന്ധം കൂടുതൽ വഷളാകാനാണ് രൂപയുടെ ഹോസ്റ്റൽ ജീവിതം മൂലം കാരണമായത്.

ഘോഷ് ഡാർജിലിംഗ് ജില്ലയിലെ ഒരു വൻകിട പ്ലാന്ററുടെ മകനാണ്. അയാൾമാത്രമാണ് തേയിലതോട്ടമുടമയായ സുരേന്ദ്രപ്രസാദിനുള്ള ഒരേ ഒരു സന്തതി.

അമ്മ സരസ്വതി ലക്ഷ്മി ഭായ് വീട്ടമ്മയാണ്.

സുരേന്ദ്രപ്രസാദിന്റെ തേയില തോട്ടത്തിൽ ആയിരത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്.

സ്കൂളിൽ പഠിക്കുന്ന കാലത്തെ അച്ഛനെ സഹായിക്കാൻ ഘോഷ് തോട്ടം ഓഫിസിൽ ചെന്നിരുന്നു.

തൊഴിലാളികൾക്ക് എല്ലാവർക്കും സൗമ്യനും ശാന്തശീലനുമായ ഘോഷിനെ വലിയ മതിപ്പും ഇഷ്ടവുമായിരുന്നു.

തൊഴിലാളിസ്നേഹിയും സർവ്വോപരി മനുഷ്യസ്നേഹിയുമായ ഘോഷിന്റെ നിർബന്ധത്തിനു വഴങ്ങി സുരേന്ദ്രപ്രസാദ് മറ്റു തോട്ടമുടമകളെക്കാൾ അധികം വേതനവും വാർഷിക ബോണസ്സും തന്റെ തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകിയിരുന്നു.

മറ്റൊന്നുകൂടി അയാൾ ചെയ്തു!

തന്റെ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി സ്വന്തം അക്കൗണ്ടിൽ നിന്നുതന്നെ അയാൾ ഫണ്ട് ചിലവഴിച്ചു.

മരുന്നിനും തൊഴിലാളികളുടെ കുടുംബത്തിലെ പെൺകുട്ടികളുടെ കല്യാണത്തിനും മറ്റും സുരേന്ദ്രപ്രസാദ് കൈയ്യയച്ചു സഹായിച്ചിരുന്നത് ഘോഷിനോടുള്ള സ്നേഹാതിക്യം കൊണ്ടായിരുന്നു. തന്റെ മകന്റെ ആഗ്രഹപ്രകാരം കൂടിയായിരുന്നു.

സുരേന്ദ്രപ്രസാദിനേയും ഘോഷിനേയും തൊഴിലാളികൾ ദൈവമായി ആരാധിച്ചു. അവരോടുള്ള സ്നേഹം ഒരിക്കലും തൊഴിലാളികൾ മറച്ചുവെച്ചിരുന്നതുമില്ല.

ബോസ് ഒരു ദിവസം സുഹൃത്തായ ഘോഷിനെ കാണാൻ സ്വകാര്യമായി വന്നു.

രൂപയോടുള്ള തന്റെ പ്രണയവും കല്യാണം കഴിക്കാനുള്ള ആഗ്രഹവും രഹസ്യമായി ഘോഷിനെ അറിയിക്കാൻ വേണ്ടിയായിരുന്നു ബോസിന്റെ വരവ്. ഘോഷിനെ പ്രണയിക്കുന്ന രൂപയെ പ്രണയിക്കാനും കല്യാണം കഴിക്കാനും ഘോഷിന്റെ മുന്നിൽ യാചിച്ചതായി മറ്റു സുഹൃത്തുക്കൾ അറിയരുതെന്ന് ബോസിനു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് ഒറ്റക്കു തന്നെ അയാൾ വന്നത്.

മുഴുവൻ സമയങ്ങളിലും അയാളോടൊപ്പമുണ്ടാകുന്ന സുഹൃത്തുക്കൾ ഇത്തരത്തിൽ ഒരു ഐഡിയ ബോസിന് പറഞ്ഞുകൊടുത്തിരുന്നില്ല.

പ്രണയം സമ്പന്നനെപ്പോലും യാചകനാക്കുമെന്ന് അയാൾക്കറിയുമായിരുന്നില്ലായിരിക്കാം.

ഘോഷ് അതിന് മറുപടി പറഞ്ഞില്ല.

ഇത്രമാത്രം പറഞ്ഞു; ഞാൻ ഒരിക്കലും നിന്റെ പ്രതിയോഗിയാകുകയില്ല. നിനക്ക് സമാധാനത്തോടെ നിന്റെ പരിശ്രമം തുടരാം.

ഘോഷ് വേഗം അവിടെ നിന്നും നടന്നു മറഞ്ഞു.

ഘോഷിന്റെ വാഗ്ദാനത്തിൽ അതീവ സന്തുഷ്ടനായിരുന്നു ബോസ്, ഘോഷ് ഇനി തന്റെ പ്രതിയോഗിയായി വരില്ല.

അയായുടെ മനസ്സിൽ ഒരു നിഗൂഢ മന്ദസ്മിതം വിരിഞ്ഞു.

ബോസ് സ്ക്കൂളിൽ വെച്ചു തന്നെ രൂപയെ പ്രണയിക്കാൻ വളരെയധികം ശ്രമം നടത്തിയിരുന്നു.

അതെല്ലാം ഘോഷിനോടുള്ള രൂപയുടെ പ്രണയം കാരണം പാഴ്ശ്രമമായി.

ഇന്നിതാ കോളേജിൽ വെച്ച് ഘോഷ് തനിയ്ക്ക് വാക്കു തന്നിരിക്കുന്നു.

രൂപയെ പ്രണയിക്കാനുള്ള തടസ്സം നീങ്ങിയതിൽ അയാളുടെ മനസ്സ് തുള്ളിച്ചാടി.

അയാൾ ചിരകാല പ്രണയ സന്തുഷഠി മൂലം "നിലാവിൽ ഓലിയിടുന്ന കുറുക്കനെ"പോലെ അപ്പൂപ്പൻ താടിയായി അന്തരീക്ഷത്തിൽ പറന്നു നടന്നു.

പിറ്റേ ദിവസം ഒരു തിങ്കളാഴ്ച യായിരുന്നു.

പ്രഭാതത്തിൽ തന്നെ ഹോസ്റ്റലിൽ നിന്നു കുളിച്ചൊരുങ്ങി ബോസ് കൂട്ടുകാരാരുമറിയാതെ രൂപയെ കാണാനായി പുറപ്പെട്ടു.

കോളേജിൽ വരുന്നതിനു മുൻപ്, രാവിലെ രൂപയും കൂട്ടുകാരികളും കോളേജ് ടെന്നീസ് കോർട്ടിൽ ടെന്നീസ് പ്രാക്ടീസ് ചെയ്യാൻ വരുന്ന സമയത്തു തന്നെ അവളോടു ഒന്നുകൂടി പ്രണയാഭ്യർത്ഥന നടത്തണം.

ബോസ് വളരെയധികം ശുഭ പ്രതീക്ഷയിലാണ് ഹോസ്റ്റലിൽനിന്നും ഇറങ്ങിത്തിരിച്ചത്.

വർഷങ്ങളായി തന്റെ മനസ്സിൽ ഗൂഢമായി അലതല്ലുന്ന പ്രണയം പലപ്പോഴും സ്ക്കൂളിൽ പഠിക്കുന്ന കാലം തൊട്ടു രൂപയെ അറിയിച്ചിരുന്നതാണ്.

രൂപയുടെ ഭാഗത്തുനിന്ന് നിസ്സംഗതയും നിരസിക്കലുമല്ലാതെ യാതൊരു വിധ പ്രോത്സാഹനവും ഒരിക്കലും ഉണ്ടായിട്ടില്ല.

എന്നും നൈരാശ്യമല്ലാതെ ഒരിക്കലും ശുഭ പ്രതീക്ഷ അയാൾക്ക് ഉണ്ടായിട്ടില്ല.

ഇന്നിതാ ശുഭ പ്രതീക്ഷ മനസ്സിനെ ആഞ്ഞുകൊളുത്തി രൂപയുടെ മുന്നിലേക്ക് തള്ളിവിടുന്നു.

ബോസ് വികാരാധീനനായി രൂപയുടെ മുന്നിലേക്ക് നടന്നടുത്തു



(തുടരും)

## പ്രളയാനന്തര കേരളം

(എഡിറ്റോറിയൽ പേജ് ബാക്കി)

തന്നെ വേണ്ടി വരും. തൊഴിലിന്റെ മഹത്വം അറിയുന്ന പഴയ തലമുറ തൊഴിലാളികളെ തൊഴിലാളികൾ എന്നുതന്നെ വിളിക്കാമായിരുന്നു.ഓട്ടോ ഓടിക്കുന്ന ഡ്രൈവർക്ക് പട്ടാപ്പകൽപോലും മീറ്റർ ചാർജും അതിന്റെ പകുതി എക്സ്ട്രാ ചാർജും ഈടാക്കാൻ നിയമത്തിന്റെ പരിരക്ഷയുണ്ടെന്ന് ഓട്ടോക്കാർ പറയുമ്പോൾ സാധാരണ ജനം ഓട്ടോയിൽപ്പോലും യാത്ര ചെയ്യാനാവാതെവലയുന്നു. ഇങ്ങിനെയെത്രയെത്ര ദുരിതങ്ങൾ. സാധാരണ ജനങ്ങളുടെ ദുരിതങ്ങൾക്കുനേരെ കണ്ണടക്കുന്ന ഭരണാധികാരികൾ തന്നെയല്ലെ ഇവിടെ ഒരുപിടി ആളുകൾ തീവ്രവാദവും ഭീകരപ്രവർത്തനവും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനുള്ള കാരണക്കാരായി മാറുന്നത്. പരിഹാരമാണ് വേണ്ടത്. സാന്ത്വനപ്രവർത്തനമാണ് ഭരണതലത്തിൽ ഉണ്ടാകേണ്ടത്.

മാനേജിംഗ് എഡിറ്റർ

## ലയൺ ബാബു (21–ാം പേജ് തുടർച്ച)

കൂട്ടി തന്റെ വീട്ടിലേക്ക് പോയി.

അതോടു കൂടി ബാബു ശരിക്കും സംഘർഷത്തിലായി. സിനിമാ ഷൂട്ടിങ്ങ് തുടങ്ങുകയും അതിലെ പ്രധാന നടനായി അഭിനയിക്കാൻ ആരംഭിച്ചു. മാത്രമല്ല അതിന്റെ നിർമ്മാതാവും അയാളാണല്ലോ?

ഷൂട്ടിങ്ങ് കഴിഞ്ഞിട്ടും കുറെ മാസങ്ങൾ എടുത്തു ആ സിനിമയുടെ പോസ്റ്റ് പ്രൊഡക്ഷൻ വർഷങ്ങൾ കഴിഞ്ഞ് റിലീസിന് തയ്യാറെടുക്കാൻ.

ഷെർളി അപ്പോഴും തന്റെ തീരുമാനത്തിൽ മാറ്റം വരുത്താതെ ഉറച്ചു നിന്നു. മകളെ സ്കൂളിലും മറ്റും കണ്ടതുകൊണ്ട് ബാബുവിന്റെ മനസ്സ് സമാധാനപ്പെട്ടില്ല.

മറ്റു ബന്ധുക്കൾ വഴി നടത്തിയ പരിഹാര ശ്രമങ്ങളും ഒന്നും തന്നെ ഷെർളിയുടെ പിടിവാശിക്കുമുന്നിൽ വിലപ്പോയില്ല.

ബാബു മാനസികമായി ശരിക്കും തളർന്നതിനാൽ പിന്നീടതിനുള്ള ശ്രമങ്ങളൊന്നും തന്നെ അയാൾ നടത്തിയില്ല, തന്റെ സത്യവസ്ഥയും മനസ്സും ഭാര്യയുടെ മുന്നിൽ ബോധ്യപ്പെടുത്താനും അയാൾക്ക് പറ്റിയില്ല,

തന്റെ ഉദ്യോഗവും സിനിമയിൽ ചെറിയ ചെറിയ വേഷങ്ങളും വീണ്ടും ചെയ്തു നടക്കുന്നതിനിടയിൽ അയാൾക്ക് അയാളെ തന്നെ നഷ്ടപ്പെട്ടു. അപ്പോഴും സിനിമാ അഭിനയം നിർത്താൻ അയാൾക്ക് തോന്നിയില്ല. അത്രയും അധമമായ ആഗ്രഹം അയാൾ സിനിമയോട് ഉള്ളിൽ സൂക്ഷിച്ചിരുന്നത് കൊണ്ടായിരുന്നു അത്.

ഷെർളിയുമായുള്ള പിണക്കം മാസങ്ങൾ കടന്നുപോയി. വർഷങ്ങളിലെത്തിയപ്പോൾ അത്ഭുതമെന്നപോലെ ബാബു നിർമ്മിച്ച ചിത്രത്തിന് ഏറ്റവും നല്ല ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് കിട്ടി.

അവാർഡ് വിതരണം ചെയ്യുന്ന ദിവസം മനസ്സില്ലാ മനസ്സോടെ ബാബു പോയി.

ടാഗോർ ഹാളിൽ വച്ചായിരുന്നു ആ പരിപാടി നട്ത്തിയിരുന്നത്. അവിടെയുള്ള ബാബുവിന്റെ അടുത്ത ,സുഹൃത്തുക്കളും സഹപ്രവർത്തകരും അയാളുടെ ഉദ്യമത്തിന്റെ പേരിൽ പ്രോത്സാഹനവും ആശിർവാദവും ചൊരിഞ്ഞപ്പോഴും ഉള്ളിന്റെ ഉള്ളിൽ ബാബു അഗാധ ദുഃഖിതനായിരുന്നു.

അവാർഡ് വാങ്ങിക്കാനുള്ള ബാബുവിന്റെ ഊഴമെത്തിയപ്പോൾ നിർമ്മാതാവെന്ന നിലയിൽ അത് സ്വീകരിക്കുവാൻ ബാബു സ്റ്റേജിൽ കയറി. പുരസ്കാരം കൈയ്യിലേന്തി നിന്നപ്പോൾ ഏതൊരു മനുഷ്യനെയും പോലെ അതയാളെ സന്തുഷ്ടനാക്കിയെങ്കിലും, അകത്തുള്ള നീറ്റൽ ആരും കണ്ടില്ല.

അവാർഡ് ഏറ്റുവാങ്ങിയ ശേഷം രണ്ട് വാക്കുകൾ വേദിയിൽ നിന്ന് സംസാരിക്കാൻ പറഞ്ഞപ്പോൾ, ബാബു വികാരധീനനായി.

"ഒരു നടനാവാൻ വേണ്ടിയാണ് ഞാൻ എന്റെ ഉദ്യോഗവും സമ്പത്തും കുടുംബത്തെയും വരെ ഉപേക്ഷിച്ചിറങ്ങിയത്. നടനായോ എന്ന് ചോദിച്ചാൽ ഞാൻ തന്നെ നിർമ്മിച്ച സിനിമയിൽ ഒരു ഭേദപ്പെട്ട വേഷം ചെയ്തു. എന്നാലതിനു വേണ്ടിയല്ല ഈ അംഗീകാരം ഇപ്പോൾ നിങ്ങളുടെ മുന്നിൽ ഏറ്റുവാങ്ങിയത്. ആ സിനിമയുടെ നിർമ്മാതാവെന്ന നിലയിലാണ്. അഭിനയമെന്ന മേഖല ഇപ്പോഴും എനിക്ക് എത്രയോ ദൂരയാണെന്ന് എനിക്ക് തോന്നുന്നു. അല്ല അത് തോന്നലല്ല. യാഥാർത്ഥ്യമാണ്. എന്റെ കുടുംബത്തിലെ സന്തോഷവും സമാധാനവും എന്തിന് കുടുംബം തന്നെ ഞാൻ സിനിമക്ക് വേണ്ടി ബലി കഴിച്ചു. എന്നിട്ടോ അഭിനയത്തിലും എവിടെയും എത്തിയില്ല. ഒന്നും ആയതുമില്ല. എനിക്ക് എന്നോടു തന്നെ പുച്ഛം തോന്നുന്ന നിമിഷമാണിത്. അതുകൊണ്ട് ഞാൻ അഭിനയം നിർത്തുകയാണ്. കാരണം നമ്മൾ എന്തെങ്കിലും ആയി കാണിക്കുമ്പോൾ അത് കാണാൻ സ്വന്തം കുടുംബം വേണം. കുടുംബത്തിലെ ആളുകൾ വേണം. അതില്ലാത്തവർക്ക് കിട്ടുന്ന അംഗീകാരവും, ഒന്നും കിട്ടാത്തതും ഒരുപോലെയാണ്.

ഉള്ളിലുള്ള പിന്നെയും നീറുന്ന ദുഃഖങ്ങൾ മുഖത്ത് പ്രകടമാവാതെ അയാൾ പ്രസംഗം അവസാനിപ്പിച്ചു. അപ്പോഴാണ് കാണികൾക്കിടയിലിരിക്കുന്ന ഭാര്യയേയും മകളെയും അയാൾ കാണുന്നത്.

ബാബു ഹൃദയം തുറന്നത് കാണികളോടൊപ്പം മകളും ഭാര്യയും കേട്ടത് അയാളെ ലോകത്തിലെ ഏറ്റവും സന്തുഷ്ടനാക്കി. ബാബുവിന് അവാർഡിനേക്കാൾ മധുരം അതായിരുന്നു.

– അയാളുടെ കുടുംബം.

അവരോടൊപ്പം എല്ലാ പിണക്കങ്ങളും മറന്ന് അയാളും നടന്നു നീങ്ങി....

ലേഖനം



വിനോദ്കുമാർ മാമോദർ

# നെൽവയലുകൾ അപ്രത്യക്ഷമാകുമോ?



ഈത്തരത്തിലുള്ള പ്രദേശങ്ങൾ നികത്തുന്നത് ഇന്ന് വ്യാപകം

കോഴിക്കോട് ജില്ലയിലെ വെള്ള സംഭരണികളായ പ്രദേശങ്ങൾ പ്രത്യേകിച്ചും നെൽപാടങ്ങൾ വൻ രീതിയിൽ നികത്തൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രമുഖ ജലപഠന കേന്ദ്രമായ കുന്ദമംഗലത്തെ സെന്റർ ഫോർ വാട്ടർ റിസോർസസ് ആന്റ് ഡവലപ്മെന്റ് സെന്റർ പറയുന്നത് പ്രധാന വെള്ള സംഭരണികളായി, നഗരത്തിലേതു മാത്രമല്ല, ജില്ലയിലെതന്നെ പ്രധാന പ്രദേശങ്ങളെല്ലാം യാതൊരു നിയന്ത്രണങ്ങളുമില്ലാതെ നികത്തൽ ഭീഷണിയിലാണെന്നാണ്.

ഇതിൽ കോട്ടൂളി സംരക്ഷിത സരോവരം പാർക്ക് അടക്കമുള്ള പ്രദേശങ്ങൾപെടുന്നുവെന്നവർ പറയുന്നു

ഇത്തരത്തിൽ നികത്തൽ ചെയ്ത് അവിടങ്ങളിൽ സർക്കാർ കെട്ടിടങ്ങൾപോലും ഉണ്ടാക്കുന്നതും, വൻ പരസ്യ ബോർഡുകൾ വെച്ച് കരം പിരിക്കുന്നതും സർക്കാർതന്നെയെന്നും പറയുന്നു. കൺസർവേഷൻ ഓഫ് നേച്ച്വർ സൊസൈറ്റി പോലുള്ള സംഘടനകൾക്ക് പറയുവാനുള്ളത് ഇത്തരത്തിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് ഇതുവരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിയ്ക്കേണ്ട നമ്പർപോലും ലഭിച്ചതല്ലെങ്കിൽ പോലും അവർ പ്രവർത്തിക്കുന്നുണ്ടെന്നാണ്. മയിലുകളെയടക്കം അപൂർവ്വമായി കണ്ടുവരുന്ന പ്രദേശങ്ങളിൽ പോലും നികത്തൽ നടക്കുന്നുണ്ടെന്നാണ് സൊസൈറ്റിയുടെ വാദം. പലപ്പോഴും ഇത്തരത്തിൽ പെടുന്ന പ്രദേശങ്ങളും (സംരക്ഷിത പ്രദേശത്ത്) ഒരു അതിർത്തിപോലും തിരിച്ചു കമ്പികെട്ടി സംരക്ഷിക്കാൻ പറ്റാത്തതാണ് ഇതിന്റെ വലിയതോതിലുള്ള വർദ്ധനവിന്റെ പ്രധാനകാരണമായി പറയപ്പെടുന്നത്.

നഗരത്തിനു തൊട്ടടുത്ത രാമനാട്ടുകരയിൽ പത്തേക്കർ ജല സംഭരണിയായിരുന്ന പ്രദേശം നികത്തിയാണിപ്പോൾ ടെക്നോപാർക്ക് നിർമ്മിക്കുന്നത്, വൻ വെള്ളപൊക്കങ്ങൾ ഉണ്ടാക്കാൻ കാരണമാകുന്നുവെന്നു വിദഗ്ദർ അഭിപ്രായപ്പെടുന്നു.

ഇവിടങ്ങളിൽ ജനങ്ങളുടെ അന്നദാതാക്കളായ കൃഷിക്കാരുടെ നെൽപാടങ്ങൾ ആയിരുന്നു ആദ്യമുണ്ടായിരുന്നത്. കേരള കൺസർവേഷൻ ഓഫ് പാഡി ആന്റ് വൈറ്റ് ലാന്റ് ആക്ട് നടപ്പാക്കേണ്ടവർ എന്തുകൊണ്ടാണ് മൗനം പാലിക്കുന്നതെന്നാണ് അവിടത്തെ വാസികൾ തന്നെ പറയുന്നത്. നിയമം അഞ്ച് സെന്റ് നികത്തി വീടുണ്ടാക്കുന്നവർക്ക് മാത്രമായുള്ളതാണോയെന്നവർ ചോദിയ്ക്കുന്നു. നിയമം നടപ്പാക്കേണ്ടവർക്ക് യാതൊരു മറുപടിയും ഇതിനൊന്നുമില്ല.

കക്കോടി, തണ്ണീർപന്തൽ തുടങ്ങിയ സ്ഥലങ്ങളിൽ വൻ രീതിയിൽ പാടങ്ങളും മറ്റും നികത്തിയതിന്റെ ഫലമായി കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ അനിയന്ത്രിത ദുരിതങ്ങളാണ് മേഖല കണ്ടത്.

കേരളാ സ്റ്റേറ്റ് റിമോർട്ട് സെൻസിങ്ങ് ആന്റ് എൻവയർമെന്റ് സെന്റർ നടത്താനുദ്ദേശിക്കുന്ന വൈറ്റ് ലാന്റ് മാപ്പിങ്ങ് എന്ന പ്രക്രിയയിലൂടെ മാത്രമേ വ്യക്തമായ കണക്കുകൾ ലഭിയ്ക്കുകയുള്ളു. അതിനുള്ള ശ്രമങ്ങളാണിപ്പം. നഗരമദ്ധ്യത്തിൽത്തന്നെ പലപ്പോഴും പകൽ വെളിച്ചത്തിൽ നടക്കുന്ന തണ്ണീർത്തടങ്ങൾ നികത്തൽ ഇന്ന് വെറും പത്രമാധ്യമങ്ങൾക്ക് ഒരു വാർത്തയായി മാത്രം അവശേഷിയ്ക്കുന്നു.

ഇതിന് ജനം വെറും കാഴ്ചക്കാർ മാത്രമാണ്. അവർക്കിതിൽ കൂടുതലൊന്നും ചെയ്യുവാൻ പറ്റാറില്ല.

ഈ മണ്ണിട്ട് നികത്തൽ നടക്കാറുള്ളത് കാലങ്ങളിലായി സർക്കാർ ഒഴിവ് ദിവസങ്ങളിലായതിനാൽ ജനങ്ങൾക്ക് വിവരങ്ങൾ അതാത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുവാനും സാധിക്കാറില്ലയെന്നതാണൊരു പ്രധാനവസ്തുത. ■

India's No - 1

AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

Dinesh K.T.
Ph: 9946309061, 9387425579

NEELGIRI POOJA STORES & AVS POOJASTORE

Thali, Calicut

ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം

നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്
Mob: കെ. പുരുഷു, – 9387500618, 9539036575
നജീഷ് പുരുഷു – 9961100702
ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും
മാങ്കാവ്, കോഴിക്കോട് – 673 007
ഫോൺ : 0495 2331828



എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9400741434

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

GLAMOUR GENTS WEAR





Whole Sale & Retail
Mankave,
Calicut - 7
Mob: 9847756569
8891901404





Pants, Jeans, Shirt, T. Shirts etc...

ഹജ്ജ്

അൽ-തൈമ

ഉംറ

ഹജ്ജ് & ഉംറ ജനറൽ സർവ്വീസ്

പെരുമണ്ണ, കോഴിക്കോട്, രാമനാട്ടുകര, കണ്ണൂർ, പാലക്കാട്
ഫോൺ : 9745 275 677, 7736 510 550 <> Whats App : 90 20 27 24 29
E-Mail : altayma9745298747@gmail.com <> Web : www.altayma.com
ലക്ഷദ്വീപ് യാത്ര ഫുൾ പാക്കേജ്
ഫാമിലിക്ക് പ്രത്യേക സൗകര്യം കപ്പൽ പ്ലൈറ്റ് യാത്ര
ഹജ്ജ്: ഈ വർഷത്തെ ഹജ്ജിന് ബുക്കിംഗ് തുടരുന്നു ഗ്രീൻ കാറ്റഗറി സൗകര്യത്തോടുകൂടി.
നറുക്കെടുപ്പില്ലാതെ ഗവൺമെന്റ് നിരക്കിൽ ഹജ്ജിന് പോകാൻ സൗകര്യം.
നിങ്ങളുടെ സീറ്റുകൾ ഉറപ്പുവരുത്തുക (അസീസിയ കാറ്റഗറി/ഗ്രീൻ കാറ്റഗറി)
കുടുംബത്തോടൊപ്പം വെക്കേഷനിൽ ഉല്ലാസയാത്ര പോകാം
ബാംഗ്ലൂർ, മൈസൂർ ഡിസംബർ 20 ന് പുറപ്പെടുന്നു.
വെള്ളിയാഴ്ച രാത്രി പുറപ്പെട്ട് തിങ്കളാഴ്ച രാവിലെ തിരിച്ചു വരുന്നു

# ഗൾഫ് മലയാളികളുടെ മനസ്സു കണ്ട എഴുത്തുകാരൻ

**നക്ഷത്രരാജ്യം ലേഖകൻ**



ശ്രീ. പി. ഭാസ്ക്കരനും രാജൻ ചിന്നങ്ങത്തും

**തൊ**ള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും എൺപതുകളിലും, കേരളത്തിന് വെളിയിൽ ജീവിക്കുന്ന മലയാളികളുടെ ജീവിതം ആസ്പദമാക്കി ധാരാളം സാഹിത്യരചനകൾ നടത്തിയ എഴുത്തുകാരനാണ് രാജൻ ചിന്നങ്ങത്ത്. മനം നിറയെ പ്രതീക്ഷകളും സ്വപ്നങ്ങളുമായി ജീവിതോത്ക്കർഷം തേടിയുള്ള മറുനാടൻ മലയാളി സമൂഹത്തിന്റെ കുത്തൊഴുക്കിന്റെ ആരംഭദശയായിരുന്നു അത്. അതിതീഷ്ണമായ കാലാവസ്ഥഭേദങ്ങളേയും, കാഠിന്യമേറിയ ശാരീരികാദ്ധ്വാനത്തേയും വകവെയ്ക്കാതെ, വന്യമായ ഗൃഹാതുരത്വത്തോടെ നാളുകൾ തള്ളിനീക്കാൻ വിധിക്കപ്പെട്ട പഴയകാല ഗൾഫുകാരന്റേയും ബോംബെക്കാരന്റേയുമൊക്കെ എത്രയെത്ര ജീവിതാനുഭവങ്ങൾ. അമ്പതിൽപരം നോവലുകളിലും നൂറു കണക്കിന് കഥകളിലും പുരോഗമനാശയങ്ങൾ നിറഞ്ഞ നിരവധി കവിതകളിലുമായി അവ നിറഞ്ഞുനിൽക്കുന്നു. എഴുതിയവയൊക്കെയും പ്രശസ്തവാരികകളിലൂടെയും പിന്നീട് പുസ്തകരൂപത്തിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണ്. "കേരളശബ്ദം" ഗ്രൂപ്പ് പ്രസിദ്ധീകരണങ്ങളിലൂടെ മാത്രം ഇരുപത്തിനാല് നോവലുകളാണ് പുറത്തുവന്നത്.

ചെറുപ്പം മുതലേ സാഹിത്യരചന ഒരു ലഹരിയായി കൊണ്ടുനടന്നു. നിരന്തരമായ വായനയാണ് എഴുതാൻ പ്രേരണയായത്. ഗ്രാമീണ വായനശാലകളിൽ നിന്ന് പുസ്തകങ്ങളെടുത്ത് വായിക്കുകയായിരുന്നു മുഖ്യതൊഴിൽ.

എഴുത്തിന്റെ ലോകത്ത് ചിന്നങ്ങത്ത് കാലുകുത്തിയിട്ട് ആറുപതിറ്റാണ്ടുകളാവുകയാണ്. 1960-ൽ



രാജൻ ചിന്നങ്ങത്ത് ശ്രീ. സി.പി. ശ്രീധരന്റെ വീട്ടിൽ 1982

ജോയ് ശാസ്താം പടിക്കൽ പത്രാധിപരായി തൃശ്ശൂർ നിന്ന പ്രസിദ്ധപ്പെടുത്തിയിരുന്ന "ടെലഗ്രാഫ്" വാരികയിലാണ് ഞെട്ടറ്റു വീണ രക്തപുഷ്പങ്ങൾ എന്ന ആദ്യകഥ അച്ചടിച്ചു വന്നത്-പതിനേഴാം വയസ്സിൽ.

രണ്ടാം ലോക മഹായുദ്ധം കൊടുമ്പിരിക്കൊണ്ട കാലത്തായിരുന്നു ജനനവും ബാല്യവും. നാടെങ്ങും വറുതി. പട്ടിണിയും പ്രയാസങ്ങളും. ക്ഷാമത്തിന്റെ മൂർദ്ധന്യം. ഒരു നേരത്തെ വയറു നിറയുവാനുള്ള ആഹാരമായിരുന്നു ഏറ്റവും വലിയ ആഗ്രഹം.

സമൃദ്ധമായി വിളയുന്ന മുണ്ടകനും പുഞ്ചയും കൃഷി ചെയ്യുന്ന പാടശേഖരങ്ങളാൽ ചുറ്റപ്പെട്ട ചെങ്ങാറ്റുംമുറി എന്ന അന്നത്തെ അപരിഷ്കൃതഗ്രാമം. കർഷകരും കർഷകതൊഴിലാളികളുമായ നാട്ടുകാർ. ഓലമേഞ്ഞ, ചെത്തിത്തേയ്ക്കാത്ത ചുവരുകളുള്ള, ചെറിയ ചെറിയ വീടുകൾ. അത്തരം കുടിലുകളിലൊന്നിലാണ്, ചിന്നങ്ങത്ത് ജനിച്ചതും വളർന്നതും. ആ കാലഘട്ടത്തെക്കുറിച്ച്, "ഓർമ്മ മരത്തിന്റെ തണലിൽ" എന്ന തന്റെ ആത്മകഥയിൽ അദ്ദേഹം കുറിച്ചിട്ടുണ്ട്.

"സന്ധ്യയ്ക്ക് ക്ഷേത്രത്തിൽ ദീപാരാധനയ്ക്കുള്ള വെടി മുഴങ്ങുമ്പോൾ അമ്മ ചിമ്മിനി വിളക്കു കത്തിച്ച് ഉമ്മറത്തുവച്ച് നാമം ചെല്ലാനിരുത്തും. അതു കഴിഞ്ഞാലുടനെ അത്താഴം വിളമ്പും. വായനയോ പഠിപ്പോ ഒന്നുമില്ല. വേഗം തന്നെ ഉറങ്ങാൻ പായ നിവർത്തും. എട്ടു മണിക്കു മുമ്പേ നാട്ടുമ്പുറം നിദ്രയിലമർന്നു കഴിയും. അകത്ത് മലർന്നുകിടന്ന് മേലോട്ടു നോക്കിയാൽ ചിതലുതിന്നുതീർത്ത ഓലപ്പഴുതിലൂടെ ആകാശം കാണാം. ആകാശത്തിലെ ചലിക്കുന്ന വെൺമേഘങ്ങളേയും നക്ഷത്രങ്ങളേയും ചന്ദ്രനേയും കാണാം. പണം തികയാത്തതുകൊണ്ട് പുരമേയാൻ വൈകുന്ന കൊല്ലങ്ങളിൽ, വേനൽ മഴ തകർത്തുപെയ്യുമ്പോൾ ടാപ്പുകൾ തുറന്നാലെന്നപ്പോലെ അകത്തേയ്ക്ക് വെള്ളം ചാടും. അകം കുളമാകാതിരിയ്ക്കാൻ വെള്ളം ചോർന്നുവീഴുന്ന ഇടങ്ങളിൽ ഓട്ടുപാത്രങ്ങളും, മൺകലങ്ങളും നിരത്തിവയ്ക്കും. പാത്രങ്ങളിൽ ഒരേ താളത്തിൽ ജലകണങ്ങൾ പതിയ്ക്കുന്ന ശബ്ദവും ശ്രവിച്ച് ഉറങ്ങാതെ കിടക്കും. അതൊക്കെ ഒരു കാലം"


ശ്രീ. രാജൻ ചിന്നങ്ങത്ത് പി. ജി. വിശ്വംഭരൻ

തൊമ്മാന സർക്കാർ സ്ക്കൂളിൽ പ്രൈമറി ക്ലാസ്സിൽ ചേർക്കാൻ കൊണ്ടുചെന്നപ്പോൾ മാഷന്മാരാണ് ജനനതീയതി കണക്കു കൂട്ടിയെടുത്തത്. അത് കൃത്യമാണോ എന്ന് ഇന്നും നിശ്ചയമില്ല. വിദ്യാഭ്യാസം നിർബന്ധമായിരുന്നില്ല. സ്ക്കൂളിൽ പോയാൽത്തന്നെ നാലാം ക്ലാസ്സ്. എഴുതാനും വായിക്കാനുമുള്ള അറിവ് ധാരാളം!

ചിന്നങ്ങത്തിന്റെ തലമുറയായപ്പോഴേക്ക് പത്താം ക്ലാസ്സ് വരെ പഠിക്കാമെന്നായി. പത്ത് കഴിഞ്ഞാൽ പണക്കാരുടെ മക്കൾ കോളേജിൽ പോകും. പാവപ്പെട്ടവർ അവിടംകൊണ്ട് നിർത്തും.

മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രിയായിരിക്കെ കൊണ്ടുവന്ന ഹയർസെക്കണ്ടറി എന്ന പരിഷ്ക്കാരം മൂലം പതിനൊന്നു ക്ലാസ്സ് പഠിച്ചു പാസ്സായതിനുശേഷമാണ് ചിന്നങ്ങത്ത് ഹൈസ്ക്കൂൾ വിട്ടത്. ഹൈസ്ക്കൂളിൽ ഐച്ഛികവിഷയമായി ടൈപ്പ്റൈറ്റിംഗ്-ബുക്ക്കീപ്പിംഗ് പഠിച്ചിരുന്നു. ഹയർ സെക്കണ്ടറിക്കുശേഷം സ്ക്കൂളിനു മുന്നിലെ കമേഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠനം തുടർന്നു.

ചിന്നങ്ങത്തിന്റെ രചനകളിൽ, വിശേഷിച്ചും ആദ്യകാലകൃതികളിൽ, തന്റെ ജന്മസ്ഥലത്തിന്റെ അകൃത്രിമമായ ഗ്രാമീണ സൗഭഗം നിറകാഴ്ചയാണ്. കേരളത്തിനു പുറത്തിരുന്നുകൊണ്ടെഴുതിയ ഒട്ടുമിക്ക കഥകളിലും കവിതകളിലും നാട്ടുമ്പുറത്തിന്റെ തനിക്കന്യമായിപ്പോയ വിശുദ്ധിയെക്കുറിച്ച് വിഷാദത്തോടെ അയവിറക്കുന്നുണ്ട്. ബോംബെ ജീവിതത്തിനിടയിൽ ജോഗേശ്വരിയിലെ ദീർഘമായ താമസക്കാലത്ത്, താമസിക്കുന്ന ചെറിയ കെട്ടിടത്തിനു മുന്നിലെ കരിമ്പനകളും, ഈടാമിക്കാടുകളും, തേൻനുകരാൻ ചാടിച്ചാടി എത്തുന്ന അടയ്ക്കാക്കിളികളുമൊക്കെ ജന്മദേശത്തെ ഓർമ്മിപ്പിക്കുന്ന ഘടകങ്ങളായി വരുന്നുണ്ട്.

"കൗമുദി", "ജനയുഗം", "മലയാളമനോരമ", "ദീപിക", "നവയുഗം", "കേരളശബ്ദം" തുടങ്ങിയ ആഴ്ചപ്പതിപ്പുകളിൽ അനേകമനേകം രചനകൾ അച്ചടിച്ചുവന്നു. "ചിന്ത" യിൽ പ്രസിദ്ധീകരിച്ച ആദ്യ നോവൽ "ജലരേഖ"കളും കേരളശബ്ദത്തിൽ വന്ന രണ്ടാമത്തെ നോവൽ "പുനർജ്ജന്മ"വും ബോംബെ മഹാനഗരം

പശ്ചാത്തലമാക്കിക്കൊണ്ടുതന്നെ.

ബോംബെയിലെ സംഘർഷഭരിതമായ ജീവിതത്തിനിടയ്ക്ക് വായനയ്ക്കും എഴുത്തിനുമൊക്കെ സമയം നന്നേ പരിമിതം. എന്നിട്ടും സാഹിത്യപ്രവർത്തനം മുറിഞ്ഞുപോകാത്ത ഒരു ശീലമാക്കി ഒഴിവുദിവസങ്ങളിൽ താമസസ്ഥലത്തും, പലപ്പോഴും ജോലിചെയ്യുന്ന ഓഫീസിലിരുന്നുമൊക്കെ സൃഷ്ടികൾ നടത്തി. അതിനിടയ്ക്ക് ബോംബെ മലയാളികളുടെ ഒരു വാരികയുടെ പത്രാധിപത്യവും ഏറ്റെടുക്കേണ്ടി വന്നു 22-ാം വയസ്സിൽ!

1974-ൽ "കേരളശബ്ദ"ത്തിൽ പ്രസിദ്ധപ്പെടുത്തിയ "ആർത്തി-ആസക്തി" എന്ന ലഘുനോവൽ അവസാനിച്ചപ്പോൾ പ്രതിഫലമായി ഒരു ചെക്കും, എഡിറ്ററുടെ ഒരു കത്തും, ദുബായ് മേൽവിലാസത്തിൽ വന്നു. "കുറെകൂടി വലിയൊരു നോവൽ" കേരളശബ്ദത്തിനുവേണ്ടി എഴുതുവാൻ താങ്കൾക്കു കഴിയുമെങ്കിൽ സന്തോഷകരമായ ഒരനുഭവമായിരിക്കും അത്. ചടുലവും വികാരസമ്പുഷ്ടവുമായ പ്രതിപാതന രീതിയാണല്ലോ താങ്കളുടെ രചനാസമ്പ്രദായത്തിന്റെ മുഖമുദ്ര. അതാകട്ടെ വായനക്കാർക്ക് അത്യധികം താല്പര്യമുള്ളതാണെന്നും തോന്നുന്നു.

(ഓർമ്മ മരത്തിന്റെ തണണലിൽ- പേജ് 206)

അങ്ങനെ എഴുതിയ വികാരതീവ്രമായ പ്രണയകഥയാണ് "നക്ഷത്രങ്ങളുടെ ഗാനം". അത് വായനക്കാർ ആവേശപൂർവ്വം ഏറ്റവാങ്ങി. വായനക്കാരുടെ പേജിലേക്ക് തുരുതുരാ കത്തുകൾ എത്തി. മറുനാടൻ ബാച്ചിലർ ജീവിതത്തിന്റെ ഉള്ളറകളിലേക്കിറങ്ങിച്ചെന്നുള്ള ആ പ്രതിപാദനം ഖണ്ഡഃശ പ്രസിദ്ധീകരണരംഗത്തും ഒരു തരംഗംതന്നെ സൃഷ്ടിച്ചു.

അതുതീർന്നയുടെനെ വന്നു, പത്രലോകത്ത് കോളിളക്കം സൃഷ്ടിച്ച മറ്റൊരു രചന- "പൊന്മുട്ടയിടുന്ന കിളി." കേരളം വിട്ടു ജീവിക്കുന്നവരുടെ വരണ്ട ജീവിതത്തെ പച്ചയായി തുറന്നുകാട്ടുന്ന ഒരാവിഷ്ക്കാരമായി അത്. അതോടെ നോവലിനുവേണ്ടി വൻകിട-ചെറുകിട വ്യത്യാസമില്ലാതെ പ്രസിദ്ധികരണ സ്ഥാപനങ്ങളുടെ തള്ളിക്കയറ്റമുണ്ടായി. ഒരേ സമയം നാലു നോവലുകൾ വരെ അദ്ധ്യായംഅദ്ധ്യായമായി ഓരോ ആഴ്ചയും എഴുതി അയക്കുന്ന അഭ്യാസത്തിന് മറ്റു പലരേയും പോലെ ചിന്നങ്ങത്തിനും വഴങ്ങേണ്ടി വന്നു! അക്കാലത്ത് "തുടരൻ" പസിദ്ധീകരണ രംഗത്ത് അദ്ദേഹത്തിന്റെ രചനകൾ മറ്റു പലരോടുമൊപ്പം ഊഷ്മള സാന്നിദ്ധ്യമായിരുന്നു.



ശ്രീ. രാജൻ ചിന്നങ്ങത്ത് ദുബായിലെ ഓഫീസിൽ 1974

ദുബായിലെത്തുന്നത് 1974 ആഗസ്റ്റിൽ. കപ്പലിലായിരുന്നു ബോംബെയിൽ നിന്നുള്ള യാത്ര. മാസ്റ്റർ പീസ് കൃതിയായ "മനക്കണക്ക് " ആരംഭിക്കുന്നതുതന്നെ ഈ കപ്പൽ യാത്ര വർണ്ണിച്ചുകൊണ്ടാണ്.

"മനക്കണക്ക് " തുടർക്കഥയായി "കുങ്കുമം" വാരികയിലാണ് വന്നത്. തുടക്കം മുതൽക്കേ അതിനു വ്യാപകമായി ആസ്വാദകരുണ്ടായി. ആദ്യകാല ഗൾഫ് കുടിയേറ്റത്തിന്റെ അനുഭവസാക്ഷ്യം അനേകം പേർക്ക് സ്വന്തം ജീവിതത്തിൽ നിന്നും ചീന്തിപ്പറിച്ചെടുത്ത തോന്നലുളവാക്കി.

വളരെ ചെറിയ ഒരു ലോകമായിരുന്നു എന്നും ചിന്നങ്ങത്തിന്റേയ്. ജന്മദേശത്തും, ബോംബെയിലും, ദുബായ്-ഷാർജ-അബുദാബി എന്നിവിടങ്ങളിലുമെല്ലാം ജീവിക്കുമ്പോഴും ദീർഘയാത്രകളിലോ, സദസ്സുകളിലോ, ആരവങ്ങളിലോ ഒന്നും താല്പര്യം കാണിക്കാതെ ഒഴിഞ്ഞുമാറി നിൽക്കുന്ന പ്രകൃതത്തിന്റെ ഉടമയാണ്. എവിടെയെങ്കിലും ഒഴിഞ്ഞുനിന്ന് തന്റെ ചുറ്റുപാടുമുള്ള മനുഷ്യജീവിതങ്ങളെ പഠിക്കുകയും അവരുടെ അനുഭവങ്ങളെ സ്വാംശീകരിച്ച്, സ്വന്തം വീക്ഷണവുമായി സംയോജിപ്പിച്ച് സാഹിത്യരചന നടത്തുകയുമാണ് രീതി. എക്കാലവും ഇടതുപക്ഷത്തിന്റെ സഹയാത്രികനായി, കാലപ്രവാഹത്തിന്റെ ഓരം ചേർന്ന് ശാന്തനും നിശ്ശബ്ദനുമായി സഞ്ചരിക്കാനാണ് എപ്പോഴും ഇഷ്ടം.

എഴുത്ത് ഇപ്പോൾ നന്നേ കുറഞ്ഞു. ഓണക്കാലത്ത് പതിവായെഴുതുന്ന ചില വിശേഷാൽ പതിപ്പുകളിലേയ്ക്കുള്ള സംഭാവനകൾ മാത്രമേയുള്ളു. സാധിച്ചാൽ "ഓർമ്മ മരത്തിന്റെ തണണലിൽ" എന്ന ആത്മകഥയ്ക്ക് ഒരു രണ്ടാം ഭാഗംകൂടി എഴുതണമെന്നാഗ്രഹിക്കുന്നു. കൂടാതെ അച്ചടി വ്യവസായത്തിന്റെ പശ്ചാത്തലത്തിൽ മുപ്പതുവർഷത്തെ അനുഭവങ്ങൾ ആധാരമാക്കി "അച്ച് " എന്ന ഒരു നോവലും. അതിനുള്ള പരിശ്രമത്തിലാണ്. ■



Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob:9847390950
Ph:04952702073,Resi:9048594525

HASBI
TOURS & TRAVELS



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 100
9349 666 100




# ഐശ്വര്യ സ്വയംസഹായ സംഘം

## മുക്കണ്ണിപറമ്പ്, കൊമ്മേരി IDC Reg No 224/04
## കോഴിക്കോട 673 007

ഐശ്വര്യ സ്വയംസഹായ സംഘവും സഹോദര സംഘമായ സൂര്യ വനിത സ്വയം സംഘവും സംയുക്തമായി ഗോതീശ്വരം റിസോർട്ടിൽ വെച്ച് കുടുംബ സംഘമം നടത്തി. രാവിലെ 8 മുതൽ വൈകുന്നേരം 6 മണി വരെ വിവിധ കലാപരിപാടിയും ഗാനങ്ങളും സ്പോർട്സും മറ്റും നടത്തി. കൊമ്മേരി പ്രദേശത്ത് വിവിധ പൊതുപരിപാടികൾ നടത്തുന്ന സംഘംകുടുംബാംഗങ്ങളുടെ ഒത്തുചേരലും ഒത്തൊരുമയും ഊട്ടി ഉറപ്പിക്കാൻ കുടുംബ സംഗമംകൊണ്ടു സാധിച്ചു. കൂട്ടുകുടുംബത്തിന്റെ മഹത്വത്തെകുറിച്ചും സ്നേഹത്തെകുറിച്ചും ബഹുമാനത്തെകുറിച്ചും ദാരിദ്ര്യമാണെങ്കിലും പഴയകാലത്തെ സന്തോഷത്തിനെ കുറിച്ചും ഇന്ന് അണുകുടുംബങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെ കുറിച്ചും വേദി പങ്കിട്ടവരിൽ പലരും സംസാരിക്കുകയുണ്ടായി.

### കാര്യപരിപാടി

| | |
|---|---|
| സ്വാഗതം: | നിശാന്ത് വി.പി (സെക്രട്ടറി) |
| അദ്ധ്യക്ഷൻ: | ബാബുരാജ് ചമ്പയിൽ (പ്രസിഡണ്ട്) |
| ഉദ്ഘാടനം: | ശ്രീകുമാർ കണ്ടാടത്ത് |
| ആശംസകൾ: | |
| | ശ്രീകുമാർ (ഐക്യവേദി പ്രസിഡണ്ട്) |
| | ധനലക്ഷ്മി മോഹൻദാസ് (സൂര്യ വനിതാ സ്വയം സഹായ സംഘം) |
| | ത്രിവേണി വിജയകുമാർ (സൂര്യ വനിതാ സ്വയം സഹായ സംഘം) |
| | വി.പി. ബാലൻ ( രക്ഷാധികാരി,സൂര്യ വനിതാ സ്വയം സഹായ സംഘം) |
| നന്ദി: | സുധീഷ് കുമാർ ചിറക്കൽ. |

കലാപരിപാടികൾ ബിനു ഉള്ളാട്ടിൽ നിയന്ത്രിച്ചു. വിജയകുമാർ, സുബിലൻ, ശ്രീഷാന്ത്, മോഹൻദാസ്, ഷിജിത്ത്, ബിജു, പരമേശ്വരൻ, രാജൻ, അജീഷ് എന്നിവർ നേതൃത്വം നൽകി

# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**നിയമലംഘനം എന്നാൽ എന്ത്?**

സത്യവും ധർമ്മവും നീതിയുമുള്ള ഭരണാധികാരികൾ ഉൾകണ്ണുകൊണ്ട് ഭാവിയിൽ ഉണ്ടാകുന്ന ഭരണാധികാരികളെ മുൻകൂട്ടി മനസ്സിലാക്കുകയും അവരുടെ സ്വാർത്ഥതാല്പര്യംകൊണ്ട് എല്ലാ നിയന്ത്രണങ്ങളും അട്ടിമറിക്കപ്പെടും എന്നു ബോദ്ധ്യമുള്ളതുകൊണ്ടുമാണ് നിയമവും നിയന്ത്രണങ്ങളും മുൻക്കൂട്ടി ഒരുക്കിവെച്ചത്. ലോകാവസാനം എന്നതരത്തിലുള്ള ഭാവന ഇവിടെയില്ല. സത്യവും ധർമ്മവും നീതിയും വിരുദ്ധമായി എന്നു ആരു ചിന്തിക്കുന്നുവോ അതു തന്നെയാണ് നിയമലംഘനം. ഈ പ്രപഞ്ചം രാജാവോ മന്ത്രിയോ സൃഷ്ടിച്ചതല്ല. ഈശ്വരസൃഷ്ടിയാണ് എന്നു പറയാം. കാരണം നമ്മളാരും ജനിക്കുമെന്ന് നമ്മൾ കരുതിയിരുന്നില്ല. നമുക്കൊരു മാതാവും പിതാവും ഉണ്ടായതുകൊണ്ട് നമ്മൾ ജന്മമെടുത്തു. അതുപോലെത്തന്നെ നമ്മുടെ അച്ഛനും അമ്മയ്ക്കും ഒരു അച്ഛനും അമ്മയും ഉണ്ടായിരുന്നു അതുകൊണ്ടാണ് അവരും ജനിച്ചത്. ഇത് ഒരു പരമ്പരയായി നിലനിന്നുകൊണ്ടിരുന്നു. ഇതു ബോധ്യമുള്ളതുകൊണ്ടാണ് സത്യവും ധർമ്മവുമുള്ള രാജാക്കന്മാർ ഭൂമിയിൽ നീതിമാനായി വാഴുവാനാകുന്നതിനു വേണ്ടതായ സൗകര്യത്തിനു നിയമം ഉണ്ടാക്കി നിലനിർത്തിയത്.

ആയിരത്തി ഇരുന്നൂറ് വർഷങ്ങൾക്കു മുമ്പ് നാട് ഭരിച്ചത് പന്തളത്ത് രാജ്യവംശമായിരുന്നു. അതേ രാജ്യവംശത്തിലെ രാജാവ് ശബരിമല ക്ഷേത്രം നിർമ്മിച്ചു. രാജ്യഭരണം പിന്നീട് അവസാനിക്കുമെന്നും ജനങ്ങളാൽ തിരഞ്ഞെടുത്തവർ പിന്നീട് രാജ്യം ഭരിക്കുമെന്നും ഇക്കാലയളവിൽ ഇവിടെയെന്തൊക്കെ അനിഷ്ടങ്ങൾ സംഭവിക്കുമെന്നും മുൻ ധാരണയുണ്ടായിരുന്ന രാജാവായിരുന്നു പന്തളം രാജാവ്. അനിഷ്ടങ്ങളെ അതിജീവിക്കുവാനും ധർമ്മത്തിന്റെയും സ്നേഹത്തിന്റേയും പ്രതീകമായ അയ്യപ്പനെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഭക്തരെ സംരക്ഷിക്കുവാനും ചൈതന്യം തുളുമ്പുന്ന സമ്പ്രദായത്തിൽ അയ്യപ്പക്ഷേത്രം സംരക്ഷിക്കുവാനും ശബരിമല ശാസ്താവിന് കഴിവുണ്ടെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ പ്രപഞ്ചത്തിലെ പൂർവ്വികന്മാരായ മുനികൾ, സർവ്വ ജീവജാലങ്ങൾക്കും നിഷ്ഠയായ ജീവിതചര്യ ആചരിച്ച് ഭൂമിയിൽ ജീവിക്കുവാനുള്ള നിയമങ്ങളും നിയന്ത്രണങ്ങളുമുണ്ടാക്കി വെച്ചിരുന്നു. മനഷ്യജീവിതത്തിനു അനുയോജ്യമായി പർവ്വതങ്ങൾ, സമതലങ്ങൾ, വയലുകൾ, തോടുകൾ, പുഴകൾ, കടൽ എന്നിവ നിലനിൽക്കണമെന്നവർ നിഷ്ക്കർഷിച്ചു. ജീവൻ നിലനിർത്തുവാൻ ആഹാരം വേണം. ജലം ശുലഭമായി കിട്ടുന്ന സ്ഥലം വയലുകളായി നെൽകൃഷിക്കും, ബാക്കിയോരോ പ്രദേശത്തിന്റെയും ഗുണത്തിനനുസരിച്ച് വെവ്വേറെ കൃഷി സമ്പ്രദായവും, ഗൃഹനിർമ്മാണത്തിനു യോജിച്ചത് ഗൃഹത്തിനും, തോട്ടത്തിന് പറ്റിയവ തോട്ടത്തിനുമെല്ലാം ഒരു നിയന്ത്രണത്തിൽ അവർ ചേർത്തുവെച്ചു.

അറിവുള്ളവർ(സത്യവും, ധർമ്മവും, നീതിബോധവുമുള്ളവർ) എങ്ങിനെയാണ് ഈ പ്രപഞ്ചത്തെ നിയന്ത്രണവിധേയമായി നിലനിർത്തിയത്? കുന്നും മലകളും കാടും നശിപ്പിച്ചല്ല, കുന്നും മലകളും, കാടും സംരക്ഷിച്ചുകൊണ്ട് കൃഷിക്ക് എങ്ങിനെ ഗുണമുണ്ടാക്കാം എന്നാണ് അവർ ചിന്തിച്ചത്. മലമുകളിൽ മരങ്ങൾ നട്ടാലും മരങ്ങൾ കാടായി രൂപാന്തരപ്പെട്ടാലും കാലവർഷം ആരംഭിക്കുമ്പോൾ മലമുകളിൽനിന്നുള്ള ജൈവസമ്പത്തുകൾ പാടത്തേക്ക് ഒഴുകിയെത്തും. ആങ്ങിനെയായാൽ പ്രത്യേകിച്ച് യാതൊരു തരവളവും കൃഷിക്ക് വേണ്ടി പ്രത്യേകമായി ചെയ്യേണ്ടി വരികയില്ല. മുൻകൂട്ടിയുള്ള അവരുടെ നിഗമനം എന്നും വിജയമായിരുന്നു.

കാലവർഷം തുടങ്ങുമ്പോൾ വീടുകളും കടകളും റോഡുകളും വെള്ളത്തിൽ മുങ്ങുന്നതിനു കാരണം, പ്രകൃതിയ്ക്കു വിരുദ്ധമായി എന്തുചെയ്താലും ഗുണത്തേക്കാൾ ദോഷമേ ഉണ്ടാകൂ. പലകാരണങ്ങൾ പറഞ്ഞ് ജനങ്ങളെ തെറ്റിധരിപ്പിക്കുക മാത്രമാണ് ഭൗതികവാദം. ജനസംഖ്യ വർദ്ധിച്ചതുകൊണ്ടാണോ ഇവിടെ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്! രാജ്യത്ത്തനതായ സംസ്ക്കാരമില്ലായ്മയാണ് ഇതിനുകാരണം. ഒരു രാജ്യത്തിന്റെ തനതായ സംസ്ക്കാരത്തിലൂടെ രാജ്യം ഉന്നതിയിലെത്തും. പുരോഗതി പ്രാപിക്കും. നാറാണത്ത് ഗുരുദേവൻ കാണിച്ച വഴികളാണ് ഇന്ന് രാജ്യത്ത് നടക്കുന്നത്. ഒരു ഉരുളൻ പാറ കുന്നിൻ മുകളിൽ എത്തിക്കുവാൻ എത്ര പ്രയാസമുണ്ടെന്നോ! അത് താഴെക്കിട്ട് കൈക്കൊട്ടിച്ചിരിക്കുന്ന അവസ്ഥയാണ് സംസ്ക്കാരശൂന്യരായ ഓരോ ഭരണാധികാരികളും കാലാകാലങ്ങളിൽ ചെയ്യുന്നത്.

പ്രണാമങ്ങളോടെ




എം. മോഹൻദാസ്, സൂക്തനിലയം, അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി, കോഴിക്കോട്,
ഫോൺ: 9744960052,9744741865

ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക



ആത്മപ്രഭാലയ
ബനാന ചിപ്സ് സെന്റർ
കളിപ്പൊയ്ക
പി.ഒ. കോട്ടൂളി
കോഴിക്കോട്-16
ഫോൺ: 9744960052, 9744741865





# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

***ശാസ്താസ്***
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

***കോളിറ്റി സ്റ്റേഷനറി***
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

***കെ.ആർ. ബ്രദേഴ്സ്***
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

***അളകാപുരി സ്റ്റേഷനറി,***
പാളയം, കോഴിക്കോട്, ഫോൺ: 9946267474

***മലബാർ സ്റ്റേഷനറി,***
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

***ലക്കിബുക്ക്സ്***
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

***അസീസ് സ്റ്റേഷനറി***
*കൊയിലാണ്ടി ബസ്റ്റാന്റ്. കോഴിക്കോട്,*

***നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ***
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

***വി.എം. സ്റ്റേഷനറി***
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

***ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,***
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

***കെ. ആർ. കൂൾബാർ***
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413


***യൂണിക്ക് ബുക്ക് സ്റ്റാൾ***
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

***അപെക്സ് ബുക്ക് സ്റ്റാൾ,***
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................

***ഗുഡ്ലൈൻ ബേക്കറി***
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

***അക്ഷര ബുക്ക്സ്*** (രാമനാട്ടുകര)
***എം. കെ. ബുക്ക്സ്*** (രാമനാട്ടുകര)
***ബുക്ക് ലാന്റ്*** (രാമനാട്ടുകര)
***കുട്ടിയാപ്പു സ്റ്റേഷനറി*** (രാമനാട്ടുകര)
***മലയാളി ഫാൻസി*** (ഫറോക്ക്)
***ചന്ദ്രൻ സ്റ്റേഷനറി*** (ഫറോക്ക്)
***രാജൻ സ്റ്റേഷനറി,*** (പൊയിൽകാവ്)
***വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി*** (പൊയിൽകാവ്)
***അബുബക്കർ സ്റ്റേഷനറി*** (പൂക്കാട്)
***ശ്രീൻ സ്റ്റോർ*** (അത്താണിക്കൽ)
***പ്രതീത സ്റ്റോർ (മിൽമ)*** (പന്തീരാങ്കാവ്)
***ഇ.എൻ. ജി. സ്റ്റോർ*** (പന്തീരാങ്കാവ്)
***ടി.കെ. ഗോപാലൻ സ്റ്റേഷനറി*** (പൊറ്റമ്മൽ)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി*** (പൊറ്റമ്മൽ)
***വാസു സ്റ്റേഷനറി*** (മാങ്കാവ്)
***കെ. ജയരാജൻ സ്റ്റേഷനറി*** (കാളൂർറോഡ്)
***ഫ്രണ്ട്സ് സ്റ്റേഷനറി*** (കാളൂർറോഡ്)
***പ്രമീള സ്റ്റോർ*** (കോന്തനാരി)
***കേരളാ സ്റ്റോർ,*** 6-ാം മൈൽ, (വെള്ളിപറമ്പ്)
***കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,*** (അത്താണിക്കൽ)
***ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി*** (വെസ്റ്റ്ഹിൽചുങ്കം)
***വി.കെ.ബി. സ്റ്റോർ*** (വെസ്റ്റ്ഹിൽ ചുങ്കം)
***ചുങ്കം സ്റ്റേഷനറി*** (വെസ്റ്റ്ഹിൽ ചുങ്കം)
***രാമചന്ദ്രൻ സ്റ്റേഷനറി*** (പുതിയപാലം)
***ധർമ്മരാജ് സ്റ്റേഷനറി*** (പുതിയപാലം)
***അനിൽ കുമാർ(ബാബു)സ്റ്റേഷനറി*** (പുതിയപാലം)
***സുരഭി സ്റ്റേഷനറി*** *(ഒളവണ്ണ ബസാർ)*
***രാമകൃഷ്ണൻ സ്റ്റേഷനറി*** (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
***രാമദാസ് സ്റ്റോർ,*** കല്ലയി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
***ടി.പി സ്റ്റോർ,*** (ശാരദമന്ദിരം)
***കെ.എസ്. സ്റ്റേഷനറി& കൂൾബാർ*** (കൈമ്പാലം)
***സാഗരൻ സ്റ്റേഷനറി,*** (ഈസ്റ്റ് നടക്കാവ്)
***കവിത സ്റ്റോർസ്,*** ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
***എം.സി. ആലിക്കോയ,*** വ്യാപാരഭവൻ, (മാങ്കാവ്)
***നാരായണൻ ബുക്ക് സ്റ്റാൾ,*** (ഇംഗ്ലീഷ് പള്ളി)
***ബേബി സ്റ്റേഷനറി*** (കാരന്തൂർ)

അനുഭവം



ചിത്രാപ്പാട്ട് നീലകണ്ഠൻ

# നൊമ്പരത്തിന്റെ ശാന്തത



**കൊ**ടുങ്കാറ്റിനു മുമ്പുള്ള ശാന്തത, വരാനിരിക്കുന്ന കൊടുങ്കാറ്റിനെ സൂചിപ്പിക്കുന്നതാണ്. മുമ്പ് ഉത്തരേന്ത്യയിൽ ജനിച്ച നാൾ മുതൽ  വയസ്സു വരെ പിടിപെടാവുന്ന ഒരു രോഗത്തെപ്പറ്റി ഒരു പ്രമുഖപത്രത്തിൽ വായിക്കാനിടയായി. എസ്സ്.എം.എ എന്നാണ് രോഗത്തിന്റെ പേര്. കുഞ്ഞുങ്ങളുടെ ശരീരം വളഞ്ഞും തിരിഞ്ഞും ഒതുങ്ങിപ്പോവുക ജനിച്ചുകഴിഞ്ഞ് ചിലപ്പോൾ കുഴപ്പമുണ്ടാകില്ല. ചലിക്കുന്നതിനാവശ്യമായ പ്രോട്ടീൻ ഉൽപ്പാദിപ്പിക്കുന്ന ജീൻ കുറവായിരിക്കും അധികം വൈകാതെ ചലിക്കുന്ന എല്ലാ പേശികളെയും ബാധിക്കും. ശ്വാസതടസ്സവും, ഭക്ഷണം കഴിക്കുന്നതിന് തടസ്സവും സാവധാനം മരണത്തിൽ കലാശിക്കും ചിലപ്പോൾ ചില കുട്ടികൾ രക്ഷപ്പെടും രക്ഷപ്പെട്ടാൽ തന്നെ അംഗവൈകല്യം മരണം വരെ സംഭവിക്കും.

ഇവിടെ ഒരച്ഛന്റെയും അമ്മയുടെയും അനുഭവകഥ ഇങ്ങനെയാണ്. എന്റെ സുഹൃത്ത് അനന്തന്റെയും, ഭാര്യ സുനന്ദയുടെയും മകളായി ഹരിത ജനിക്കുകയായിരുന്നു. കുഞ്ഞുന്നാളിൽ വലിയ കുഴപ്പം കണ്ടിരുന്നില്ല. കുറച്ചു മാസങ്ങൾക്കു ശേഷം രോഗത്തിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. കുട്ടിയെ ആയുർവ്വേദം, അലോപ്പതി, ഫിസിയോതെറാപ്പി തുടങ്ങിയ ചികിത്സകൾ തുടർന്നു. കുട്ടിയുടെ അസുഖത്തെപ്പറ്റി മാഷ് ഞങ്ഹളോട് പറഞ്ഞിരുന്നില്ല. ഞാൻ ഒരു ദിവസം അനന്തൻ  മാഷെ കാണാൻ അദ്ദേഹം താമസിക്കുന്ന വീട്ടിലേക്ക് കടന്ന് നീങ്ങവെ വീട്ടിലെത്താറായപ്പോൾ ഏകദേശം 8 വയസ്സു പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി ഓടി വന്ന് അസാധാരണ ശബ്ദം ഉണ്ടാക്കി എന്നെ മാന്തുകയും നുള്ളുകയും ചെയ്തു. വീടിന്റെ പിറകുവശത്തു നിന്ന് മുറ്റത്തേക്ക് കുട്ടിയെ തിരക്കി വന്ന അമ്മ കുട്ടിയുടെ ചേഷ്ടകൾ കണ്ടു കരയുകയുണ്ടായി. അമ്മ ഓടി വന്ന് കുട്ടിയെ പതിയെ പിടി്ചു. വീട്ടിലേക്ക്  കൊണ്ടുപോയി.

വീടിന്റെ കോലായിൽ ചാരുകസേരയിൽ ഇരുന്നിരുന്ന അനന്തൻമാഷ് കസേര ചൂണ്ടിക്കാട്ടി ഇരിക്കാൻ പറഞ്ഞു. അനന്തൻ മാഷ് കുട്ടിയുടെ അസുഖത്തെപ്പറ്റി വാചാലനായി. എനിക്കൊന്നും മനസ്സിലായില്ല. കറേ വർഷങ്ങൾക്കു ശേഷമാണ് ഈ അസുഖത്തെപ്പറ്റി പത്രത്തിൽ വായിക്കുന്നത്. 8 വയസ്സിനു ശേഷം കുട്ടിയെ ഭിന്നശേഷിയുള്ള കുട്ടികളുടെ സ്ക്കൂളിൽ ചേർത്ത് പഠിപ്പിക്കുകയായിരുന്നു. ഒരു ഞാറാഴ്ചയുടെ പ്രഭാതം എനിക്കൊരു സുഹൃത്തിന്റെ ഫോൺ കോൾ നമ്മുടെ അനന്തൻ മാഷിന്റെ കുട്ടി ഹരിത മരിച്ചു. കൂടുതലൊന്നും അറിയാത്ത അവൻ ഫോൺ കട്ട്ചെയ്തു. ഞാൻ ഉടനെത്തന്നെ ഞാനറിയുന്ന രണ്ടു മൂന്ന് കൂട്ടുകാരോടൊപ്പം അനന്തൻ മാഷിന്റെ

**(ശേഷം പേജ് 37 ൽ)**

# New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

# NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

ESTD 1979

# SHOBA CLINICAL LABORTORY

**Pavangad, Calicut - 21 2392584**
**Mob: HARIDAS 9447462050**
ഞങ്ങളുടെ സഹോദര സ്ഥാപനം
ന്യൂകൃപ എക്സ്റെ & ലബോറട്ടറി, വയനാട് റോഡ്
Op. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്

# T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**




**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**




# DHANA LAKSHMI JEWELLERY



**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

# MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

# P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

# MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

# Highness Cool

Refrigeration & Air Conditioning
Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

# മനോജ് ടീ സ്റ്റാൾ




**കുറ്റിയിൽതാഴം**
**കോഴിക്കോട്**
**ഫോൺ: മനോജ് 9847915793**

# ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

കൊളത്തായ് കോംപ്ലക്സ്, പാല
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

# CAR TECH

**Krishnan Nair Road Junction, Karaparamba, Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

വ്യക്തിമുദ്ര

# കളരിപ്പയറ്റ്

നക്ഷത്രരാജ്യം ലേഖകൻ



എ.എം. ഷംസു ഗുരുക്കൾ

കരകൾ തോറും കളരികൾ ഉള്ള ഒരു കാലമുണ്ടായിരുന്നു കേരളത്തിന്. പ്രാചീനകേരളത്തിന്റെ കളരി പാരമ്പര്യ സ്മരമകൾ ഇപ്പോഴും ചിലയിടങ്ങളിൽ നിലനിൽക്കുന്നു. കച്ചകെട്ടും ഉഴിച്ചിലും നടത്തി ശിഷ്യന്മാരെ അഭ്യാസത്തിന് ഒരുക്കുകയായിരുന്നു കളരി ആശാൻമാർ പ്രാഥമികമായി ചെയ്തിരുന്നത്.

മെയ്യും ചുവടും അടിയും തടയും ഒഴിമുറകളും പഠിപ്പിക്കുന്നതോടൊപ്പം വാളും പരിചയും ഉറുമിയും കഠാരയും കെട്ടുകാരിയും കുറുവടിയും മുച്ചാണും കൊടുത്ത് ശിഷ്യന്മാരെ ഒന്നാന്തരം അഭ്യാസികളാക്കി മാറ്റുന്നതിൽ വ്രതമനസ്സുള്ള ഗുരുനാഥന്മാരാണ് അന്നുണ്ടായിരുന്നത്. അഭ്യാസമറിയാത്തവൻ ആണത്തമില്ലാത്തവനായി കരുതിപ്പോന്ന പ്രാചീന കേരളത്തിന്റെ ശൂരുത്വം അവസാനിക്കുന്നത് പാശ്ചാത്യരുടെ വരവോട് കൂടിയാണ്.

ശത്രുവിനെ വകവെരുത്തുകയെന്ന ഉദ്ദേശം മാത്രമല്ല കളരിയഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. മനസ്സും ശരീരവും ആരോഗ്യദൃഢമാക്കി വെക്കുക, പ്രതിരോധ തന്ത്രങ്ങൾ വശപ്പെടുത്തുക, മുട്ടിയ കള്ളിക്ക് മാറ്റാനെ കീഴ്പ്പെടുത്തുക, സർവ്വോപരി ഒരുതരം ആധ്യാത്മിക അനുഭൂതി നേടുക ഇതൊക്കെയാണ് കളരിയഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്.


തുടർച്ചയായ ഏഴ് വർഷത്തെ പരിശീലനം കൊണ്ട് ഒരാൾക്ക് കളരിമുറകൾ ഏറെക്കുറെ വശപ്പെടുത്താനാകും. മെയ്പ്പയറ്റും കോൽത്താരിയും അങ്കത്താരിയും വെറും കൈയുംപരിശീലിച്ച് കഴിഞ്ഞാൽ കളരി അഭ്യാസം പൂർത്തിയായി എന്നാണ് വെപ്പ്. ഇപ്പറഞ്ഞതിലെല്ലാം ധാരാളം ഉപവിദ്യകളുമുണ്ട്. വെറുംകൈയിൽ കള്ളക്കൈകളും കോൽത്താരിയിൽ കള്ളക്കോലുകളും ധാരാളം വേറെയുണ്ട്. വെറുംകൈ പ്രയോഗത്തിലെ ഒട്ടേറെ വിദ്യകൾ പണ്ടുള്ളവർ രഹസ്യമാക്കി വെച്ചിരുന്നു. ഈ പ്രയോഗങ്ങളുടെ രഹസ്യരൂപങ്ങളാണ് പിൽക്കാലത്ത് നവീന അഭ്യാസരീതികളായി പുറത്ത് വന്നത്. കുങ്ഫു, കരാട്ടെ, ജൂഡോ, തൈക്കോൺഡോ ഒക്കെ ഇതിന്റെ വികസിത രൂപങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. കളരിയുടെ മറ്റൊരു പ്രത്യേകത, അഭ്യാസ സമയത്ത് സംഭവിക്കുന്ന പരിക്കുകൾക്ക് ഉള്ള ചികിത്സാരീതികളും ഈ വിദ്യയിൽ അടങ്ങിയിട്ടുണ്ട് എന്നുള്ളതാണ്.


കേരളത്തിൽ ഇപ്പോഴും വിരലിലെണ്ണാവുന്നയിടങ്ങളിൽ പാരമ്പര്യമായി നടത്തിവരുന്ന കളരികൾ നിലനിൽക്കുന്നുണ്ട്. കോഴിക്കോട് മായനാട് എന്ന സ്ഥലത്ത് വളരെ പ്രശംസനീയമായ രീതിയിൽ വളർന്ന് വന്ന സ്ഥാപനമാണ് "ചൂരക്കൊടി കളരി സംഘം മായനാട് ". 2007 ലാണ് ഇതിന് തുടക്കം കുറിച്ചത്. എ.എം. ഷംസു ഗുരുക്കളാണ് മായനാട് ചൂരക്കൊടി കളരി സംഘത്തിന്റെ മുഖ്യഗുരുവും സ്ഥാപകനും. ചെറുപ്പകാലം മുതലേ കളരി അഭ്യാസത്തിൽ താൽപ്പര്യം കാണിച്ചിരുന്ന ഷംസു ഗുരുകകൾ ഉപ്പ വഴിക്കാണ് ഈ മേഖലയിലേക്ക് കടന്ന് വന്നത്.

കളരിയിലും കളരി ചികിത്സയിലും പ്രഗൽഭനും പ്രശസ്തനുമായ, പിതൃസഹോദരൻ കൂടിയായ ചെലവൂരിലെ ഉസ്താദ് C.M. മാമു ഗുരുക്കളുടെ പ്രധാന ശിഷ്യന്മാരിൽ അവസാനത്തെ കണ്ണിയാണ് ഷംസു ഗുരുക്കൾ. കളരിയിലും ചികിത്സയിലും പ്രാഗൽഭ്യം തെളിയിച്ച ഷംസു ഗുരുക്കൾക്ക് 1999ൽ-ൽ ലോക പര്യടനത്തിന് അവസരം ലഭിക്കുകയുണ്ടായി. ലോകമെമ്പാടും കറങ്ങുന്ന പാരീസ് ആസ്ഥാനമായുള്ള









വിഖ്യാത നൃത്തനാടക സംഘമായ ഫ്രാൻസിലെ ധിങ്കാരോ തിയേറ്റർ ഗ്രൂപ്പാണ് ഇങ്ങനെയൊരു അവസരം ഒരുക്കിയത്. ഫ്രാൻസ് കൂടാതെ അമേരിക്ക, റഷ്യ, ഹോളണ്ട് ബെൽജിയം, സ്പയിൻ, ഗ്രീസ്, സ്വിസ്സർലാന്റ്, കുവൈത്ത്, ഖത്തർ എന്നീ രാജ്യങ്ങളിലും ഷംസു ഗുരുക്കൾ സന്ദർശനം നടത്തുകയും കളരി പ്രകടനം കാഴ്ചവെക്കുകയും കളരി ചികിത്സകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കളരിമുറകൾ ഫ്രഞ്ച് ക്ലാസ്സിക്കൽ നൃത്തവുമായും അശ്വാഭ്യാസവുമായും സംയോജിപ്പിച്ചാണ് ലോകവേദിയിൽ ഷംസു ഗുരുക്കൾ ഈ കലയെ അവതരിപ്പിച്ചത്. വിദേശ രാജ്യങ്ങളിൽ തന്നെ ഏകദേശം അഞ്ച് ലക്ഷത്തിൽപരം ഓഡിയൻസിന്റെ മുമ്പിൽ അദ്ദേഹം ഈ കലയെ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ കേരളത്തിന് അകത്തും പുറത്തും നിരവധി മത്സരങ്ങളിൽ പങ്കടുക്കുകയും നിരവധി മെഡലുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

2017 ൽ നടന്ന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ മായനാട് ചൂരക്കൊടി കളരിസംഘത്തിലെ ഷംസു ഗുരുക്കളുടെ ശിഷ്യന്മാർ ജില്ലാ, സ്റ്റേറ്റ്, നാഷനൽ തലങ്ങളിൽ അനവധി മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്. കളരി അഭ്യാസങ്ങൾക്കും കളരി മർമ്മ ചികിത്സയുടെ പ്രചരണത്തിനുമായിട്ടാണ് മായനാട് ചൂരക്കൊടി കളരി സംഘം ആരംഭിച്ചിട്ടുള്ളത്. കളരി അഭ്യാസങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ചൂരക്കൊടി കളരി സംഘം ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന ഒരു കളരി സംഘമാണ്. ജാതിമത ഭേദമന്യേ ഇവിടെ എല്ലാവരേയും പരിശീലിപ്പിക്കുന്നുണ്ട്.

ഇപ്പോൾ ഷംസു ഗുരുക്കൽ ചെലവൂരിൽ “ഷിഫാ ആയുർവ്വേദ ഫാർമസി ” എന്ന പേരിൽ പാരമ്പര്യ കളരി മർമ്മ ചികിത്സാലയവും ആരംഭിച്ചിട്ടുണ്ട്. ഇദ്ദേഹം എടക്കാട്ടിൽ ഉമ്മർഹാജി ഫാത്തിമ ദമ്പതികളുടെ മകനാണ്. ഭാര്യ ഹാജറ കൊട്ടക്കാവയൽ ■

ക്ഷേത്രരാജ്യം
വാങ്ങുക
വായിക്കുക



## നൊമ്പരത്തിന്റെ ശാന്തത

(പേജ് 33-ൽ ബാക്കി)

വീട്ടിൽ ചെന്നു. നാലഞ്ചുപേർ കുട്ടികൾക്കു ചുറ്റും കൂട്ടംകൂടി നിൽപുണ്ടായിരുന്നു. മരണം ഉറപ്പിക്കാൻ വന്ന ഡോക്ടറും അക്കൂട്ടത്തിലുണ്ടായിരുന്നു. ഡോക്ടറും സംഘവും പോയശേഷം ഞങ്ങളും തിരിച്ചു പോന്നു.ഒരാഴ്ചക്കു ശേഷം ഞങ്ങൾ വീണ്ടും മാഷിന്റെ വീട്ടിലെത്തി. മാഷ് സംഭവങ്ങളെല്ലാം വിവരിച്ചു പറഞ്ഞു. ഒരു ദിവസം വൈകുന്നേരം 4 മണി മുതൽ കുട്ടിയെ കാണാനില്ലായിരുന്നു. ഞങ്ങളെല്ലാവരും കൂടി കുട്ടിയെ തിരക്കി വീടും പറമ്പുമെല്ലാം നടന്നു. വിഫലശ്രമത്തിനൊടുവിൽ ഒന്നു രണ്ടു പട്ടികൾ എന്തോ കണ്ടു കുരക്കുന്നു. മാഷ് തുടർന്നു. ഓടിച്ചെന്ന് കണ്ട കാഴ്ച ദയനീയമായിരുന്നു. വീട്ടിൽ നിന്നും വയലിന്റെ വരമ്പത്തേക്ക് കടക്കുന്ന മുട്ടിനു താഴെ മാത്രം വെള്ളമുള്ള ചാലിൽ കുട്ടി കമിഴ്ന്നു കിടക്കുന്നു. ശ്വാസകോശത്തിൽ വെള്ളവും ചെളിയും കയറിയാണ് കുട്ടി മരിച്ചതെന്നാണ് പോസ്റ്റുമാർട്ടം റിപ്പോർട്ട്. ഏകദേശം രാത്രി 8 മണിയോടുകൂടി ഞങ്ങൾ വളരെ വേദനയോടുകൂടി ആശുപത്രിയുടെ പടികളിറങ്ങി. ഇന്നും കുട്ടിയുടെ മരണം ഒരാത്മ നൊമ്പരമായി മനസ്സിൽ കിടക്കുന്നു. ■



# ശ്രീ ഭദ്ര ജ്യോതിഷം


കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ശില്പങ്ങളോടുകൂടി റെഡിമെയ്ഡ് പൂജാമുറികൾ തയ്യാറാക്കി കൊടുക്കും

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു.











വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

സുഷാന്ത് എം.പി.

ഫോൺ: 9207943125

തയ്യിൽതാഴം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.

## സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 7592 056 056, 7592 058 058, 99950 36 186**



**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**






**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

## Agency : KACOPS, KOTTOOLI

**Mob : 9747868041**





**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**

# ശാരദ

## ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**

**Mob : 9846412070**




ചെറുകഥ



ടി.പി. ശിവദാസൻ നെന്മാറ

# സൂസി



ഐ.ടി. ജീവനക്കാരും സഹപ്രവർത്തകരുമായ കൂട്ടുകാരുമൊത്ത് ആ ഹ്രസ്വമായ അവധിക്കാലത്തെ സമയംപോക്കലിനിടയ്ക്കൊരു നാൾ പകലുറക്കത്തിൽനിന്നും "സൂസി" എന്ന് ഉറക്കെ വിളിച്ചുകൊണ്ടു ഞെട്ടിയുണരുകയായിരുന്നു സാംസൺ!

അതു ശ്രദ്ധയിൽപ്പെട്ട കൂട്ടുകാരിൽ വായനയിൽ മുഴുകിയിരുന്ന ധനേഷ് പെട്ടെന്നുണ്ടായ ഞെട്ടലിൽ അടുത്ത് മൊബൈൽ ചാറ്റിംഗ് നടത്തിക്കൊണ്ടിരുന്ന അരുണിനോട് പറഞ്ഞു

"ഇവനിതെന്തു പറ്റി? ഏതാ സൂസി? അതും ആണുങ്ങൾ മാത്രം താമസിയ്ക്കുന്ന ഈ ബാച്ചിലർ ക്വോർട്ടേഴ്സിൽ ഇതുപോലുള്ള ഏതെങ്കിലുമൊരു പെണ്ണിനു വരാനെന്താ അങ്ങനെ പ്രത്യേകിച്ചൊരു കാര്യം?"

"എന്റെ പൊന്നു ധനേഷേ, ഇവിടൊരു പെണ്ണും പെടക്കോഴീം വന്നിട്ടില്ല! ഒറക്കത്തില് ആ സാംസണേതാണ്ടൊരു പകൽക്കിനാവു കണ്ടു വായിട്ടലച്ചതാ!"

സുധീറാണു വിളിച്ചറിയിച്ചത്! പെട്ടട്ടെന്നൊരു കാര്യമോർത്ത് സുധീഷ് സ്വയം പിറുപിറുത്തു:

"അല്ല, ഏതു പെണ്ണിന്റെ പേരുപറഞ്ഞാ അവനിവിടെ ഇങ്ങനെ നിലവിളിച്ചത്? ങ്ഹാ, ഇതിലെന്തെങ്കിലും കാര്യമില്ലാതിരിക്കില്ല! ങ്ഹാ, സന്ദർഭമൊന്ന് ഒത്തു വരട്ടെ!"

മറ്റു കൂട്ടുകാരെല്ലാം സാംസണിന്റെ സാന്നിദ്ധ്യത്തിൽ അവരവരുടെ കൂട്ടായതീരുമാനമായി തങ്ങൾ ന്യൂജനറേഷനെന്ന അവകാശവാദമുന്നയിച്ചുകൊണ്ട് ഏറ്റെടുത്തിരുന്ന വിചിത്രപരമായ ദൗത്യമനുസരിച്ച് തങ്ങളുടെ പ്രണയജോഡികളെ കണ്ടെത്തേണ്ട കാര്യത്തിൽ കേങ്കേമന്മാരായിരുന്നു! പക്ഷേ, എന്തുകൊണ്ടോ സാംസൺ മാത്രം ഈ വിഷയത്തിൽ താൽപര്യം കാണിക്കുന്നില്ല, എന്നൊരുൽകണ്ഠ അന്നേരം വരെ വച്ചു പുലർത്തിപ്പോന്ന അവരൊന്നടങ്കം ഈ സൂസിയാരാണെന്നു കണ്ടുപിടിച്ചിട്ടു തന്നെകാര്യമെന്ന ദൃഢനിശ്ചയത്തിലെത്തിച്ചേർന്നു.

തക്കതായൊരു സന്ദർഭത്തിനായി അക്കാര്യം അവധിയ്ക്കു വച്ചുകൊണ്ട് തൽക്കാലം അവരേവരും ഉള്ളിലൊതുക്കി.

"ഇവൻമാത്രമൊരു മിസ്റ്റർ ക്ലീൻ! നമ്മുടെ മുമ്പിലൊക്കെ നല്ല പിള്ള ചമഞ്ഞുനടന്നിട്ട് രഹസ്യമായി ഒരു കാമുകിയെ ഒപ്പിച്ചെടുത്തിട്ട് ഒള്ളകാര്യം നമ്മളെങ്ങാനമറിഞ്ഞാൽ ഇനി അതിന്റെ പേരിൽ കൂട്ടുകാരായ നമുക്കുവേണ്ടി ചെയ്യേണ്ടിവരുന്ന ചെലവിനെയോർത്തായിരിക്കും ഇവന്റെയീ മൗഢ്യം! ഇനി അഥവാ നമ്മളെപ്പോലെ അത്തരമൊരിടപാടിലെങ്ങാനം ചെന്നുപെട്ടുപോയാൽ കയ്യിലുള്ള കാശെല്ലാം അങ്ങനെയൊരു ലൗബേർഡിനുവേണ്ടി ചെലവഴിച്ച്, അതിന്റെ പേരിലെങ്ങാനം ഒരു പക്ഷേ ഭാവിയിൽ സംഭവിച്ചേയ്ക്കാവുന്ന പാപ്പരത്തത്തേയും, അതേത്തുടർന്ന് വീട്ടിൽനിന്നും പുറന്തള്ളപ്പെടുന്ന അവസ്ഥാവിശേഷവുമെല്ലാം മുന്നിൽക്കണ്ട് തടിത്തപ്പാനാവാത്ത ഭയപ്പാടോർത്തായിരിയ്ക്കും! കഷ്ടം...! "

അവർക്കിടയിൽ സിബിയാണ് പുച്ഛത്തോടും പരിഹാസത്തോടും കൂടി അവന്റെ മുമ്പിലായി അത്രയും വാചകക്കസർത്തു നടത്തിയത്!

അത്രയും നേരം അതെല്ലാം സഹിച്ചുനിന്ന സാംസണിൽനിന്നും അവരുടെനേർക്കുണ്ടായ പ്രതികരണം, കേവലം ഒരു വളിച്ച ചിരി മാത്രമായിരുന്നെങ്കിലും അവനെ സംബന്ധിച്ചിടത്തോളം തൽക്കാലം അവരെയെല്ലാം ഇളിഭ്യരാക്കാൻ അതെത്രയോ അധികമായിരുന്നു...!

ആ ഹ്രസ്വമായ അവധിക്കാലത്തെ മറ്റൊരു സുദിനത്തിൽ, സാംസൺ തലേന്നു രാത്രി കൂട്ടുകാർക്കു വാഗ്ദാനം നൽകിയതനുസരിച്ച് അതിരാവിലെതന്നെ അവരോടൊപ്പം തന്റെ ചെലവി

ലുള്ള പിക്നിക് യാത്രയ്ക്കിറങ്ങിത്തിരിച്ചു.

സുദീർഘമായ ആ വിനോദയാത്രയുമായി ബന്ധപ്പെട്ട് പ്രാധാന്യം നിറഞ്ഞ ഒട്ടേറെ സ്ഥലങ്ങളിലായുള്ള അവരുടെ സന്ദർശന സമയപരിധി അവർ വളരെ പരിമിതമായൊതുക്കിയെങ്കിലും കടലിന്റേയും കാഴ്ചബംഗ്ലാവിന്റേയും കാര്യത്തിൽ സാംസണിന്റെ ഭാഗത്തുനിന്നുണ്ടായ അമാന്തം ശ്രദ്ധിക്കാനിടയായ സുഹൃത്തുക്കളിൽ സുലൈമാൻ വെടിപ്പൊട്ടിച്ചു!

"ഓ... ന്റെ പൊന്നു ചെങ്ങായി ഒന്നു മതിയാക്ക്ണുണ്ടാ..., ഇതൊരുമാതിരി സ്ക്കൂളിലെ പിള്ളാരെപ്പോലെ!"

സുലൈമാനെ ഒരു ചെറുപുഞ്ചിരിയോടെ വിലക്കിക്കൊണ്ട് സുധീർ തുടർന്നു പറയുകയുണ്ടായി.

"ദേ സുലൈമാനേ, ആ പുള്ളിക്കാരനെ അങ്ങേരടെ ഇഷ്ടത്തിന് വിട്ടേയ്ക്ക്, നമ്മുടെ ഈ ടൂർ പരിപാടിയുടെ സ്പോൺസറാണെന്ന ഓർമ്മ വേണം, ഇല്ലെങ്കിൽ വഴീലെങ്ങാനം ഇറക്കിവിട്ടെന്നുവരും! വടിവേലു ഏതോ പടത്തിലെ ശൊന്നമാതിരി "അന്ത ഭയം ഇരുന്തിരുക്കണം. ജാഗ്രതൈ"

സാംസണിന്റെ താല്പര്യമറിഞ്ഞുകൊണ്ട് അവനോടൊത്ത് അതിനായി കുറച്ചു കൂടുതൽ സമയം ചെലവിടുകയും ചെയ്തു. മറ്റു പലതിന്റേയും കാഴ്ചകളെത്തുടർന്ന് അവരേവരും തിരികെപ്പോരുന്നേരം ഒരു റെസ്റ്റോറന്റിലെ സ്പെഷ്യൽ റൂമിൽ കയറി. ഓർഡർ ചെയ്ത ഭക്ഷണക്കാത്തിരിപ്പിനിടയ്ക്കുള്ള സമയം ഒട്ടും പാഴാക്കാതെ സുധീർ എന്ന സുഹൃത്ത് സാംസണോടൊരു ചോദ്യശരം തൊടുത്തുവിട്ടു:

"എടാ ചങ്കേ പുരോഗമനപരമായുള്ള ആദർശചിന്താഗതിക്കാരെന്ന നിലയിൽ നമ്മളൊറ്റക്കെട്ടായെടുത്ത പ്രധാനലക്ഷ്യത്തിന്റെ കാര്യത്തിൽ അനുകൂലപരമായ എന്തെങ്കിലുമൊരു തീരുമാനത്തിലെത്തിയോ? അതിന്റെ ലക്ഷണമൊന്നും ഇതേവരെയായി വെളിപ്പെട്ടു കണ്ടില്ല, അതാ ചോദിച്ചത്! "

"ങ്ഹാ...എടാ എടാ ഈ ചോദ്യത്തിന്റെ ധ്വനി എനിയ്ക്കു മനസ്സിലായി! നിങ്ങളെപ്പോലെ ജാതിയും മതവുമൊന്നും

നോക്കാതെ തീരെ പാവപ്പെട്ട കുടുംബത്തിലെ ഒരു പെൺകുട്ടിയെ എന്റെ ജീവിതസഖിയായി എനിക്കിന്നേവരെ കണ്ടെത്താൻ കഴിഞ്ഞില്ലല്ലോ എന്നു കളിയാക്കിക്കൊണ്ടുള്ള ഒരുതരം ആക്കലല്ലേ? തൽക്കാലത്തേയ്ക്ക് അതിനുവച്ച വെള്ളമങ്ങു വാങ്ങിവച്ചേയ്ക്ക്! ഞാനാണെങ്കിൽ അങ്ങിനെയൊന്നിനെ കണ്ടെത്തി വേണ്ടപ്പെട്ടവരുടെ അനുഗ്രഹാശിസ്സുകളോടെ നിങ്ങളുടെയൊക്കെ മുന്നിൽവച്ച് അന്തസ്സായി മിന്നുകെട്ടി പുടവയും കൊടുത്ത് കൂടെപൊറുപ്പിയ്ക്കാൻ അറിയാഞ്ഞിട്ടല്ല, പിന്നെ..."

എല്ലാവരും കേൾക്കെ, സുധീറിനോടുള്ള മറുപടിയായി അത്രയും പറഞ്ഞുനിർത്തിയ സാംസണോട് ഇക്ബാലെന്ന മറ്റൊരു സുഹൃത്ത് ഉൽകണ്ഠയോടെ വായ്ത്താരി തൊടുത്തുവിട്ടു.

"പിന്നെ? പിന്നെന്താണിഷ്ടാ പ്രശ്നം?ഒന്നു തെളിയിച്ചു പറയന്നേ...!"

"അങ്ങനെയങ്ങട് എടുത്തുചാടിപ്പുറപ്പെടാനൊന്നും പറ്റില്ല! അതിനൊക്കെ ചില കടമ്പകളുണ്ട്. തന്നെയുമല്ല, അതിനൊത്ത കാലതാമസവും!"

സാംസണിന്റെ വാക്കുകൾ കേട്ട് സിബി കളിയാക്കലോടെ ഇടപെട്ടുതുടങ്ങി:

"ദേ... ഇങ്ങേരെക്കൊണ്ട് അതിനൊന്നും കൊള്ളത്തില്ല, അതാ കാര്യം! ഇങ്ങേരൊരു..."

"ഒന്നു നിർത്തുന്നുണ്ടോ?..."

സിബി പറഞ്ഞു മുഴുമിപ്പിയ്ക്കുംമുമ്പേ അൽപം അമർഷത്തോടെ എല്ലാരും കേൾക്കെ സാംസൺ അവന്റെ നേർക്കുതിരിഞ്ഞു വികാരവിവശനായി താൻ മനസ്സിൽ അത്രയുംക്കാലം ആ സുഹൃത്തുക്കളെ അറിയ്ക്കാതെ കാത്തുസൂക്ഷിച്ചുപോന്ന രഹസ്യങ്ങളുടെ ചുരുളുകളഴിയ്ക്കാനൊരുങ്ങിയതാണ്. പക്ഷേ, പെട്ടെന്ന് തൽക്കാലം അതിനുപറ്റിയ അന്തരീക്ഷവും പരിസരവുമെല്ലെന്നോർത്തു സ്വമേധയാപിന്തിരിഞ്ഞു.

"ഇതേപ്പറ്റി നമ്മുടെ ക്വോർട്ടേഷ്സിൽ തിരിച്ചെത്തിയശേഷം എല്ലാം ഞാൻ വിശദമായി തുറന്നു പറയാം."

ഭക്ഷണശേഷം അവർ തങ്ങളുടെ മടക്കയാത്ര തുടർന്നു.

അവിടെയെത്തിയുള്ള അൽപ്പനേരത്തെ വിശ്രമത്തെത്തുടർന്ന് സാംസൺ കൂട്ടുകാരോടു വിശദീകരിച്ചുതുടങ്ങി:

"ഞാൻ നേരത്തെതന്നെ, സ്വന്തമായി എനിയ്ക്കൊരു തീരുമാനമെടുക്കണമെങ്കിൽ അതിനു ചില കടമ്പകളൊക്കെയുണ്ടെന്നു സൂചിപ്പിച്ചിരുന്നതാണ്! ഒന്നാമതായി കെട്ടിച്ചുവിടാനുള്ള രണ്ടു പെങ്ങന്മാരെനിയ്ക്കുണ്ട്! ഒരാവേശത്തിലങ്ങനെ മുന്നും പിന്നും ആലോചിയ്ക്കാതെ ഓരോരോ സാഹസങ്ങൾക്കായി രണ്ടും കൽപ്പിച്ചങ്ങട് എറങ്ങിത്തിരിച്ച് അവരെ കേവലം പരീക്ഷണവസ്തുക്കളാക്കരുതല്ലോ! അവരുടെ കാര്യത്തിലുള്ള ഉത്തരവാദിത്വം അച്ഛനമ്മമാരുടേയും മറ്റു കൂടപ്പിറപ്പുകളുടേയും തലയിൽ അടിച്ചേൽപ്പിച്ചുകൊണ്ടുള്ള ഒരു സാഹസത്തിനും ഞാനൊരുക്കമല്ല! രണ്ടാമത് എന്നെ വളർത്തി പഠിപ്പിച്ച് ഈയൊരു നല്ല ഉദ്യോഗപദവിയിലെത്തിച്ചതിന് അച്ഛനമ്മമാരുടെ ഭാഗത്തുനിന്നുമുണ്ടായ കഷ്ടപ്പാടുകൾക്കും പ്രാർത്ഥനകൾക്കും എന്തുപകരം വെയ്ക്കാൻ കഴിയുമെന്ന ആശയക്കുഴപ്പത്തിലാണു ഞാൻ! തന്നെയുമല്ല, പുതിയ വീടുപണിതതിന്റേയും അതുപോലെ വേറെ ചില ബാധ്യതകളുമൊക്കെയുണ്ട്.. അതു തീർക്കുന്ന കാര്യത്തിലും അവരിന്നേവരെ അന്യനാട്ടിൽ കഴിയുന്നവനാണെന്ന പരിഗണനയോർത്ത് ചില്ലിക്കാശുപോലും എന്നോടാവശ്യപ്പെട്ടിട്ടില്ലെങ്കിൽപോലും എനിക്കതിൽനിന്നും ഒഴിഞ്ഞുമാറാൻ പറ്റില്ല! എന്റെ മനഃസാക്ഷി അതിനൊട്ടനുവദിച്ചിട്ടുമില്ല! ജോലിയ്ക്കു ചേർന്നതിന്റെ ആദ്യശമ്പളം കൈപറ്റിയ അന്നുമുതൽ ഇന്നേവരേയ്ക്കും വീട്ടിലേയ്ക്കു മുടങ്ങാതെ പരമാവധി തുക ഞാനെത്തിയ്ക്കാറുമുണ്ട്!"

ഓ ഗോഡ് ഞാൻ പരിസരം മറന്ന് എന്തൊക്കെയോ...!

സത്യത്തിൽ.... സത്യത്തിൽ ഇതൊന്നും ഇവിടെ പറയേണ്ട കാര്യമല്ല! അയാം റിയലി സോറി! അവസാനമായി ഇക്കാര്യത്തിൽ എന്നെ സംബന്ധിച്ചിടത്തോളം വളരെയധികം ജാഗ്രത പുലർത്തേണ്ടതായ ഒരു കാര്യംകൂടി ഇവിടെ എടുത്തു പറയേണ്ടതായിട്ടുണ്ട്!"

അത്രയും പറഞ്ഞുനിർത്തി തൽക്കാലത്തേയ്ക്ക് ഒരു നിമിഷം മൗനം പാലിച്ചിരുന്ന സാംസണിനോട് മറ്റൊരു സുഹൃത്ത് ഉപേന്ദ്രസിംഗ് ആകാംക്ഷയോടെ ചോദിച്ചു:

എന്റു പറ്റി..., പറയൂ മിസ്റ്റർ

സാംസൺ! പ്ലീസ് എക്സ്പ്ലെയിൻ എബൌട്ട് ദ ബാലൻസ്!"

"നത്തിംഗ്! ആന്റ് ഐ ഹാവ് നോ പ്രോബ്ളം ടു ഗിവ് എനി ഫർദർ എക്സ്പ്ലനേഷൻസ് റിഗാഡിംഗ് ദിസ്! ഇത്രയും ഉത്തരവാദിത്വങ്ങൾ നിലനിൽക്കെ, അതുവകവയ്ക്കാതെ ജാതിയും മതവും സാമ്പത്തികസ്ഥിതിയുമൊന്നും നോക്കാതെ മനസ്സിനിഷ്ടപ്പെട്ട ഏതെങ്കിലുമൊരു പാവപ്പെട്ട പെൺകുട്ടിയുടെ ആശയ്ക്കു വകനൽകി അവളേയും ഒരു പരീക്ഷണവസ്തുവാക്കാൻ ഞാനൊരുക്കമല്ല! അതിനെത്ര കാത്തിരിയ്ക്കേണ്ടി വന്നാലും വേണ്ടില്ല, അതു കഴിഞ്ഞേ എന്റെ കാര്യത്തിലൊരു തീരുമാനമുണ്ടാകൂ!"

"ങ്ഹാ...മതി, അതുമതി! ഇയാൾക്കിഷ്ടപ്പെട്ട ലൌബേർഡിനെ ഏതായാലും നേരത്തെ കണ്ടുവച്ചിട്ടുണ്ടല്ലോ! ഞങ്ങളാരും ഒന്നും അറിഞ്ഞുകാണില്ലെന്നു കരുതി അല്ലേ, കൊച്ചുകള്ളൻ! ഒരു പെൺകൊച്ചുണ്ടല്ലോ..., ങ്ഹാ സൂസി! ആ കുട്ടി ആരാ..., ഏതാ..., എവിടത്തേയാ?"

സതീഷിൽനിന്നും അപ്രപ്രതീക്ഷിതമായുണ്ടായ വിരോധാഭാസം കലർന്ന ആ ചോദ്യശകലങ്ങൾ കേട്ട് സാംസൺ പകച്ചുനിന്നു!

" നാലഞ്ചുദിവസങ്ങൾക്കുമുൻപ് ആ പകലൊറക്കത്തിനിടയ്ക്ക് ഇങ്ങേരന്നു വലിടവായിൽ വിളിച്ചുകൂവിയതോർമ്മയുണ്ടോ? സൂസി...ന്ന്! പലനാളായി വിലസിയ ആ കള്ളനെ അന്നേരം മുതൽ ഞങ്ങൾ നോട്ടമിട്ടിരുന്നത് അറിയാതെപോയ പാവത്താൻ! ദേ... ആ സൂസിയെക്കുറിച്ചാഞങ്ങൾക്കറിയേണ്ടത്! മനസ്സിലയോ?"

സതീഷിന്റെ ചോദ്യശകലങ്ങളെ പിന്താങ്ങിക്കൊണ്ട് സാംസൺന്റെ നേർക്കുണ്ടായ വിരോധാഭാസകലർപ്പോടുകൂടിയ ആ ആരായൽ സെബാസ്റ്റിന്റേതായിരുന്നു!

ആ സന്ദർഭത്തിൽ പെട്ടെന്ന് സാംസൺന്റെ ഓർമ്മയിൽ അക്കാര്യം തെളിഞ്ഞു.

അവരുടെയെല്ലാം നേർക്ക് സാംസണിൽനിന്നുമുയർന്നത് ഒരു പൊട്ടിച്ചിരിയായിരുന്നു! അതേത്തുടർന്ന് അതിനുതക്കതായ വിശദീകരണം നൽകാൻ സാംസൺ മറന്നതുമില്ല.

"ഓ..., എന്റെ ദൈവമേ...! അപ്പോൾ അതായിരുന്നു കാര്യം! ഇത്രയൊക്കെയേ നിങ്ങളെന്നെക്കുറിച്ചു മനസ്സിലാക്കിയിട്ടർക്കാപ്പുറത്ത് സാംസണിൽ നിന്നുമുണ്ടായ അത്തരമൊരു പ്രതികരണത്തിൽ ആകെ ചൂളിപ്പോയ സുഹൃത്തുക്കലുടെ മുമ്പാകെ അയാൾ തന്റേതായ വിശദീകരണം തുടർന്നു.

"ഈ അടുത്തിടെ ഞാൻ നാട്ടിൽ ഒരു സുഹൃത്തിനെ കണ്ടുമുട്ടിയ അവസരത്തിൽ പുള്ളിക്കാരനെഴുതിയ കഥയുടെ തിരക്കഥയ്ക്കനുയോജ്യമായ പശ്ചാത്തലങ്ങളെക്കുറിച്ചു കൂടിയാലോചിക്കുകയുണ്ടായി. ആലോചന നീണ്ടുപോയതിനെത്തുടർന്ന് എനിയ്ക്കു ലീവുകഴിഞ്ഞു മടങ്ങിപ്പോരേണ്ട തിരക്കിൽ അധികം വൈകാതെയുള്ള എൻറ അടുത്ത വരവിൽ നമുക്കാലോചിച്ചു തീരുമാനിയ്ക്കാമെന്ന് ഞാനവനോടു പറഞ്ഞിരുന്നു. ങ്ഹാ, അക്കാര്യത്തെക്കുറിച്ചു ഞാൻ നമ്മുടെ ഉപേന്ദർജിയോടു പറഞ്ഞിട്ടുമുണ്ട്." അരേ ഉപേന്ദർജി... ഠീക്ക് ഹോ? "

"ങ്ഹാജീ... ബിൽക്കുൽ ഠീക്ക് ഹേ!"

"അന്നത്തെ ആ പകൽസ്വപ്നത്തിലെ കഥാപാത്രങ്ങളായ ഞാനും നേരത്തെ സൂചിപ്പിച്ച സുഹൃത്തുമായുണ്ടായ തുടർചർച്ചയോടനുബന്ധിച്ച് ഞാൻ എന്റെ മനസ്സിലൂടെ തെളിഞ്ഞുകാണാനിടയായ ആശയത്തെത്തുടർന്ന് കാഴ്ചബംഗ്ലാവിന്റെയും കടലിന്റെയും പശ്ചാത്തലങ്ങളെ കോളേജദ്ധ്യാപകനും കളിക്കൂട്ടുകാരനുമായിരുന്ന അദ്ദേഹത്തോട് ഒരാവേശത്തിൽ വിളിച്ചുകൂവിയതാണേ... "സുസീ..."ന്ന് ! പച്ചമലയാളത്തിൽ പറഞ്ഞാൽ "സൂ" എന്നത് കാഴ്ചബംഗ്ലാവും "സീ" എന്നത് കടലും എന്നാണു ഞാനുദ്ദേശിച്ചത്! നിങ്ങളൊക്കെക്കൂടി ഊതിപ്പെരുപ്പിച്ച കാര്യങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം ഇത്രയൊക്കെയേയുള്ളൂ."

സാംസണിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ട സുലൈമാന്റെയും സുധീറിന്റെയും ഓർമ്മയിൽ ഒരുപോലെ ആ ദൃശ്യം ഓടിക്കയറിയതിനെത്തുടർന്ന് അവർ പരസ്പരം വീക്ഷിച്ച് ഒരു നിമിഷം അന്തം വിട്ടു നിന്നു! വിനോദയാത്രാവേളയിൽ കാഴ്ചബംഗ്ലാവിന്റെയും കടലിന്റെയും കാഴ്ചയിൽ ജാഗരൂകനായിരുന്ന സാംസണിന്റെയും തങ്ങൾ ഇരുവരും ചേർന്ന് അയാളുടെ നേർക്കുനടത്തിയ കമന്റുകളെയും കോർത്തിണക്കിയ ദൃശ്യമായിരുന്നു അത്!

ഉപേന്ദ്രസിംഗിന്റെ അനുകൂലമായ മറുപടിയെത്തുടർന്ന് സാംസണിന്റെ ഭാഗത്തുനിന്നുമുണ്ടായ ആ വെളിപ്പടുത്തെലുകൾ ഒരു വിധത്തിൽ അവസാനിപ്പിക്കുമ്പോൾ തലയിൽ നിന്നും വലിയൊരു ഭാരം ഇറക്കി വച്ചതുപോലെ അനുഭവപ്പെട്ടു. തുടങ്ങിയ ആശ്വാസം അയാളിലൂടെ പ്രകടമായപ്പോൾ ആ സപുഹൃത്തുക്കളിൽ ഒരു വലിയ ചമ്മലായി അതു നിഴലിയ്ക്കുകയായിരുന്നു! ഏതോ ശപിയ്ക്കപ്പെട്ട നേരത്ത് ഒന്നും ആലോചിയ്ക്കാതെയുണ്ടായ എടുത്തുചാട്ടത്തിൽ തങ്ങളെല്ലാരിലൂടെയും ആ നല്ല സുഹൃത്തിനെക്കുറിച്ചെടുത്ത കണക്കുകൂട്ടലിന്റെ ഫലം അയാളുടെ മനസ്സിലൊരു വലിയ കരടായി പരിണമിച്ചത്, എങ്ങനെ അയാളിൽ നിന്നും ദൂരീകരിയ്ക്കാൻ കഴിയുമെന്ന ആശയക്കുഴപ്പത്തിൽ അവരൊന്നടങ്കം എത്തിച്ചരുകയായിരുന്നു!


# ദേവികൃഷ്ണ ട്രാവൽസ്

**കരുവിശ്ശേരി, കോഴിക്കോട്**

**ഫോൺ: 9539170505, 9387920470**

**സോമൻ സ്വാമി-കരുവിശ്ശേരി-കോഴിക്കോട്**

**ഫോൺ: 9539170505, 9387920470**

**ശബരിമല യാത്ര 2019**

**ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.**





ചെറുകഥ



ഹരീഷ് കൊമ്മേരി

# സുദിനാസ്തമനം



വഴിയോരക്കാഴ്ചകൾ പിന്നാമ്പുറങ്ങളിൽ പോയ് ഒളിക്കുമ്പോഴും ഉണ്ണിക്ക്യഷ്ണൻ മനസ്സിൽ തിടുക്കകടുക്കപൊട്ടിത്തിതറുകയായിരുന്നു.

"ടിക്കറ്റ്. ടിക്കറ്റ്"

കണ്ടക്ടറുടെ ശബ്ദം കേട്ടാണ് അവൻ സ്വപ്നത്തിൽ നിന്നും ഞെട്ടി ഉണർന്നത്.

കൈയ്യിൽ ആദ്യമേ ചുരുട്ടി പിടിച്ചിരുന്ന പത്തുരൂപ നോട്ട് ഉണ്ണികൃഷ്ണൻ കണ്ടക്ടർക്ക് കൊടുത്ത് ടിക്കറ്റ് വാങ്ങി. ബസ് സ്പീഡിൽ ഓടുകയാണ്.

"ഇവിടെ ഇറങ്ങണം."

ഉണ്ണികൃഷ്ണൻ വേഗത്തിൽ ബസിൽ നിന്നും ഇറങ്ങി ഓടുകയായിരുന്നു നേരത്തെകണ്ട ടെക്സറ്റെൽ ഷോപ്പിനടുത്തേക്ക്. അവിടെ വെളുത്തു മെലിഞ്ഞ ആ സുന്ദരികുട്ടിയെ ഒന്നുകൂടി കാണണം. പേര് ചോദിക്കണം. അനുജൻ ഗോപീകൃഷ്ണൻ പെണ്ണ് കൊട്ടിയല്ലോ. ഇനി പേടിക്കാനില്ല. തനിക്ക് ചേരുന്ന പെണ്ണ് തന്നെയിത്. അവൻ മനസ്സിലുറച്ചു.

അശ്വതി തുണിത്തരങ്ങൾ അടുക്കിവെക്കുന്ന തിരക്കിലായിരുന്നു.

ഉണ്ണികൃഷ്ണൻ ഷോപ്പിനുള്ളിലേക്ക് കയറി അവൻ അവളുടെ നയനങ്ങളിലേക്ക് നോക്കികൊണ്ട് പറഞ്ഞു. ഒരു തുവ്വാല വേണം.

"ഏതു നിറം വേണം"

അശ്വതി ലേശം പരിഭ്രമത്തോടെ ചോദിച്ചു. "മണ്ണുകളറുള്ളത് എടുത്തോളു."

ഉണ്ണികൃഷ്ണൻ ഹാങ്കറിൽ തൂക്കിയിട്ടിരിക്കുന്ന തുവ്വാല കുട്ടങ്ങളിലേക്ക് വിരൽ ചൂണ്ടി കൊണ്ട് പറഞ്ഞു. അവൾ ടവ്വൽ ഒരു ബ്രൗൺ പാക്കറ്റിലിട്ടുകൊണ്ട് മൊഴിഞ്ഞു.

"ഇരുപതുരൂപ."

ഉണ്ണികൃഷ്ണൻ പോക്കറ്റിൽ നിന്നും ഇരുപതുരൂപനോട്ട് എടുത്തു അവൾക്ക് നേരെ നീട്ടി പാക്കറ്റ് വാങ്ങി തിരിച്ച് നടക്കുന്ന തിനടയിൽ അവൻ അവളുടെ മുഖത്തേക്ക് നോക്കി വെറുതെ ചോദിച്ചു.

" എന്താപേര്?"

"ദീപ" അവൾ പറഞ്ഞു.

അതു നുണയായിരിക്കുമെന്ന് ബസിലിരുന്നുകൊണ്ട് ഉണ്ണികൃഷ്ണൻ ഓർത്തു.

ഗോപീകൃഷ്ണൻ വിവാഹം കഴിച്ചത് പ്രേമിച്ചാണന്നാണല്ലോ അമ്മ പറഞ്ഞത്. എന്തായാലും നന്നായി തനിക്കും പ്രേമിച്ച് വിവാഹം കഴിക്കാമല്ലോ?

ഉണ്ണികൃഷ്ണൻ തനിക്ക് ഇറങ്ങേണ്ട സ്റ്റോപ്പിൽ ബസ്സ് ഇറങ്ങി വീട് ലക്ഷ്യമാക്കി നടന്നു.

ഉണ്ണികൃഷ്ണനെ കണ്ടതും ലക്ഷ്മിക്കുട്ടിയമ്മ അവനെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു.

അവരുടെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ പൊഴിയുന്നുണ്ടായിരുന്നു.

അവർ പുഞ്ചിരിതൂകികൊണ്ട് നില്ക്കുന്ന ഉണ്ണികൃഷ്ണന്റെ ഇരുകവിളുകളിലും കൈകൾകൊണ്ട് പൊത്തിപ്പിടിച്ചുകൊണ്ട് ചോദിച്ചു:

എന്തേ മോനെ നീ ഒരു കത്തുപോലും ഇടാതെ..."

ഗോപി വിവാഹം കഴിച്ചു എന്ന് ഞാനറിഞ്ഞു. അവന്റെ പെണ്ണിനെ കാണാൻ ഞാൻ ജോലി പോലും ഉപേക്ഷിച്ചു പോന്നതാ. എവിടെ അമ്മേ അമ്മയുടെ മരുമകൾ. എനിക്ക് കാണാൻ ധൃതിയായി.

പെട്ടെന്ന് ലക്ഷ്മികുട്ടിയമ്മയുടെ മുഖംമാറി.

ദേഷ്യത്തോടെ അവർ പറഞ്ഞു: "അവളോ. അവൾ വല്യ ഉദ്യോഗസ്ഥയല്ലേ?. ഉദ്യോഗം കഴിഞ്ഞ് ഇപ്പോൾ വരും."

അതും പറഞ്ഞ് ലക്ഷ്മികുട്ടിയമ്മ ഉണ്ണകൃഷ്ണന്റെ കൈപിടിച്ചുകൊണ്ട് അകത്തേക്ക് നടന്നു.

സമയം ആറ് മണിയോടടുത്തിരിക്കുന്നു.

മുറ്റത്ത് പാദസ്വരകിലുക്കം കേട്ടുകൊണ്ടാണ് ഉണ്ണികൃഷ്ണൻ ഉണർന്നെഴുന്നേറ്റത്.

അവൻ ആരാണെന്നറിയാൻ പൂമുഖത്തേക്ക് നോക്കി.

അത് അവളായിരുന്നു.

അശ്വതി.

ഉണ്ണികൃഷ്ണൻ സ്തംബ്ദനായി നിന്നുപോയി.

തന്റെ പെണ്ണ്. തന്റെ മനസ്സിൽ എന്നോ വരച്ചിട്ട മുഖം.

ഉണ്ണികൃഷ്ണന് തന്റെ കണ്ണകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

അപ്പോഴേക്കും അടുക്കളയിൽനിന്നും അമ്മയുടെ ശബ്ദം ഉയർന്നു.

"ഓ... വന്നല്ലോ ഉദ്യോഗസ്ഥ. ഇന്ന് ലേശം നേരത്തെയാണല്ലോ."

ഉണ്ണകൃഷ്ണൻ ഇടിവെട്ട് ഏറ്റവനെപ്പോലെ തരിച്ചുനിന്നു.

തന്റെ സുദിനം അസ്തമിക്കുകയാണോ? ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri, P.B. 1205, Mankave P. O, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.


RG Motors
HERO ELECTRIC SCOOTER SALES & SERVICE
Room No. 1/3385B, East Hill Road
Chakorathkulam, Kozhikode
Mob : 9895874224, 9072367776
HERO electric
Average Running Cost in 5 years with 60ps/Km
3 Years Warranty (on Bike & Battery)
Super Silent
No Petrol, No Pollution, Safe Speed, Easy to Ride
പെട്രോൾ ആവശ്യമില്ല ഫൈനാൻസ് ലഭ്യമാണ് പുകശല്യമില്ല
Royal Garage
ROYAL ENFIELD SERVICE CENTRE
Room No. 1/3385B, East Hill Road
Chakorathkulam, Kozhikode
Mob : 9072367776, 9895874224
• Bullet Service
• Graphics & Spares
• Customisation
• Accessories
• Painting
ROYAL ENFIELD
SASTHA CAR A/C
Fitting / Repair
KOTTARAM ROAD JN., OPP. SKY LINE, NADAKKAVU, KOZHIKODE
MOB : SHAIJU 9847442387, 9061032387
THANKAM ARTS
Industrial & Hoarding Work
എല്ലാവിധ ഇൻസ്ട്രിയൽ വർക്കുകളും ബോർഡ് വർക്കുകളും ചെയ്തുകൊടുക്കുന്നു.
NEAR KALIPOYKA, KOTTOOLI, KOZHIKODE
MOB : SHINOJ 9387647601
എം.പി.എസ്. വുഡ്‌വർക്സ്
കോഴിക്കോട് – PH : 9946530429, 7907805258
വാതിൽ കട്ടില, ജനവാതിൽ, ഡോർ, അലമാര, കട്ടിൽ, ഡൈനിംഗ് ടേബിൾ, ചെയർ
എല്ലാവിധ മരപ്പണികളും ചെയ്തുകൊടുക്കുന്നു.
കൂടാതെ കിച്ചൺകബോഡ്, പ്ലൈവുഡ് വർക്കുകളും ചെയ്തുകൊടുക്കുന്നു.
1600 രൂപയ്ക്ക് ജനവാതിൽപൊളി : ഇരൂൾ മരം, ഗ്ലാസ്സ്, വിജാവിരി
കുറ്റി, കൊളുത്ത്, പണിക്കൂലി, ഫിറ്റിംഗ് ഉൾപ്പെടെ

# M/S KRISHNA

## METER SERVICE




**13/585 - B4, Near Apsara Theatre,**
**Calicut - 673 002**
**Ph: 2702760, Mob: 9447337908**



**We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters**

**Dealers in Smart Electronic fare meter for Auto & Call Taxi**

# SOBHA INDUSTRIES

Mooriyad, P.O. Chalappuram, Kozhikode-673 002
Ph : Mohandas T-9846235836, 9544475340, 9746591263
sobhaindustries3g@gmail.com
www.sbscalicut.com



**Manufacture of Centering Equipments, Adjustable Prop Span, Centering Sheet, Column Box, Scafolding Etc.**

Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.